# Government Arts & Science College

# RESEARCH JOURNAL

Vol. 11. Issue: 1, January 2021

Exclusion
Marginalisation
Dispossession

**Editor: Dr. Sheeba Divakaran**

Government Arts & Science College,
Kozhikode

Government Arts & Science College

# RESEARCH JOURNAL.

(Bi-annual)

Vol. 11. Issue: 1, January 2021

**ISSN: 2277-4246**

**Peer Reviewed**

## Advisory Board

Dr. K. N. Panikkar
Dr. T. P. Kunhikannan
Dr.C. R. Rajagopalan
Dr. Ajay S. Sekhar
Dr. M. R. Raghava Varier
Dr. T. B. Venugopala Panikkar
Dr. R. Sethunath

## Editorial Board

Dr. C. Radhamani
Dr. Sreejith K.
Dr. M. Narayanan
Dr. Suresh Babu P. A.
Dr. Sravana K.
Ragi K. R.
Aysha V. N.

## Managing Editor

Dr. Edakkotte Shaji,
Associate Professor, In charge of Principal.

## Editor

Dr. Sheeba Divakaran

This publication is funded by a generous grant from the Parent and Teachers Association - 2020 - 21, GASC Kozhikode. Reg. No: Dl.49489/2007.

© All rights reserved. No parts of this publication may be reproduced, stored in a retrieval system or transmitted in any form or by any means, electronic, mechanical, photocopying, recording or otherwise, without prior permission of the authors. The authors are responsible for the views expressed in their articles.

Journal typeset in LaTeX by Chembakam Digital Solutions, Mahe.

Cover Design: P. R. Rajan

Published by Dr. Edakkotte Shaji,

Associate Professor, In charge of Principal, Govt. Arts & Science College.

# CONTENTS

Foreword
Dr. Edakkotte Shaji .......................................... 5

ആമുഖം - പ്രാന്തവത്കരണത്തിന്റെ ബഹുരൂപമാനങ്ങൾ
ഡോ. ഷീബാദിവാകരൻ .......................................... 7

വിവേചനരഹിതവിദ്യാഭ്യാസം - ഒരു കേരളീയാനുഭവം
ഡോ. ശ്രീജിത്ത്. ഇ. .......................................... 15

നിഗൂഢതയുടെ ഒടിസൂചിക
ഡോ. എം. ബി. മനോജ് .......................................... 31

ആത്മം, ആഖ്യാനം: വ്യക്തിരാഷ്ട്രീയത്തിന്റെ വഴികൾ
രവി കെ. പി. .......................................... 42

പിന്നാമ്പുറസിനിമ
ഡോ. ആർ. വി. എം. ദിവാകരൻ .......................................... 50

സമുദായം: ആധുനികതാവ്യാഖ്യാനങ്ങൾ
ഭുവനേശ്വരി കെ. പി. .......................................... 67

മക്തി തങ്ങളുടെ ഗദ്യഭാഷയും കോളനിയധികാരവും
ഹിലാൽ അഹമ്മദ് സി. സി. .......................................... 76

Hurtful Past and Haunting Memories:
Rummaging through Sasanka Perara's Warzone Tourism in Sri Lanka:
Tales from Darker Place in Paradise
Dr. Anuja Raj .......................................... 87

Bonds and Linkages – Exploring the Life and Times of the Kumbharan
Aravindh P. & Dr. S. Harikumar .......................................... 93

Mystique of Stardom and Making of a Celebrity
Indu M. S. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 112

Education and Upward Social Mobility:
A Study of Malayalam Novel
Manu Madhav . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .117

The Subaltern Voice of The Mahabharata-Hidimba
Puja Sarkar . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 131

Role of Digital Media Advertising on Healthcare
Awareness and Behavioural Changes in Public in India
during Covid-19 Pandemic
Shamshana V. C. & Dr. Sravana K. . . . . . . . . . . . . . . . . . . . . . . . . . . . . . . 148

संविधान, अधिकार और दलित कविता
डॉ. प्रमोद कोवप्रत . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 164

एल. जी. बी. टी. क्यू एवं मानवाधिकार से वंचित किन्नर तीसरी ताली के विशेष संदर्भ में ।
डॉ. प्रिया. पी. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 174

ट्रांसजेंडरों की हाशियेकृत ज़िंदगी पर एक नज़र
डॉ. राधामणि. सी . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 180

'अक्षयवट' में चाणक्य – पुनर्विचार
डॉ. ऐडा मानुवेल . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 189

**Book Review**

എതിർപ്പിലൂടെ
ഡോ. ഷീബാദിവാകരൻ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .193

List of Contributors . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 204

# Foreword

It's my great pleasure to present to you the 11 th issue of the Research Journal (Language and Humanities) of Govt. Arts & Science College, Calicut. This issue discusses the theme of Exclusion, Marginalisation and Dispossession. It contains research papers on various aspects of the themes from various disciplines of languages and humanities. Another speciality of the issue is that it is trilingual. I hope the issue would be a meaningful intellectual exercise which is useful to the academic community and the general reading public.

**Dr. Edakkotte Shaji**
**Associate Professor in charge of Principal**
**Kozhikode**
**30.1.2021**

# ആമുഖം

## പ്രാന്തവത്കരണത്തിന്റെ ബഹുരൂപമാനങ്ങൾ

അമേരിക്കയിലെ ബ്ലാക്ക് ഫെമിനിസത്തിന്റെ മുൻനിരക്കാരിലൊരാളും ഇംഗ്ലീഷ് പ്രൊഫസറും ഗ്രന്ഥകാരിയും ആക്ടിവിസ്റ്റുമായ ബേൽ ഹുക്സ് എന്ന ഗ്ലോറി ജീൻ വാട്കിൻസിന്റെ 1984-ൽ പുറത്തുവന്ന ഫെമിനിസ്റ്റ് തിയറി ഫ്രം മാർജിൻ ടു സെന്റർ എന്ന ഗ്രന്ഥത്തിന്റെ ആമുഖത്തിൽ പ്രാന്തീയാവസ്ഥയെക്കുറിച്ചുള്ള - മാർജിനാലിറ്റി - തന്റെ ആശയം അവർ ഇങ്ങനെ അവതരിപ്പിച്ചു: 'പ്രാന്തസ്ഥമായിരിക്കുക എന്നത് സമൂഹസാകല്യത്തിന്റെ ഭാഗമായിരിക്കുക എന്നതുതന്നെയാണ്. പക്ഷേ, സമൂഹഗാത്രത്തിന്റെ മുഖ്യഭാഗത്തിനുപുറത്താണ് പ്രാന്തീയവിഭാഗങ്ങളുടെ സ്ഥാനം. കെന്റക്കിയിലെ ഒരു ചെറുപട്ടണത്തിൽ ജീവിക്കുന്ന ഞങ്ങളുടെ പ്രാന്തസ്ഥതയെ അവിടുത്തെ തീവണ്ടിപ്പാത ഓർമ്മപ്പെടുത്തിയിരുന്നു. റെയിൽപ്പാളത്തിന് അങ്ങേപ്പുറം ചേതോഹരമായ തെരുവീഥിയും ഞങ്ങൾക്ക് പ്രവേശിക്കാൻ അനുവാദമില്ലാത്ത കടകളും ഭക്ഷണശാലകളും നേരെ മുഖത്തേക്ക് നോക്കാൻപോലും കഴിയാത്ത ആളുകളും ഉണ്ടായിരുന്നു. ആ ലോകത്ത് ഞങ്ങൾക്ക് വീട്ടുജോലിക്കാരായും വാതിൽകാവൽക്കാരായും അഭിസാരികകളായും പ്രവർത്തിക്കാനുള്ള അനുവാദം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ ലോകത്തേക്ക് കടന്നുചെല്ലാൻ ഞങ്ങൾക്ക് കഴിയും. എന്നാൽ അവിടെ വസിക്കാൻ പറ്റുമായിരുന്നില്ല. ഞങ്ങൾക്ക് എല്ലാ ദിവസവും പ്രാന്തത്തിലേക്കുതന്നെ തിരിച്ചുപോകേണ്ടിയിരുന്നു; റെയിൽപ്പാതമുറിച്ചുകടന്ന് പട്ടണവക്കത്തുള്ള താൽക്കാലികഷെഡ്ഡുകളിലേക്കും ആളുകൾ ഉപേക്ഷിച്ചുപോയ ഇടിഞ്ഞുവീഴാറായ വീടുകളിലേക്കും ഞങ്ങൾ തിരികെ പോകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നിയമങ്ങളുമുണ്ടായിരുന്നു. തിരിച്ചുപോയില്ലെന്ന് കണ്ടെത്തിയാൽ ശിക്ഷ ഉറപ്പായിരുന്നു. പട്ടണവക്കിൽ ജിവിക്കവേ നിത്യജീവിതയാഥാർത്ഥ്യത്തെ ഒരു പ്രത്യേകരീതിയിൽ കാണുന്ന സ്വഭാവവിശേഷം ഞങ്ങൾ വളർത്തിയെടുത്തു. ഞങ്ങൾ ആ ലോകത്തെ പുറത്തുനിന്ന് അകത്തേക്കും അതിനുള്ളിലുള്ളപ്പോൾ അകത്തുനിന്ന് പുറത്തേക്കും വീക്ഷിക്കുമായിരുന്നു. ഈ വിധത്തിലുള്ള സൂക്ഷ്മനോട്ടം സമൂഹശരീരം കേന്ദ്രവും പ്രാന്തവും ചേർന്ന് നിർമ്മിക്കപ്പെട്ടതാണെന്ന് ഞങ്ങളെ നിത്യേന ഓർമ്മിപ്പിച്ചു.'

ബെൽ ഹുക്സ് തുടരുന്നു: ‘ഞങ്ങളുടെ അതിജീവനം തൂങ്ങിക്കിടന്നത് കേന്ദ്രവും പ്രാന്തവും തമ്മിലുള്ള വേർതിരിവിനെക്കുറിച്ചുള്ള പൊതു അവബോധത്തെയും ഞങ്ങൾ സമൂഹസാകല്യത്തിന്റെ അവശ്യവും അനിവാര്യവുമായ ഘടകമാണെന്നുള്ള സ്വകാര്യ യാഥാർഥ്യത്തിന്റെ സ്വീകാരത്തെയും ആശ്രയിച്ചായിരുന്നു. ഞങ്ങളുടെ നിത്യജീവിതത്തിന്റെ ഘടനയെക്കുറിച്ചുള്ള ബോധം ഒരു എതിർലോകവീക്ഷണം ഉണ്ടാക്കിയെടുത്തു. ഞങ്ങളുടെ മിക്ക ചൂഷകർക്കും മർദ്ദകർക്കും അറിവില്ലാതിരുന്ന ഈ ദർശനരീതിയാണ് ഞങ്ങളെ പുലർത്തിയതും ഇല്ലായ്മയെയും ഇച്ഛാഭംഗത്തെയും മറികടക്കാനുള്ള കഠിനയത്നത്തിൽ തുണച്ചതും ഞങ്ങളുടെ വ്യക്തിസത്താബോധത്തെയും ഐക്യദാർഢ്യത്തെയും സുദൃഢമാക്കിയതും. അതുകൊണ്ടാണ് ഞാൻ പറയുന്നത്, പ്രാന്തസ്ഥമായിരിക്കുക എന്നത് വെറും അരുക്കാക്കലും ഇല്ലായ്മയും ചൂഷണവും വിവേചനവും അടിച്ചമർത്തലും മാത്രമല്ല, അത് റാഡിക്കലായ സാധ്യതകളുടെ സ്ഥാനവും ചെറുത്തുനില്പിന്റെ സ്ഥലിയുമാണ് എന്ന്. പ്രാന്തസ്ഥാനം ഇതരമാർഗ്ഗങ്ങളെക്കുറിച്ചും പുതിയ ലോകങ്ങളെപ്പറ്റിയും വിഭാവനം ചെയ്യാനുള്ള പഴുതുകൾ തുറന്നുതരുന്നു.’

അമേരിക്കയിലെ വർണ്ണ/വംശീയവിവേചനത്തിനെതിരെ കറുത്ത വർഗക്കാരായ ആഫ്രിക്കനമേരിക്കക്കാർ ഉയർത്തിയ ശക്തമായ മുദ്രാവാക്യങ്ങളിലൊന്ന് ‘ഞങ്ങളുടെ പോരാട്ടം മറവിക്കെതിരെയുള്ള ഓർമ്മയുടെ സമരമാണ്’എന്നതായിരുന്നു. സംസ്കാരപാഠങ്ങളായ ചലച്ചിത്രങ്ങളും ബ്ലാക്ക് ലിറ്ററേച്ചറും വിമർശനാത്മകസിദ്ധാന്തങ്ങളും അവർ ഇതിനായി ഉപയോഗപ്പെടുത്തി. മറ്റൊരു വിധത്തിൽപറഞ്ഞാൽ, ഓർമ്മയുടെ രാഷ്ട്രീയവത്കരണമാണ് അവർ നടത്തിയത്. കേരളത്തിൽ പൊയ്കയിൽ അപ്പച്ചൻ തിക്തവും നിഷ്ഠുരവുമായ അടിമത്തഭൂതകാലത്തെക്കുറിച്ചുള്ള ഓർമ്മകൾ പലമട്ടിൽ പുനരാവിഷ്കരിക്കുകയും അങ്ങനെ തന്റെ ജനതയുടെ അടിമത്തകാലഘട്ടത്തിന്റെ സ്മൃതികളെ രാഷ്ട്രീയവത്കരിക്കുകയുമായിരുന്നു ചെയ്തത് എന്ന പരാമർശം ഈയവസരത്തിൽ ഓർക്കാം. സനൽമോഹൻ മോഡേണിറ്റി ഓഫ് സ്ലേവറി എന്ന ഗ്രന്ഥത്തിൽ ഇക്കാര്യം സവിസ്തരം പ്രതിപാദിക്കുന്നുണ്ട് (Modernity of Slavery: Struggles Against Caste Inequality in Colonial Kerala, 2015). ഇങ്ങനെ ഭൂതകാലത്തെ വീണ്ടെടുത്തും പീഡയുടെയും യാതനയുടെയും പൈതൃകത്തെ

ഓർമ്മിപ്പിച്ചും വർത്തമാനയാഥാർത്ഥ്യത്തെ പരിവർത്തിപ്പിച്ച് ഒരു സാമൂഹ്യഇടം സൃഷ്ടിക്കുകയാണ്, പ്രാന്തീയവിഭാഗങ്ങളിൽ ഏകോപിത ജനനീക്കത്തിന് പ്രാപ്തിയുള്ളവർ ചെയ്തത്.

ഫ്രഞ്ച് ദാർശനികനും സമൂഹശാസ്ത്രജ്ഞനുമായ പിയർ ബോർദ്യൂ (1930-2002) പ്രാന്തവൽക്കരണത്തെ നേരിട്ട് പ്രശ്നവത്കരിച്ചിട്ടില്ലെങ്കിലും അതിനെ വിശ്ലേഷണം ചെയ്യാനുള്ള ചില അടിസ്ഥാന സങ്കല്പങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. തന്റെ ശ്രദ്ധേയകൃതികളിലൊന്നായ ഉത്കർഷത്തിൽ (Distinction), സമൂഹസ്ഥലി (Social space) എന്ന സങ്കല്പവും ഈ സാമൂഹിക ഇടത്തിൽ ഓരോ വ്യക്തിക്കുമുള്ള സ്ഥാനം (space) എങ്ങനെ അതതുവ്യക്തികളുടെ അനുഭവമണ്ഡലത്തെയും ജീവിതാവസരങ്ങളെയും സൗകര്യങ്ങളെയും കരുപ്പിടിപ്പിക്കുന്നു എന്നതുമാണ് ബോർദ്യൂവിന്റെ അന്വേഷണവിഷയം. അധികാരത്തെയും അസമത്വത്തെയും സംബന്ധിച്ച ഭൗതികവാദപരമായ ധാരണകളിൽനിന്ന് ഭിന്നമായി സാസ്കാരികമൂലധനം, സാമൂഹികമൂലധനം, പ്രതീകാത്മക മൂലധനം എന്നീ നവസങ്കല്പനങ്ങൾ ബോർദ്യൂ മുന്നോട്ടുവെക്കുന്നു. അധികാരവും മേധാവിത്തവും കൈവരുന്നത് ഭൗതികവിഭവങ്ങളിലൂടെ, അതായത് സാമ്പത്തികമൂലധനത്തിലൂടെ മാത്രമല്ലെന്നും അതിൽ സാംസ്കാരികവും സാമൂഹികവുമായ സമ്പത്തുകളുടെ ഉടമസ്ഥത ഒട്ടും അഗണ്യമല്ലാത്ത പങ്ക് വഹിക്കുന്നുണ്ടെന്നും വിപുലമായ പഠനത്തിലൂടെ ബോർദ്യൂ സ്ഥാപിച്ചു. ഏത് രൂപത്തിലുള്ള മൂലധനമായാലും അതിന്റെ മൂല്യം ഭാഗികമായെങ്കിലും ആശ്രയിച്ചിരിക്കുന്നത് അതിൽനിന്നു ലഭിക്കുന്ന സാമൂഹിക അംഗീകാരത്തെയാണ്. ഇവിടെയാണ് പ്രതീകാത്മകമൂലധനത്തിന്റെ പ്രസക്തി.

ഇന്ത്യയിലെ ഒരു ഉന്നതജാതിയിൽപിറന്ന പെണ്ണിനെയോ ആണിനെയോ സംബന്ധിച്ചിടത്തോളം ജാതിതന്നെ ഘനമുള്ള സാംസ്കാരികമൂലധനമാണ്. അവർണ്ണജാതികളിൽപ്പെട്ടവർക്ക് അങ്ങനെയല്ല. സാമൂഹികസ്ഥലിയിൽ വ്യക്തികളുടെ വസ്തുനിഷ്ഠസ്ഥാനം നിർണ്ണയിക്കുന്നതിൽ സാമ്പത്തികമൂലധനത്തോടൊപ്പം സാംസ്കാരികവും സാമൂഹികവുമായ മൂലധനരൂപങ്ങളും ഗണ്യമായ പങ്കു വഹിക്കുന്നു. പ്രാന്തസ്ഥാനീയർക്ക് പൊതുവിൽ സാംസ്കാരിക-സാമൂഹികമൂലധനം തുലോം തുച്ഛമായിരിക്കും. ഒരേ സാമൂഹികനിലയിൽ വിന്യസിക്കപ്പെട്ടവർക്കിടയിൽ ഒരു

പ്രത്യേകതരം ഒന്നിച്ചുചേരൽ പ്രവണതയുണ്ടാവുക സ്വാഭാവിക മാണ്. ഈ 'ഗ്രൂപ്പ്നെസ്'' വർഗ്ഗബോധത്തിൽനിന്ന് എങ്ങനെ വ്യത്യസ്തമാണ് എന്ന കാര്യത്തിലേക്കൊന്നും വിസ്തരഭയംകാര ണം കടക്കുന്നില്ല.

സമൂഹകേന്ദ്രത്തിൽ അനുഭവവേദ്യമായ അധികാരത്തിൽ നിന്നും പ്രത്യേകാനുകൂല്യങ്ങളിൽനിന്നും പുറന്തള്ളപ്പെട്ടവരും പ്രാന്തത്തിലേക്ക് ഒതുക്കപ്പെട്ടവരുമാണ് പ്രാന്തീയജനവിഭാഗ ങ്ങൾ. മുഖ്യധാരയിലെ ഉത്പാദനപ്രവർത്തനത്തിൽനിന്നും സാമൂഹികപ്രത്യുല്പാദനപ്രവൃത്തികളിൽനിന്നും സാമാന്യേന പുറ ത്താണ് പ്രാന്തവത്കൃതജനവിഭാഗങ്ങളുടെ സ്ഥാനം.

പ്രാന്തവത്കരണം ബഹുവിധമാനങ്ങൾ ഉള്ളതും ബഹുവി ധകാരണങ്ങൾ ഉള്ളതുമായ ചരിത്രപ്രതിഭാസമാണ്. പ്രാന്ത വത്കൃതാവസ്ഥയുടെ സങ്കീർണപ്രകൃതം കൊണ്ടുതന്നെ അതു മനസ്സിലാക്കാനും അപഗ്രഥിക്കാനും വിശദീകരിക്കാനും പൊ തുനിയമങ്ങളോ പൊതുസിദ്ധാന്തങ്ങളോ ഇല്ല. വർഗ്ഗം, ജാതി, ലിംഗപദവി, മതം, സമുദായം, വർണ്ണം എന്നിത്യാദി സംവർഗ്ഗ ങ്ങളുടെ അടിസ്ഥാനത്തിൽ ഉണ്ടാകുന്ന പ്രാന്തവത്കരണത്തെ ഗ്രഹിക്കാനും വിശകലനം ചെയ്യാനും പലരും പലവിധത്തിലുള്ള അപഗ്രഥനരീതികളും അപഗ്രഥനസാമഗ്രികളുമാണ് ഉപയോഗി ക്കുന്നത്.

കോഴിക്കോട് ഗവ. ആർട്സ് സയൻസ് കോളേജിലെ ഈ വർഷത്തെ റിസർച്ച് ജേണലിന്റെ പ്രമേയം പ്രാന്തവത്കരണമാ ണ്. ഇതിൽ നമ്മുടെ സമൂഹത്തിലെ പ്രാന്തവത്കരണത്തിന്റെ വ്യ ത്യസ്തരൂപങ്ങളെക്കുറിച്ചാണ് വ്യത്യസ്തപരിപ്രേക്ഷ്യത്തിൽ ഗവേഷ കർ തങ്ങളുടെ കാഴ്ചപ്പാട് അവതരിപ്പിച്ചിരിക്കുന്നത്. മലയാളം, ഇം ഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിലെ പ്രബന്ധങ്ങളടങ്ങിയ ത്രിഭാഷാ ജേണലായാണ് ഈ പതിനൊന്നാം ലക്കം റിസർച്ച് ജേണൽ വി ഭാവനം ചെയ്തിരിക്കുന്നത്. പതിനാറ് പ്രബന്ധങ്ങളും ഒരു പുസ്തക നിരൂപണവുമാണ് ഈ സമാഹാരത്തിൽ ഉൾച്ചേർത്തിരിക്കുന്നത്.

'വിവേചനരഹിതവിദ്യാഭ്യാസം: ഒരു കേരളീയാനുഭവം' എന്ന പ്രബന്ധത്തിൽ ഡോ. ശ്രീജിത്. ഇ പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളി ലുമായി അധഃസ്ഥിതവിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ

അവകാശങ്ങൾക്കുവേണ്ടിനടന്ന സുദീർഘമായ ആലോചനകളെയും പ്രവർത്തനങ്ങളെയും വിലയിരുത്തുന്നു. ഒടിയൻ എന്ന മിത്തിനെ അടിസ്ഥാനപ്പെടുത്തി രാജേഷ് മോൻജി രചിച്ച 'ഒടിസൂചിക' എന്ന നീണ്ടകഥയെ മലബാറിലെ ബഹുജനസമൂഹങ്ങൾ ഉയർത്തിക്കൊണ്ടുവന്ന പ്രതിരോധങ്ങളുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുകയാണ്, ഡോ. എം. ബി. മനോജ് 'നിഗൂഢതയുടെ ഒടിസൂചിക' എന്ന പ്രബന്ധത്തിൽ.

ആധുനികാനന്തര കേരളീയപൊതുസമൂഹത്തെ ആന്തരികമായി നവീകരിക്കാനുള്ള പലശ്രമങ്ങൾനടത്തിയ വ്യക്തിയായിരുന്നു, കല്ലേൻ പൊക്കുടൻ. ആധുനികാനന്തരകേരളത്തിന്റെ പാരിസ്ഥിതിക ജാഗ്രതയുടെ ജ്വലിക്കുന്ന പേരായി കല്ലേൻ പൊക്കുടൻ സ്ഥാനപ്പെട്ടതിന്റെ സാംസ്കാരിക-രാഷ്ട്രീയ ചരിത്രത്തെ വിശകലനം ചെയ്യുകയാണ്, 'ആത്മം, ആഖ്യാനം: വ്യക്തിരാഷ്ട്രീയത്തിന്റെ വഴികൾ' എന്ന പ്രബന്ധത്തിൽ രവി. കെ. പി. മൂലധനത്തിന്റെ അപര്യാപ്തതകൊണ്ടുമാത്രം സിനിമയിൽ ഇടപെടാൻ കഴിയാതെ പ്രാന്തവൽക്കരിക്കപ്പെട്ടുകഴിഞ്ഞിരുന്ന സ്ത്രീകൾ, കറുത്തവർ, ആദിവാസികൾ, ക്വീർ വിഭാഗങ്ങൾ, ഗ്രാമവാസികൾ എന്നിങ്ങനെ വലിയൊരു വിഭാഗം, സിനിമയുടെ വെളുത്തപുരുഷന്റെ ഹെട്രോനോട്ടത്തിന് കീഴ്പ്പെട്ട് പ്രതിനിധാനപരമായിമാത്രം, സിനിമയിൽ അടയാളപ്പെട്ടുപോന്നുവെന്ന്, പ്രതിനിധാനത്തിനപ്പുറം അത്തരം കർതൃത്വങ്ങൾ സിനിമയിലുണ്ടാവുന്നതിന്റെ സൂചനകൾ അന്വേഷിക്കുന്ന, ഡോ. ആർ. വി. എം. ദിവാകരന്റെ 'പിന്നാമ്പുറസിനിമ' എന്ന പ്രബന്ധം നിരീക്ഷിക്കുന്നു.

'സമുദായം: ആധുനികതാവ്യാഖ്യാനങ്ങൾ' എന്ന ലേഖനത്തിൽ ഭുവനേശ്വരി കെ. പി. ആധുനികതയുടെ സങ്കല്പനങ്ങളിലൂടെ സമുദായത്തെ വിശകലനം ചെയ്യുന്നു. സമുദായം, രൂപീകരണം, നിർമ്മിതി, സമുദായവാദം എന്നീ പരിപ്രേക്ഷ്യങ്ങളെ ആലോചനയ്ക്ക് വിധേയമാക്കുന്ന ഈ പ്രബന്ധം കേരളീയ പൊതുമണ്ഡലത്തിലേക്കുള്ള കീഴാളസമുദായങ്ങളുടെ ദൃശ്യതയുടെ ചരിത്രം പങ്കുവെക്കുന്നു. കൂട്ടായ്മകൾ, വ്യക്തികൾ എന്നിവയുമായി ബന്ധപ്പെട്ട ചരിത്രസാംസ്കാരിക അവബോധത്തെ വർത്തമാന രാഷ്ട്രീയവുമായി ചേർത്ത് വിശകലനംചെയ്യുന്ന ഗവേഷക.

കേരളീയ മുസ്ലിം നവോത്ഥാനത്തിന്റെ ആദ്യപേരുകളിൽ ഒന്നാണ് സയ്യിദ് സനാഉല്ലാ മക്തിതങ്ങൾ. അറബിമലയാളത്തിൽനിന്ന് മലയാള ലിപിയിലേക്കുള്ള അദ്ദേഹത്തിന്റെ ചുവടുമാറ്റം കേവലം സാങ്കേതികമല്ല എന്നും ഭാഷയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അവബോധത്തിന്റെ ഫലമായിരുന്നു എന്നും തെളിയിക്കുകയാണ് 'മക്തിതങ്ങളുടെ ഗദ്യഭാഷയും കോളനിയധികാരവും' എന്ന പ്രബന്ധത്തിൽ ഹിലാൽ അഹമ്മദ് . സി. സി. അത്തരമൊരു അവബോധത്തെ നിർവചിക്കാനും ആ അവബോധത്തെ സാധ്യമാക്കിയ അധികാരത്തെ ചൂണ്ടിക്കാട്ടാനും ഗവേഷകൻ ശ്രമിക്കുന്നുണ്ട്.

ശശാങ്ക പെരേരയുടെ 'Warzone Tourism in Sri Lanka: Tales from Darker Place in Paradise' എന്ന നോവലിലൂടെ ശ്രീലങ്കയുടെ ആന്തരികമായ രാഷ്ട്രീയ-സാംസ്കാരിക സംഘർഷങ്ങളുടെയും യുദ്ധങ്ങളുടെയും പശ്ചാത്തലത്തിൽ എങ്ങനെയാണ് വിനോദ സഞ്ചാരം ഒരു പുതു അനുഭവമായി മാറുന്നതെന്നും ഓർമ്മകൾ എങ്ങനെയാണിതിന്റെ ആഖ്യാനത്തിനെ സ്വാധീനിക്കുന്നതെന്നും വിശകലനം ചെയ്യുന്നു, ഡോ. അനുജ രാജ്, അരവിന്ദ്. പി, ഡോ. എസ്. ഹരികുമാർ എന്നിവർ സംയുക്തമായി എഴുതിയ Bonds and Linkages - Exploring the Life and Times of എന്ന പ്രബന്ധം ആധുനികവിദ്യാഭ്യാസവും പുറം ലോകവുമായുള്ള സമ്പർക്കവും എപ്രകാരത്തിലാണ് കേരളത്തിലെ കുംഭാര സമൂഹത്തിന്റെ സാമൂഹിക ഉന്നമനത്തിനുസഹായകമായെന്നുള്ളതിന്റെ അന്വേഷണമാണ്.

MYSTIQUE OF STARDOM AND MAKING OF A CELIBRITY എന്ന പ്രബന്ധത്തിൽ ഇന്ദു. എം. എസ് സിനിമയിലെ സൂപ്പർ സ്റ്റാർനിർമ്മിതിയെക്കുറിച്ച് സംസാരിക്കുന്നു. സൂപ്പർസ്റ്റാറുകൾ ചിഹ്നങ്ങളാവുകയും അവരുടെ വ്യക്തിത്വം വാണിജ്യവത്ക്കരണത്തിന്റെ ഉത്പാദനമായി മാറുകയും ചെയ്യുന്നതിനെ വിശകലനം ചെയ്യുന്നു. മനു മാധവിന്റെ 'Education and Upward Social Mobility: A Study of Malayalam Novel Saraswativijayam by Potheri Kunhambu' എന്ന പ്രബന്ധം എങ്ങനെയാണ് പാശ്ചാത്യവിദ്യാഭ്യാസം ഒരു സമൂഹത്തിന്റെ പുരോഗതിയിലേക്കുള്ള വഴി തെളിക്കുന്നത് എന്നുള്ളതിനെ കുറിച്ചുള്ള വിശകലനമാണ്. പൂജ സർക്കാർ The Subaltern Voice of The Mahabharata - Hidimba

എന്ന ലേഖനത്തിൽ ഭീമപത്നിയായ ഹിഡിംബിയെക്കുറിച്ചുള്ള കീഴാളപഠനമാണ് നടത്തിയിട്ടുള്ളത്. ഹിഡിംബിയെക്കുറിച്ചുള്ള ആഖ്യാനങ്ങളെ മിത്തുകളുടെ പുനരെഴുത്തുകളെ മുൻനിർത്തിയാണ് വിശകലനം ചെയ്തിട്ടുള്ളത്.

ഷംഷാന. വി. സിയും ഡോ. ശ്രാവണ. കെയും സംയുക്തമായെഴുതിയ Role of Digital Media Advertising on Healthcare Awareness and Behavioural Changes in Public in India during Covid-19 Pandemic എന്ന പ്രബന്ധത്തിൽ ഇന്ത്യക്കാരിൽ കോവിഡ് രോഗം പകരാതെ തടയുന്നതിൽ ഡിജിറ്റൽ മാധ്യമങ്ങളിലെ പരസ്യങ്ങൾ എത്രത്തോളം സഹായിച്ചു എന്നതാണ് പ്രധാനമായും അന്വേഷിക്കുന്നത്. കോഴിക്കോട് ജില്ലയിൽ നിന്നുള്ള 166 പേരിൽനിന്ന് ചോദ്യാവലി മുഖേന ശേഖരിച്ച വിവരത്തെ ആസ്പദമാക്കിയാണ് പഠനം നടത്തിയിരിക്കുന്നത്.

ഭരണഘടനയും ഹിന്ദി ദളിത്കവിതയും എന്ന പ്രബന്ധത്തിൽ ഡോ. പ്രമോദ് കൊവ്വപ്രത്ത് നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ടവരുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും സ്വരം ഇന്ത്യൻ ഹിന്ദികവിതകളിൽ മുഴങ്ങുന്നുണ്ടെന്ന് സ്ഥാപിക്കുന്നു. അനാചാരത്തിനും അസമത്വത്തിനും തൊട്ടുകൂടായ്മക്കുമെതിരായ ശക്തമായ മുന്നേറ്റം ഹിന്ദി ദളിത്കവിതകളിൽ കാണാൻ സാധിക്കും. ഫ്യൂഡൽ വ്യവസ്ഥിതിക്കെതിരെയും മനുഷ്യാവകാശങ്ങൾ ഹനിക്കപ്പെടുന്നതിനെതിരെയും ഭരണഘടനാപരമായ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരെയുമുള്ള ആധി പങ്കുവെക്കുകയും ഇത്തരം അനീതികളോട് ശക്തമായി പ്രതികരിക്കുകയും ചെയ്യുന്നു, ഇന്ത്യൻ ഹിന്ദികവിതകൾ എന്ന് ഗവേഷകൻ വിശദീകരിക്കുന്നു.

'എൽ. ജി. ബി. ടി. ക്യൂ-ഉം മനുഷ്യാവകാശം നഷ്ടമായ ഹിജഡകളും : തീസരി താലിയിൽ' എന്ന പ്രബന്ധത്തിൽ മനുഷ്യാവകാശം നഷ്ടമായിക്കൊണ്ടിരിക്കുന്ന ഹിജഡകളുടെയും, ലെസ്ബിയൻ, ഗേ തുടങ്ങിയവരുടെയും ജീവിതവും മനുഷ്യാവകാശലംഘനവും പ്രദീപ് സൗരവ് എങ്ങനെ പ്രതിപാദിച്ചിരിക്കുന്നു എന്ന് അന്വേഷിക്കുകയാണ് ഡോ. പി. പ്രിയ. 'ട്രാൻസ്ജെണ്ടറുകളുടെ പാർശ്വവത്കൃതജീവിതം: ഒരന്വേഷണം എന്ന പ്രബന്ധത്തിൽ' ഡോ. രാധാമണി. സി ഇന്നത്തെ സംസ്കാരസമ്പന്നമായ സമൂഹത്തിൽ ട്രാൻസ്ജെൻഡറുകൾ

അനുഭവിക്കുന്ന മാനസികവും ശാരീരികവുമായ പാർശ്വവൽക്കരണവും മറ്റുപീഡനങ്ങളും ഹിന്ദികവിതകളിൽ എത്രത്തോളം പ്രതിഫലിക്കുന്നു എന്ന അന്വേഷണമാണ് നടത്തിയിരിക്കുന്നത്. സുരേഷ്ചന്ദ്രഗുപ്തിന്റെ പ്രമുഖമായ അക്ഷയവട് എന്ന നാടകത്തിലെ ചാണക്യനെ കേന്ദ്രീകരിച്ചുള്ള പഠനമാണ്, ഡോ. ഐഡാ മാനുവലിന്റെ 'അക്ഷയവട് നാടകത്തിലെ ചാണക്യൻ: ഒരു പുനർവിചിന്തനം' എന്ന പഠനം. സമൂഹത്തിൽ പരക്കെ വ്യാപിച്ചുകൊണ്ടിരിക്കുന്ന അന്യായവും പാർശ്വവത്കൃതരായ സ്ത്രീകൾക്ക് അനുഭവിക്കേണ്ടിവരുന്ന പ്രതിസന്ധികളുമൊക്കെ അന്വേഷണവിധേയമാക്കുന്നുണ്ട്, ഗവേഷക.

ഏതൊരു കലാലയത്തിന്റെയും അക്കാദമികഔന്നത്യത്തിന്റെ അടയാളമായ ഗൗരവതരമായ ഒരു സംരംഭമാണ് റിസർച്ച് ജേണൽ. ഈയൊരു മഹത്തായ സംരംഭത്തെ അതിന്റേതായ പ്രാധാന്യത്തോടെ പരിഗണിക്കുകയും പൂർണ്ണമായി സഹകരിക്കുകയും ചെയ്ത പ്രിൻസിപ്പാൾ, പി. ടി. എ., സഹപ്രവർത്തകർ, ഈ ജേണലിന്റെ ഓരോ ഘട്ടത്തിലും കൃത്യമായി ഇടപെട്ട എഡിറ്റോറിയൽ കമ്മറ്റി അംഗങ്ങൾ, പ്രബന്ധരചയിതാക്കൾ, പിയർ റിവ്യൂ കമ്മിറ്റിയിലെ വിദഗ്ധർ, സാങ്കേതികസഹായം നല്കിയ മയ്യഴി മഹാത്മാഗാന്ധി ഗവ. കോളേജിലെ മലയാളം പൂർവ്വവിദ്യാർത്ഥികളുടെ ചെമ്പകം ഡിജിറ്റൽ സൊല്യൂഷൻസ് - എല്ലാവരോടുമുള്ള സ്നേഹവും കടപ്പാടും അറിയിക്കട്ടെ. ചർച്ചകൾക്കും വിശകലനങ്ങൾക്കുമായി അക്കാദമിക്സമൂഹത്തിനുമുന്നിൽ ഈ റിസർച്ച് ജേണൽ ആദരവോടെ സമർപ്പിക്കുന്നു.

എഡിറ്റർ<br>
ഡോ. ഷീബാദിവാകരൻ<br>
30-01-2021<br>
കോഴിക്കോട്

# വിവേചനരഹിതവിദ്യാഭ്യാസം: ഒരു കേരളീയാനുഭവം

**ഡോ. ശ്രീജിത്ത്. ഇ**

---


## സംഗ്രഹം

ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും സാക്ഷരതയുള്ള സംസ്ഥാനമാണ് കേരളം. സാമൂഹ്യനീതിയുടെ കാര്യത്തിലും അത് മുന്നിൽ നില്ക്കുന്നു. ഇത് കരഗതമായത് നിരവധി ചരിത്രസന്ദർഭങ്ങളിലൂടെയാണ്. അധഃസ്ഥിതവിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസാവകാശങ്ങൾക്കും സുദീർഘമായ ഒരു ചരിത്രമുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലും ഇതുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള ശ്രമങ്ങളെ പരിശോധിക്കുകയാണ് ഈ പഠനത്തിന്റെ ലക്ഷ്യം.


**താക്കോൽവാക്കുകൾ:** വിദ്യാഭ്യാസം - സാക്ഷരത - ജാതി - തിരുവിതാംകൂർ - മലബാർ - ഡോ. പല്പു - കുമാരനാശാൻ - അയ്യങ്കാളി - തോമസ് മൺറോ - മിഷനറി - എറിഞ്ഞടി - ആശാൻ പള്ളിക്കൂടം - വടക്കൻപാട്ട്


---

ഒരു ദശാബ്ദം മുമ്പ് നടന്ന കാനേഷുമാരി പ്രകാരം കേരളത്തിന്റെ സാക്ഷരത 93.91 ശതമാനമാണ്. തൊട്ടുപിറകിലുള്ള ലക്ഷദ്വീപിൽ 92.28 ഉം മിസോറാമിൽ 91.58 ശതമാനവുമാണ് സാക്ഷരതാനിരക്ക്. അന്ന് കേരളത്തിൽ പട്ടികജാതിവിഭാഗത്തിലെ 479455 കുട്ടികൾ വിദ്യാലയങ്ങളിലുണ്ടായിരുന്നു. (232973

പെൺകുട്ടികളും 2465482 ആൺകുട്ടികളും).[1] പട്ടികവർഗ്ഗത്തിൽ പ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം 78790 (38012 പെൺകുട്ടികളും 40778 ആൺകുട്ടികളും). ഇന്ത്യയിൽ പെൺകുട്ടികളുടെ ഇടയി ലുള്ള മൊത്തം സാക്ഷരത 65.46 ശതമാനമാണ്. അതാവട്ടെ ആഗോളനിലവാരമായ 79.7 ശതമാനത്തേക്കാൾ വളരെത്താഴെ യാണ്. കേരളത്തിൽ പുരുഷസാക്ഷരത 96.02 ഉം സ്ത്രീകളിൽ 91.98 ശതമാനവുമാണ്. പെൺവിദ്യാഭ്യാസത്തിൽ ആഗോളശരാ ശരിയെക്കാൾ കേരളം വളരെ മുൻപന്തിയിലാണെന്നർത്ഥം.

സുദീർഘമായ ചരിത്രസന്ദർഭങ്ങളിലൂടെ സഞ്ചരിച്ചുകൊ ണ്ടാണ് അന്താരാഷ്ട്രതലത്തിൽ പോലും ശ്രദ്ധിക്കപ്പെട്ടിട്ടുള്ള നമ്മുടെ സാക്ഷരത ഈ ഒരു അവസ്ഥ കരഗതമാക്കിയിട്ടുള്ളത്. അതൊരു മിഷനറി സമ്മാനവും കൊളോണയൽ ഉല്പന്നവുമാണ് എന്നൊക്കെയുള്ള വ്യാപകമായ ധാരണ കൊളോണിയൽ രേ ഖകൾ തന്നെ റദ്ദ് ചെയ്യുന്നുണ്ട്.[2] 1822ൽ, അതായത് ഈ രണ്ട് ഘടകങ്ങളും വിദ്യാഭ്യാസരംഗത്ത് പ്രവേശിക്കുന്നതിന് മുമ്പ്, മദി രാശി പ്രസിഡൻസിയിൽ ഗവർണറായിരുന്ന തോമസ് മൺറോ നടത്തിയിട്ടുള്ള സർവ്വേ പ്രകാരം മലബാറിൽനിന്നും ലഭിച്ച കുടിപ്പ ള്ളിക്കൂടങ്ങളുടെ എണ്ണവും കുട്ടികളുടെ സ്ഥിതിവിവരകണക്കുകളും ഇത് സൂചിപ്പിക്കുന്നുണ്ട്.

കേരളത്തിന്റെ അതുല്യമായ സാക്ഷരതയ്ക്ക് അടിത്തറപാകിയ കുടിപ്പള്ളിക്കൂടങ്ങൾ അഥവാ ആശാൻകളരികൾ ചരിത്രരേഖ കളിൽ പ്രത്യക്ഷപ്പെടുന്നത് ഏതാണ്ട് പതിനാറാം നൂറ്റാണ്ടോടു കൂടിയാണ്. ശൂദ്രരുടെ അടിസ്ഥാനവിദ്യാഭ്യാസപരിശ്രമങ്ങളെ കായികമായി പ്രതിരോധിച്ചില്ലെങ്കിൽക്കൂടി അക്ഷരസംയുക്ത നായ ശൂദ്രനെ മാറ്റിനിർത്തണമെന്ന വിശ്വാസം നമ്പൂതിരിമാർ ക്കിടയിൽ പ്രബലമായിരുന്നു. യഥാർത്ഥത്തിൽ വേദങ്ങളോ അനുബന്ധസാഹിത്യങ്ങളോ ശൂദ്രന്റെ വൈദിക-ശാസ്ത്രപഠന ത്തെ നിരോധിച്ചു കാണുന്നില്ല. അത് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് സാധനാചതുഷ്ടതാസമ്പന്നനാണ്, പൂണൂൽകാരനല്ല എന്ന് പ്ര മാണങ്ങളെ ആധാരമാക്കി പ്രൊഫസർ പൂജപ്പുര കൃഷ്ണൻ നായർ

[1]ഡി.പി.ഐ യുടെ റിപ്പോർട്ട് (2010-11) കാണുക.

[2]മൺറോയുടെ മിനുട്ട്സ്-തദ്ദേശീയ വിദ്യാഭ്യാസത്തെക്കുറിച്ചുള്ളത് 25 ജൂൺ 1822.

അഭിപ്രായപ്പെടുന്നുണ്ട്.[3] അതുകൊണ്ടുതന്നെ വേദ-ശാസ്ത്രങ്ങൾ ക്കധികാരിയല്ലെന്നതോർത്തു/ചേതസ്സി സർവ്വം ക്ഷമിച്ചീടിൻ കൃപയാലേ എന്ന എഴുത്തച്ഛന്റെ വരികളിൽ ബ്രാഹ്മണരോടുള്ള ക്ഷമായാചനയല്ല മറിച്ച് പരിഹാസമാണ് നിറച്ചുവെച്ചിരിക്കുന്ന തെന്നും അദ്ദേഹം സൂചിപ്പിക്കുന്നു.

വൈദികകൃതികളിലില്ലെങ്കിലും നമ്പൂതിരി അധികാരത്തെ അരക്കിട്ടുറപ്പിക്കുവാൻ വേണ്ടി രചിക്കപ്പെട്ട പിൽക്കാലഗ്രന്ഥ ങ്ങളായ ലഘുധർമ്മപ്രകാശികയിലും, ശാങ്കരസ്മൃതിയിലുമൊക്കെ ഇക്കാര്യം അടിവരയിടുന്നുണ്ട്. ശാങ്കരസ്മൃതിയിൽ ശൂദ്രധർമ്മം വിവരിക്കുന്ന സ്ഥലത്ത് 'ന വദേത് സംസ്കൃതാം വാണീ' (സംസ്കൃ തത്തിൽ സംസാരിച്ചു കൂടാ) 'നൈവ ശാസ്ത്രം പഠേത്'' (ശാസ്ത്രം പഠിക്കരുത്) 'ന ശൃണുയാത് വൈദികാക്ഷരം' (വേദം കേൾക്കരു ത്) 'ഇതിഹാസപുരാണി ന പഠേത് ശ്രോതുമർഹതി' എന്നൊക്കെ നിർദ്ദേശിക്കുന്നുണ്ട്.

ശാങ്കരസ്മൃതിക്ക് സാമൂഹ്യജീവിതത്തിൽ അംഗീകാരം ലഭി ച്ചിരുന്നുവെങ്കിലും വിദ്യാവിഷയത്തിൽ വലിയ സ്വാധീനമൊന്നും ഉണ്ടായിരുന്നില്ല. കുടിപ്പള്ളിക്കൂടങ്ങളിൽ എല്ലാം സംസ്കൃതമയമാ യിരുന്നു. വ്യാകരണവും പദകോശവും നാടകവും ഗണിതവും ഒക്കെ തന്നെ. കേരളത്തിലെ സാമാന്യജനങ്ങളിൽ സംസ്കൃതസ്വാധീനം വലുതായതുകൊണ്ട് തന്നെയാണ് മലയാളഭാഷയെ രേഖപ്പെടു ത്താൻ ഗ്രന്ഥലിപി ഉപയോഗിക്കേണ്ടിവന്നത്. കേരളഭാഷയുടെ ഉല്പത്തി തമിഴിൽനിന്നാണോ സംസ്കൃതത്തിൽനിന്നാണോ എന്നൊക്കെയുള്ള ചർച്ചകൾക്ക് പശ്ചാത്തലം ഒരുക്കിയത് ഈയൊരവസ്ഥയാണ്.

ശൂദ്രനായന്മാർ മാത്രമല്ല കണിയാനും ഈഴവനും തച്ചരും കൊല്ലരുമൊക്കെ ആശാൻകളരിയിലെ വിദ്യാർത്ഥികളായിരുന്നു. ജാതി അങ്ങേയറ്റം ആചരിക്കപ്പെട്ടിരുന്നു. എന്നാൽ വിദ്യാലയ ങ്ങളിൽ ചില ഇളവുകൾ കാണുന്നുണ്ട്. ശ്രീനാരായണഗുരുവിനെ എഴുത്തിന് വെച്ചത് ചെമ്പഴന്തിപ്പിള്ളമാരുടെ തറവാട്ടിലെ മൂത്തകാ

[3] പൂജപ്പുര കൃഷ്ണൻ നായർ, 'ഭക്തിയും ദർശനവും എഴുത്തച്ഛൻ കൃതികളിൽ', സമ്പൂർണ്ണ മലയാളസാഹിത്യചരിത്രം, പന്മന രാമചന്ദ്രൻ നായർ (എഡി), പുറം 317-354.

രണവരായിരുന്നു.[4] അവിടെ തന്നെയുള്ള കുടിപ്പള്ളിക്കൂടങ്ങളിൽ പ്രാഥമികപഠനം നടത്തിയ ഗുരു സംസ്കൃതത്തിൽ ഉന്നതപഠനം നേടുന്നത് പുതുപ്പള്ളി കുമ്മംപള്ളിയിൽ രാമൻപിള്ളയുടെ അടുത്തു നിന്നാണ്. ഡോ. പല്പുവിന്റെ അടിസ്ഥാനവിദ്യാഭ്യാസം പേട്ടയിൽ രാമൻപിള്ള ആശാന്റെ അടുത്തായിരുന്നു. അവിടുത്തെ മുതിർന്ന വിദ്യാർത്ഥിയായിരുന്നു കുഞ്ഞൻപിള്ള എന്ന ചട്ടമ്പിസ്വാമികൾ. കുഞ്ഞൻപിള്ള അയിത്തം നോക്കാതെ ഈഴവരുടെയും മറ്റും വീടുകൾ സന്ദർശിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്യുന്നതുമൊക്കെ ശ്രദ്ധയിൽപ്പെട്ടപ്പോൾ രാമൻപ്പിള്ള ആശാൻ അത് സൂചിപ്പിക്കുന്നുണ്ട്. ഞാൻ ആശാന്റെ വീട്ടിൽനിന്നും ഭക്ഷണം കഴിക്കാറുണ്ടല്ലോ എന്നായിരുന്നു ചട്ടമ്പിയുടെ മറുപടി.[5] ഉപജാതികളിൽ ചട്ടമ്പി സ്വാമികൾ ആശാനായ രാമൻപ്പിള്ളയ്ക്കും മുകളിലായിരുന്നു എന്ന വസ്തുത ഇവിടെ കൂട്ടി വായിക്കേണ്ടതുണ്ട്. വ്യക്തിജീവിതത്തിൽ അയിത്തം ആചരിക്കുന്ന രാമൻപ്പിള്ള ആശാന് പല്പുവിനെയും ജ്യേഷ്ഠനായ പരമേശ്വരനെയുമൊന്നും വിദ്യാലയത്തിൽ സ്വീകരിക്കുന്നതിന് വൈമുഖ്യമുണ്ടായിരുന്നില്ല.

ജാത്യാചാരം കഠിനായി പാലിച്ച അദ്ധ്യാപകർ ഈഴവർ, കൊല്ലൻ, തട്ടാൻ, ആശാരി മുതലായവർക്കുവേണ്ടി പ്രധാന കെട്ടിടത്തിന് സമീപം മറ്റൊന്നുകൂടി കെട്ടിയുണ്ടാക്കുകയായിരുന്നു പതിവെന്ന് മലയാളത്തിലെ ആദ്യകാല ഉപന്യാസകർത്താക്കളിൽ ഒരാളായിരുന്ന ആർ. ഈശ്വരപ്പിള്ള രേഖപ്പെടുത്തുന്നുണ്ട്.[6] സർദാർ കെ. എം. പണിക്കർ തന്റെ അമ്മാവന്റെ വിദ്യാലയത്തിൽ നായരും ഈഴവരും ക്രിസ്ത്യാനികളും പെൺകുട്ടികളുമൊക്കെ പഠിച്ചിരുന്നതായി സൂചിപ്പിക്കുന്നു. ഇ. എം. എസ്സിന്റെ ആദ്യ ഗുരുനാഥൻ അച്യുതവാര്യരായിരുന്നു. ഉപനയനം കഴിഞ്ഞാൽ കുട്ടിയെ തൊടാൻ താഴെത്തട്ടിലുള്ള അദ്ധ്യാപകന് വിലക്കുണ്ട്. ഉപനയനവേളയിൽ ഗുരുവിന്റെ അനുഗ്രഹസന്ദർഭത്തിൽ മടിച്ചുനിന്ന വാര്യരെ തന്റെ അച്ഛൻ അതിന് നിർബന്ധിച്ചുവെന്ന് ഇ. എം. എസ് എഴുതുന്നു. ആശാൻ പള്ളിക്കൂടങ്ങൾ ആശാന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ നടത്തപ്പെട്ടവയായിരുന്നു. അത് അവരുടെ

[4] എൻ. കുമാരനാശാൻ, ബ്രഹ്മശ്രീ ശ്രീനാരായണഗുരുദേവന്റെ ജീവിതചരിത്രസംഗ്രഹം, അദ്ധ്യായം 2.

[5] സജീവ് കൃഷ്ണൻ, ദൈവത്തിൻറെ പടത്തലവൻ - ഡോ. പല്പുവിന്റെ ജീവചരിത്രം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2015, പുറം 15.

[6] ആർ. ഈശ്വരപ്പിള്ള, ചിന്താസന്താനം, കോട്ടയം 1988, പുറം 94.

ജീവിതോപാധിയും ആയിരുന്നു. അതുകൊണ്ടും ദേശമര്യാദകൾ പാലിച്ചുകൊണ്ടുമാണ് ജാത്യാതീതമായി പഠനപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താൻ ആശാൻമാർ തയ്യാറായത്. എന്നാൽ ശിക്ഷയും മറ്റും നടപ്പിലാക്കേണ്ടി വരുമ്പോൾ ചിലർ കുട്ടികളെ തൊടാൻ വൈമുഖ്യം കാണിച്ചു. താഴ്ന്ന വിഭാഗത്തിലെ കുട്ടികളെ അടിക്കുമ്പോൾ അടിക്കുന്ന മാത്രയിൽ തന്നെ വടി താഴെയിട്ടു ന്ന അധ്യാപകരെ സി. കേശവനും ടി. കെ. മാധവനുമൊക്കെ പരാമർശിക്കുന്നുണ്ട്. കുട്ടികൾക്ക് നേരെ വടി എറിയുന്നവരും ഉണ്ടായിരുന്നു. "എറിഞ്ഞടി" എന്നായിരുന്നു ഈ സമ്പ്രദായം അറിയപ്പെട്ടിരുന്നത്.[7]

നേരത്തെ സൂചിപ്പിച്ച മൺറോയുടെ സർവ്വേ പ്രകാരം 1823ൽ മലബാറിൽ മാത്രം 759 ഗ്രാമവിദ്യാലയങ്ങളുണ്ടായിരുന്നു. അതിൽ ശൂദ്രവിഭാഗത്തിലെ വിദ്യാർത്ഥികളുടെ എണ്ണം 4904 ആയിരുന്നു (3697 ആൺകുട്ടികൾ, 707 പെൺകുട്ടികൾ). കേരളത്തിലെ പെൺകുട്ടികൾക്ക് അക്ഷരാഭ്യാസം ലഭിക്കുന്നത് മിഷനറി മാരിലൂടെയാണ് എന്ന വിശ്വാസം ഇല്ലാതാക്കാൻ മലബാർ കലക്ടറായിരുന്ന വൌഘൻ തയ്യാറാക്കിയ ഈ റിപ്പോർട്ട് പരി ശോധിച്ചാൽ മതി. ഗുണ്ടർട്ടിന്റെ നേതൃത്വത്തിൽ മലബാറിൽ ആധുനിക വിദ്യാഭ്യാസം പ്രചാരത്തിലാകുന്നത് 1839ന് ശേഷ മാണെന്നും ഇതോട് കൂട്ടിവായിക്കാം. ബ്രാഹ്മണവിഭാഗത്തിലെ ആൺകുട്ടികൾ 2230 ഉം പെൺകുട്ടികൾ കേവലം 5 ഉം മാത്ര മായിരുന്നു. വിദ്യാർത്ഥികളിൽ മുസ്ലീം വിഭാഗത്തിൽപ്പെട്ട 1132 പെൺകുട്ടികളുമുണ്ടായിരുന്നു.

പെൺകുട്ടികൾക്ക് പള്ളിക്കൂടങ്ങളിൽ പ്രവേശനം ഉണ്ടായിരു ന്നെങ്കിലും അവരുടെ വിദ്യാഭ്യാസം പ്രായപൂർത്തിയാകുന്നതുവരെ മാത്രമായിരുന്നു. സംസ്കൃതത്തിലെ അടിസ്ഥാനഗ്രന്ഥങ്ങളായ സി ദ്ധരൂപം, ബാലപ്രബോധനം, അമരകോശം എന്നിവയോടൊപ്പം രാമായണം ഇരുപത്തിനാലുവൃത്തം കൃതിയിലും തിരുവാതിരക്കളി യിലുമൊക്കെ പെൺകുട്ടികൾക്ക് സവിശേഷമായ പരിശീലനം നല്കി. ആ കളിയിൽ വിദഗ്ധനായ തന്റെ ആശാനെ സാഹി ത്യപഞ്ചാനനൻ അനുസ്മരിക്കുന്നുണ്ട്. പെൺവിദ്യാഭ്യാസത്തെ

[7] സി. കേശവൻ, ജീവിതസമരം, കോട്ടയം, 2011, പുറം 62, പി. കെ. മാധവൻ, ദേശാഭിമാനി ടി. കെ. മാധവൻ, കോട്ടയം, 2015, പുറം 39-40.

ക്കുറിച്ചുള്ള മൺറോയുടെ റിപ്പോർട്ടിനെ അടിവരയിടുന്നതാണ് വടക്കൻപാട്ടുകളിലെ സൂചനകൾ.[8]

പുതുനാടൻ ചന്തു നാടുകാണാൻ പോയ വടക്കൻപാട്ടുകഥയിൽ മാതുവിനെ കല്യാണം കഴിച്ച ചന്തു അവളെ എഴുത്തും പയറ്റും പഠിപ്പിച്ചതായി പറയുന്നു. (മാതുവിനെ വിദ്യ പഠിപ്പിക്കുന്നു/എഴുത്തും പയറ്റും പഠിച്ചവൾ) ബാലയുടെ പാട്ടുകഥയിൽ അവളെ എഴുത്തും പയറ്റും പഠിപ്പിക്കണമെന്ന് അമ്മയോട് പറഞ്ഞ് അതിന് ഏർപ്പാടുകൾ ചെയ്യുന്നത് ഏഴാങ്ങളമാരും കൂടിയാണ്. ഒതേനനും ചാപ്പനും കൂടി പൊന്നാപുരം കോട്ടയ്ക്ക് പോകുന്ന വഴി കുടർമാല കൊങ്കിയുടെ വീട്ടിൽ കയറുന്നുണ്ട്. കൊങ്കിയെ കാണുന്ന അവസരം വിവരിക്കുന്നതിങ്ങനെയാണ്.

കാറ്റാടും നല്ല കളിത്തിണ്ണമേൽ
വീരാളി പുൽപ്പായ ഇടകലർത്തി
കാൽ നീട്ടിയങ്ങു ഇരിപ്പവളെ
ഗ്രന്ഥം മടിയിൽ അഴിച്ചുവെച്ചു
ചാരിയിരുന്നങ്ങ് വായിക്കുന്നു
ഒതേനനേയും ചാപ്പനേയും കണ്ടിട്ടും-
കണ്ടേടം ഭാവമവൾക്കുമില്ല
നീട്ടിയ കാലും ചുരുക്കിയില്ല
വായന ഒട്ടുമേ കുറച്ചതില്ല
കഴിച്ചിട്ട കോൽമുടി കെട്ടിയില്ല

ഒതേനനും ചാപ്പനും അന്ന് അവിടെയാണ് താമസിക്കുന്നത്. ഊണു കഴിഞ്ഞ് കിടക്കാൻ തുടങ്ങുന്ന ഒതേനനോട് കൊങ്കി പറയുന്നു:

ഒന്നുണ്ടു കേൾക്കേണം നിങ്ങളോട്
നാൽക്കെട്ടകത്ത് കിടന്നുറങ്ങാം
കിടക്കകൾ ഏഴും വിരിച്ചിട്ടുണ്ടേ
ഗ്രന്ഥം വേണ്ടതരമുണ്ടിവിടെ

[8] വടക്കൻപാട്ടുകളിൽ കാണുന്ന സ്ത്രീ വിദ്യാഭ്യാസത്തെക്കുറിച്ച് കൂടുതലറിയാൻ കാണുക, എം. എം. സചീന്ദ്രൻ, കേരളത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസം - ഇന്നലെ, ഇന്ന്.,സെമിനാർപ്രബന്ധം, ഗവ. കോളേജ്, കൊയിലാണ്ടി, 2008.

കുറഞ്ഞൊന്നുനിങ്ങളും വായിച്ചാലോ
ഉറക്കം ക്ഷണം വരാൻ ഇടയുണ്ടല്ലോ

പയറ്റിൽ തെളിഞ്ഞ ഒതേനന് എഴുത്തറിഞ്ഞുകൂടായിരുന്നു. അദ്ദേഹം പറയുന്നു:

എനിക്കുമേ വായന അറിഞ്ഞുകൂടാ
ചങ്ങാതിക്കേറ്റം അറിയാമല്ലോ

ന്മാ വടക്കൻപാട്ടുകളിലെ സ്ത്രീ വിദ്യാഭ്യാസസൂചനകൾ സാഹിത്യ ഭാവനകളായി മാത്രം തള്ളിക്കളയാവുന്നതല്ല എന്ന് വ്യക്തമാണ്.

വിദ്യാഭ്യാസവിഷയത്തിൽ ചില നീക്കുപോക്കുകൾ ഉണ്ടായിരുന്നെങ്കിലും ജാതി ചട്ടക്കൂടിന് പുറത്തായിരുന്ന വിഭാഗങ്ങൾക്ക് ഇത്തരം വിദ്യാലയങ്ങളിൽ പ്രവേശനം ഉണ്ടായിരുന്നില്ല. ജോൺ മത്തായി തന്റെ വില്ലേജ് ഗവൺമെന്റ് ഇൻ ബ്രിട്ടീഷ് ഇന്ത്യ എന്ന ഗ്രന്ഥത്തിൽ എഴുതുന്നു: ഇന്ത്യയിലെ തദ്ദേശീയവിദ്യാഭ്യാസത്തിന്റെ പ്രാചീനകാലം മുതലുള്ള ചരിത്രം പരിശോധിക്കുമ്പോൾ ഇത്തരം വിഭാഗത്തിൽപ്പെട്ടവർ പൊതുജനവിദ്യാഭ്യാസത്തിന്റെ ഭാഗമായിത്തീർന്ന ഒരൊറ്റ ഉദാഹരണംപോലും ചൂണ്ടിക്കാണിക്കാനാവില്ല.[9] ഈ നിരീക്ഷണത്തിന് അപവാദമായി ഈ ഗവേഷകൻ കണ്ടിട്ടുള്ള ഒരു ഉദാഹരണം സാമുവൽ അമ്പാട്ടിന്റേതാണ്. അദ്ദേഹം കൊച്ചിരാജ്യക്കാരനും ബാസൽ മിഷനോടുചേർന്ന് മതം മാറുന്നതിന് മുമ്പ് അവർണ്ണവിഭാഗത്തിൽപ്പെട്ടയാളുമായിരുന്നു. അഷ്ടമിദിവസം പള്ളിക്കൂടത്തിന് അവധിയായതിനാൽ അദ്ദേഹവും സുഹൃത്തും ചേർന്ന് നടത്തിയ ഒരു യാത്ര ജീവിതഗതി തിരിച്ചുവിട്ട സന്ദർഭം വിശദീകരിക്കുമ്പോൾ തനിക്ക് മലയാളം അനായാസമായി വായിക്കാൻ കഴിയുമെന്നും ഓലയിലെഴുതാൻ കഴിവുണ്ടെന്നും സൂചിപ്പിക്കുന്നുണ്ട്.[10] താഴ്ന്നവിഭാഗത്തിൽപ്പെട്ട ചിലർക്കെങ്കിലും കുടിപ്പള്ളിക്കൂടസംവിധാനം ഉപയോഗപ്പെടുത്താൻ, ഒരുപക്ഷേ അവർതന്നെ നടത്തുന്നതായിരിക്കാം, അവസരം ഉണ്ടായിരുന്നുവെന്ന് ഇതിലൂടെ മനസ്സിലാക്കാം. ഇത് സാമാന്യവത്ക്കരിക്കാവുന്നതല്ല, അപൂർവ്വമായ ഒരു ഉദാഹരണം മാത്രം.

[9] ജോൺ മത്തായി, വില്ലേജ് ഗവൺമെന്റ് ഇൻ ബ്രിട്ടീഷ് ഇന്ത്യ, ഡൽഹി, 1915.

[10] വിശദമായ വായനയ്ക്ക്, കെ. കെ. എൻ. കുറുപ്പ്, സുവിശേഷം ഉത്തരകേരളത്തിൽ, കോട്ടയം 2009, പുറം 26.

തിരുവിതാംകൂറിൽ പുലയവിഭാഗത്തിൽ ആയിരത്തിൽ രണ്ടുപേർക്കു മാത്രമാണ് സാക്ഷരത എന്ന് ട്രാവൻകൂർ സ്റ്റേറ്റ് മാന്വലിൽ വി. നാഗമയ്യ എഴുതുന്നുണ്ട് (1906). ആ വിഷയത്തിൽ അങ്ങേയറ്റം പരിതാപകരമാണ് സമുദായത്തിന്റെ അവസ്ഥ എന്നും അദ്ദേഹം സൂചിപ്പിക്കുന്നു. അതിലും മോശമാണ് പറയവിഭാഗത്തിന്റേത്. ബ്രാഹ്മണന്മാരിലും ക്ഷത്രിയരിലും അമ്പലവാസികളിലും ഏറെക്കുറേ എല്ലാവരും സാക്ഷരരായിരിക്കുമ്പോൾ പുലയ, പറയ, ഗോത്രവർഗ്ഗങ്ങളിൽ എല്ലാവരും തന്നെ നിരക്ഷരരാണ് എന്നാണ് കൊച്ചിൻ സ്റ്റേറ്റ് മാന്വലിൽ സി. അച്യുതമേനോൻ പറയുന്നത് (1911).

തിരുവിതാംകൂറിൽ വിദ്യാഭ്യാസവിഷയത്തിൽ സർക്കാർശ്രമങ്ങളുണ്ടാകുന്നത് 1817ൽ റാണി ഗൌരി പാർവ്വതീഭായിയുടെ നീട്ടോട്ടുകൂടിയാണ്. ആ ഉത്തരവിൻപ്രകാരം കുടിയാന്മാരുടെ മക്കളടക്കമുള്ളവരാണ് വിദ്യാർത്ഥികൾ. അതിൽ ഈഴവസമുദായത്തിലും അതിന് താഴെയുള്ളവരും ഉൾപ്പെട്ടിരുന്നോയെന്ന് വ്യക്തമല്ല. എന്നാൽ 1834ൽ സ്വാതിതിരുനാളിന്റെ നിർദ്ദേശപ്രകാരം തിരുവനന്തപുരത്ത് ഇംഗ്ലീഷ് വിദ്യാലയം തുടങ്ങിയപ്പോൾ ബ്രാഹ്മണരും വ്യത്യസ്തവിഭാഗം ശൂദ്രന്മാരും പാണ്ടിത്തമിഴന്മാരും റോമൻ കാത്തലിക്കും പ്രൊട്ടസ്റ്റന്റുകളുമൊക്കെ ഉൾപ്പെട്ടിരുന്നതായി സ്കൂൾ രജിസ്റ്ററിൽ നിന്നറിയാം. തൊട്ടടുത്ത വർഷങ്ങളിൽ മുഹമ്മദീയരും പ്രവേശിപ്പിക്കപ്പെടുന്നുണ്ട്. രജിസ്റ്ററിൽ ഈഴവരും മറ്റുള്ളവരും ഉൾപ്പെട്ടിട്ടില്ല. താഴെക്കിടയിലുള്ളവർ രാജാസ് ഫ്രീ സ്കൂളിന്റെ ഭാഗമായിരുന്നില്ലെന്ന് അർത്ഥം.

എന്നാൽ പിൽക്കാലത്ത് സമ്മർദ്ദങ്ങൾക്കൊടുവിൽ തിരുവനന്തപുരം രാജാസ് ഹൈസ്കൂളിലും കോളേജിലും പരിമിതമായെങ്കിലും ഈഴവരെ ചേർക്കാൻ സർക്കാർ തയ്യാറാവുന്നുണ്ട്. ഡോ. പല്പുവിന്റെ ജ്യേഷ്ഠൻ വേലായുധൻ തിരുവിതാംകൂറിലെ ആദ്യത്തെ ഏഴ് ബിരുദധാരികളിൽ ഒരാളായിരുന്നു. മൂന്നാം ഫോറത്തിലേക്കുള്ള പരീക്ഷ എഴുതി പാസ്സായ പല്പു മഹാരാജാസ് ഇംഗ്ലീഷ് സ്കൂളിൽ പ്രവേശിക്കുന്നത് സവർണ്ണർ എതിർത്തിരുന്നു. പ്രിൻസിപ്പലിന്റെ പ്രത്യേക താല്പര്യമാണ് പല്പുവിന് തുണയാവുന്നത്. എന്നാൽ ക്ലാസ്സിന്റെ ഒരു മൂലയ്ക്ക് ബെഞ്ച് മാറ്റിയിട്ടാണ് അദ്ദേഹത്തെ

ഇരുത്തിയത്.[11] ഈ എതിർപ്പിന്, വിദ്യാഭ്യാസം സർക്കാർ സർവ്വീസിലേക്കുള്ള പാസ്പോർട്ട് കൂടിയായിരിക്കും എന്ന ദിവാൻ മാധവറാവുവിന്റെ പ്രഖ്യാപനവുമായി ഒരു ബന്ധംകൂടി കാണാം. പാടത്തും പറമ്പിലും പണിയെടുക്കാനും പരമ്പരാഗതതൊഴിലിനും ആളെ കിട്ടില്ല എന്ന ഭയമായിരുന്നു സവർണ്ണർക്ക് പ്രധാനമായും. എന്നാൽ ഈഴവരെ സർവ്വീസിൽ ചേർക്കാൻ സർക്കാർ അപ്പോഴും തയ്യാറായിരുന്നില്ല. റോബിൻ ജഫ്രി എഴുതുന്നു: ഈഴവൻമാരുടെ പരമ്പരാഗതജോലികൾ തെങ്ങുകയറ്റവും കള്ളുചെത്തലും ചകിരിപിരിക്കലുമൊക്കെ ആയിരുന്നു. പണം കുറച്ചു മാത്രം ഉപയോഗത്തിൽ ഉണ്ടായിരുന്നതുകൊണ്ടും കേരളത്തിന് വെളിയിൽ നാളികേരത്തിന് ആവശ്യം ഇല്ലാതിരുന്നതുകൊണ്ടും ഈ മാമൂൽ തൊഴിലുകൾ വിരസവും കാര്യമായി പ്രയോജനം ചെയ്യാത്തവയും ആയിരുന്നു. എന്നാൽ പത്തൊമ്പതാം നൂറ്റാണ്ടിനോടനുബന്ധിച്ച് നാളീകേര ഉല്പന്നങ്ങൾക്ക് യൂറോപ്പിലും അമേരിക്കയിലും ആവശ്യം വർദ്ധിച്ചപ്പോൾ ഈഴവർക്ക് നാണയസമ്പദ്വ്യവസ്ഥയുടെ ഫലം അനുഭവിക്കാൻ കഴിഞ്ഞു. അവരിൽ ചിലരുടെ സാമ്പത്തികസ്ഥിതിയിൽ വലിയ പുരോഗതി ഉണ്ടാവുകയും ചിലർ സമ്പന്നരായിത്തീരുകയും ചെയ്തു.[12] അത്തരത്തിൽ കുറച്ചെങ്കിലും വകയുണ്ടായിരുന്നവരാണ് ആധുനികവിദ്യാഭ്യാസത്തിനുവേണ്ടി അക്ഷീണം പരിശ്രമിച്ചത്.

വേലായുധൻ താഴ്ന്ന ജാതിയിൽപ്പെട്ടതിനാൽ രാജ്യത്തെ പരമ്പരാഗതനിയമമനുസരിച്ച് ജോലി നല്കാനാവില്ല എന്ന മറുപടിയാണ് സർക്കാരിൽ നിന്ന് ലഭിക്കുന്നത്. ജോലി തേടി കോഴിക്കോട്ട് എത്തി ബാസൽ മിഷൻ സ്കൂളിൽ അദ്ധ്യാപകനായി ചേർന്ന വേലായുധൻ മതം മാറണം എന്ന ഹെഡ്മാസ്റ്റർ ഫ്രോൺമേയറുടെ നിർബ്ബന്ധത്തിന് വഴങ്ങാതിരിക്കുകയും ജോലി രാജിവെക്കേണ്ടി വന്നു എന്നുമുള്ളത് മിഷനറി വിദ്യാഭ്യാസത്തിന്റെ ഹിഡൺ അജണ്ടയെ കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്. അദ്ദേഹം കോഴിക്കോട് ജില്ലാ കോടതിയിൽ ക്ലാർക്കാവുകയും പിന്നീട് ഡെപ്യൂട്ടി കലക്ടറായി തീരുകയും ചെയ്തു. ഹിന്ദുരാജ്യമായ തിരുവിതാംകൂറിലെ ജാതിവിവേചനങ്ങൾ ബ്രിട്ടീഷ് മലബാറിലെ ഭരണരംഗത്ത് ഉണ്ടായിരുന്നില്ല. ഇതേ കുറിച്ച് കെ. കെ. എൻ. കുറുപ്പ് എഴുതുന്നത്

[11] സജീവ് കൃഷ്ണൻ, മേല്പറഞ്ഞ പുസ്തകം.

[12] റോബിൻ ജഫ്രി, നായർ മേധാവിത്വത്തിൻറെ പതനം (വിവ.), കോട്ടയം, 2016, പുറം 47-48.

കാണുക: പ്രാദേശികഭാഷയിലും വിദ്യാഭ്യാസത്തിലും ആശാവഹമായ ഒരു പശ്ചാത്തലം നിലനിർത്തിയിരുന്ന ബ്രാഹ്മണരും നായന്മാരും ജാതിപരമായ പരിമിതികൾ പ്രകാരം ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനായി കുതിച്ചോടിയില്ല. തൊട്ടുകൂടാൻ പാടില്ലാത്ത മറ്റു താഴ്ന്ന ജാതിക്കാർ സാംസ്കാരികമായി വളർച്ചനേടാത്തവരും സാമ്പത്തികമായി വിദ്യാഭ്യാസം നേടാൻ കഴിവില്ലാത്തവരും ആയിരുന്നു. മലബാറിലെ തിയ്യരാവട്ടെ ഇവിടുത്തെ ജാതിപരമായതും പടിപടിയായതുമായ സാമൂഹികഘടനയിൽ പതിതരും അവർണ്ണരുമായിരുന്നുവെങ്കിലും സംസ്കൃതത്തിലും മറ്റ് പഠനങ്ങളിലും പരമ്പരാഗതമായ ഒരു പശ്ചാത്തലമുള്ളവരായിരുന്നു. മലബാറിലെ പരമ്പരാഗതസമൂഹത്തിൽ ഇവർക്കിടയിൽ നിന്നും പണ്ഡിതന്മാരും പടയാളികളും ഉയർന്നു വന്നിരുന്നു. അതിനാൽ തിയ്യർ വിദ്യാഭ്യാസം നേടുവാൻ സാംസ്കാരികമായി വളർച്ച നേടിയവരും പുതിയ പരീക്ഷണത്തിന് ഒരുങ്ങുന്നതിൽ ജാതിപരമായ അവശതകളൊന്നും ഇല്ലാത്തവരുമായിരുന്നു.[13]

തിരുവനന്തപുരത്തെ മഹാരാജാസ് സ്കൂളിന്റെയും കോളേജിന്റെയും സ്ഥിതി ആയിരുന്നില്ല മറ്റു പല സ്ഥലങ്ങളിലും. 1891ൽ കായംകുളത്തുകാരായ ചിലർ തങ്ങളുടെ കുട്ടികളെ സ്ഥലത്തെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചേർക്കണം എന്നഭ്യർത്ഥിച്ച് ഡിസ്ട്രിക്ട് പള്ളിക്കൂടങ്ങളുടെ സൂപ്രണ്ടിന് ഹർജി നല്കിയപ്പോൾ ഹർജിക്കാരുടെ കുട്ടികളെ സർക്കാർ പള്ളിക്കൂടത്തിൽ ചേർത്തു പഠിപ്പിക്കാൻ നിവൃത്തിയില്ലാത്തതിനാൽ ഖേദിക്കുന്നു എന്ന മറുപടിയാണ് ലഭിക്കുന്നത്. 1895ൽ ഒരു ഈഴവക്കുട്ടി ആറ്റിങ്ങൽ ഇംഗ്ലീഷ് മീഡിയത്തിൽ ചേർന്ന് പഠിക്കാൻ അപേക്ഷിച്ചപ്പോൾ ലഭിച്ച മറുപടി ഇപ്രകാരമായിരുന്നു: ആറ്റിങ്ങൽ പള്ളിക്കൂടത്തിൽ ഒരു ഈഴവക്കുട്ടിയെ ചേർത്തതിനെ സ്ഥലത്തുകാരായ ആളുകൾ സമ്മതിക്കാതിരിക്കുന്നതിനാൽ ഹർജിക്കാരനെ അവിടെ ചേർക്കാൻ നിർവ്വാഹമില്ല. ആ പരാതിക്കുള്ള അപ്പീലിന് അയാളെ തിരുവനന്തപുരത്ത് മഹാരാജാസ് സ്കൂളിൽ ചേർത്തുകൊള്ളാം എന്നാണ് മറുപടി ഉണ്ടായത്. തന്റെ ഗ്രാമത്തിലുള്ള ഒരു പള്ളിക്കൂടത്തിൽ ചേരാനാഗ്രഹിക്കുന്ന കുട്ടിയോട് തിരുവനന്തപുരത്തെ രാജകീയ മഹാപാഠശാലയെ അവനായി തുറന്നുവെച്ചിരിക്കുന്നുവെന്ന് പറഞ്ഞാൽ അത് അവന് എത്രത്തോളം

[13]കെ. കെ. എൻ. കുറുപ്പ്, 'ഇംഗ്ലീഷ് വിദ്യാഭ്യാസവും സാമൂഹ്യപുരോഗതിയും മലബാറിലെ തിയ്യരിൽ', ആധുനികകേരളം, തിരുവനന്തപുരം,2011.

ആശ്വാസകരമായിതീരും എന്ന ഒരു വിമർശനം ഡോ. പല്പു ഉന്ന യിക്കുന്നുണ്ട്.[14] സർക്കാറിൽ നിന്ന് നിർദ്ദേശമുണ്ടായാലും അത് അവഗണിക്കാനാണ് മിക്ക സ്കൂൾ അധികാരികളും ശ്രമിച്ചിരുന്നത്. കുമാരനാശാന്റെ നിയമസഭാ പ്രസംഗങ്ങളിലൊന്നിൽ ഇങ്ങനെ കാണാം: താഴ്ന്നതരം സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ മാനവപരിഷ്കാരം സിദ്ധിച്ചവരല്ല. അവർ പലപ്പോഴും സ്വമേധയായും സ്ഥലത്തുള്ള വല്ല ഉയർന്നജാതിക്കാരുടെയും പ്രേരണകൾക്ക് കീഴ്പെട്ടും രണ്ടുവിധത്തിലായാലും ഈഴവക്കുട്ടികളെ അകറ്റിനിർത്തുന്നു. ഗവൺമെന്റ് ഉത്തരവിന് വിരോധംകൂടാതെ തന്നെ അവരുടെ ഉദ്ദേശം സാധിപ്പാൻ അവർ പല ഉപായങ്ങളും എടുക്കുന്നതായി അറിയുന്നുണ്ട്. അവയിൽ ചിലത് രസകരമാണ്. "ചട്ടപ്രകാരം അധികം കുട്ടികളെ ഈ സ്കൂളിൽ ചേർക്കാൻ തരമില്ല. കുട്ടികളുടെ സംഖ്യ തികഞ്ഞുപോയി." ഇതിനെപ്പറ്റി പരാതി നല്കിയാൽ ഉടൻ ഇൻസ്പെക്ടർ പരിശോധനയ്ക്ക് വരും. അത് ഇപ്പോഴത്തെ മുറയ്ക്ക് മുന്നറിവോടുകൂടിയാണെന്ന് പറയേണ്ടതില്ലല്ലോ. അവർ വന്നു നോക്കുമ്പോൾ കുട്ടികൾ കണക്കിൻപടി തികഞ്ഞിരിക്കും. സ്കൂൾ രജിസ്റ്ററിൽ ഒടുവിൽ പേരെഴുതിയിരിക്കുന്ന കുട്ടികളിൽ പലരും റോഡിൽ അലഞ്ഞുതിരിയുന്നവരോ കൂലിവേല ചെയ്തു കൊണ്ടിരിക്കുന്ന ഉയർന്നവർഗ്ഗത്തിലെ പിള്ളേരോ ആയിരിക്കും. ഇൻസ്പെക്ടർ പുറത്തിറങ്ങിയാൽ ഉടനെ അവരും വന്ന വഴിയേ പോകും.[15] അയ്യങ്കാളിയും സമാനമായ അവസ്ഥ വിവരിക്കുന്നുണ്ട്.[16]

തിരുവിതാംകൂറിൽ വിവിധതലത്തിൽ നടന്ന സമ്മർദ്ദങ്ങൾ ക്കൊടുവിൽ 1853ൽ സർക്കാർ ഭൂമിയിൽനിന്നും അടിമകളെ മോചിപ്പിച്ചു. തൊട്ടടുത്ത വർഷം രാജ്യത്തുടനീളം അടിമത്തം നിർത്തലാക്കി. എന്നാൽ അരനൂറ്റാണ്ടു കഴിഞ്ഞിട്ടും താഴ്ന്ന വിഭാഗ ത്തിൽപ്പെട്ടവരുടെ ജീവിതത്തിൽ കാര്യമായ പുരോഗതിയൊന്നും ഉണ്ടായിരുന്നില്ല, വിദ്യാഭ്യാസ കാര്യത്തിൽ പ്രത്യേകിച്ചും. ക്രിസ്തുമതം സ്വീകരിച്ചവർക്ക് മിഷൻ സ്കൂളുകൾ ഉണ്ടായിരുന്നു.

[14] വിശദവായനയ്ക്ക്, ഡോ. പല്പു, തിരുവിതാംകോട്ടെ ഈഴവർ, കായംകുളം, 2014.

[15] പത്താമത് പ്രജാസഭയിൽ നടത്തിയ പ്രസംഗത്തിന്റെ സംഗ്രഹം, കൂടുതൽ വിവരങ്ങൾക്ക് കാണുക, ജി. പ്രിയദർശനൻ, കുമാരനാശാന്റെ പ്രജാപ്രസംഗങ്ങൾ, കോട്ടയം, 2009.

[16] കുന്നുകുഴി എസ്. മണി, അയ്യങ്കാളിയുടെ പ്രസംഗങ്ങൾ, തിരുവനന്തപുരം, 2016, പുറം 43.

മുൻധാരണകളും മാറ്റിനിർത്തലും കാരണം മതം മാറ്റത്തിന് വിധേയമാകാത്തവർക്ക് ഗവൺമെന്റ്, പ്രൈവറ്റ് സ്കൂളുകളിൽ പ്രവേശനം ലഭിച്ചിരുന്നില്ല. അവരാകട്ടെ വിശ്വാസപരമായ കാരണങ്ങളാൽ മിഷൻ സ്കൂളുകളിലേക്ക് പോയതുമില്ല.[17]

1894-95 കാലത്തെ ഗ്രാന്റ് ഇൻ കോഡ് നിയമത്തിലാണ് ആദ്യമായി പിന്നോക്കവിഭാഗങ്ങൾക്കുവേണ്ടി വിദ്യാഭ്യാസശ്രമങ്ങൾ ഉണ്ടാകുന്നത്. ചില നിബന്ധനകൾക്ക് വിധേയമായി 20 വിദ്യാർത്ഥികളുള്ള സ്കൂളിന് നാല് രൂപയും 40കുട്ടികളുള്ള സ്കൂളിന് 8 രൂപയും മാസം ഗ്രാന്റ് നല്കാൻ തീരുമാനമായി. തുടർന്ന് മുസ്ലീങ്ങൾക്ക് വേണ്ടി 4, ഈഴവർക്ക് വേണ്ടി 7, പുലയ വിഭാഗത്തിന് വേണ്ടി 2, മരക്കാൻവിഭാഗത്തിനും കാണിവിഭാഗത്തിനും ഓരോന്നു വീതവും സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. തൊട്ടടുത്ത വർഷം പതിനഞ്ച് സ്കൂളുകൾ കൂടി തുറക്കപ്പെട്ടു. യോഗ്യരായ അദ്ധ്യാപകരെ ലഭിക്കാത്തതായിരുന്നു സ്കൂളുകൾ നേരിട്ട പ്രധാനപ്രശ്നം. അതിനായി 185 സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുകയും വെർണാക്കുലർ എലമെന്ററി എജ്യുക്കേഷൻ പരീക്ഷയ്ക്ക് വേണ്ടി (2 വർഷം) കുട്ടികൾക്ക് അവസരം നല്കുകയും ചെയ്തു. 1903 -04 വർഷമാകുമ്പോഴേക്കും പിന്നോക്കവിഭാഗക്കാർക്കുവേണ്ടി തിരുവിതാംകൂറിൽ 480 സ്കൂളുകളും അതിൽ 43580 വിദ്യാർത്ഥികളും ഉണ്ടായിരുന്നു. ഡോ. പല്പുവിന്റെ നിവേദനങ്ങളും ഈഴവ മെമ്മോറിയലുമെല്ലാം ഇതിൽ വലിയ പങ്കുവഹിച്ചിരുന്നു.

1910 കാലമാകുമ്പോഴേക്കും സ്കൂൾ പ്രവേശനകാര്യങ്ങളിൽ കൂടുതൽ അയവുകൾ ഉണ്ടാകുന്നുണ്ട്. ഈഴവരുടെ ആൺകുട്ടികൾക്ക് മിക്കവാറും സ്കൂളുകളിൽ ഇപ്പോൾത്തന്നെ പ്രവേശനം അനുവദിച്ചതിനും ശേഷം ഉള്ളവയിൽ ഉടനെതന്നെ അനുവദിക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്യുവാൻ തീർച്ചയാക്കിയതിനും ഞങ്ങൾ നന്ദിയുള്ളവരായിരിക്കുമെന്ന് കുമാരനാശാൻ തന്നെ പറയുന്നുണ്ട്.[18] ഈഴവ പെൺകുട്ടികൾക്ക് പ്രവേശനം അനുവദിച്ചാൽ മറ്റുകുട്ടികൾ വിട്ടുപോകുമെന്ന സർക്കാരിന്റെ ഭയം അസ്ഥാനത്താണെന്ന് മിഷൻ, ഗ്രാന്റ് സ്കൂളുകളുടെ അനുഭവം മുൻനിർത്തി ആശാൻ വാദിക്കുന്നുണ്ട്. ക്ഷേത്രങ്ങൾക്കും തമ്പുരാൻ ഭവനങ്ങൾക്കും സമീപങ്ങളിലുള്ള സ്കൂളുകളിൽ ഈഴവ ആൺകുട്ടികൾക്കും പ്രവേശനം

[17] വി. നാഗമയ്യ, ട്രാവൻകൂർ സ്റ്റേറ്റ് മാന്വൽ, 1906.
[18] ആശാന്റെ പ്രജാസഭാപ്രസംഗങ്ങൾ

ഇല്ലായിരുന്നു. അവയിൽ ചിലത് മാറ്റി സ്ഥാപിക്കണമെന്നും വള രെ വിട്ടുള്ളവയിൽ കുട്ടികൾക്ക് പ്രവേശനം അനുവദിക്കണമെന്നും ആശാൻ അഭ്യർത്ഥിച്ചിരുന്നു.

1916 ഫെബ്രുവരി 29ലെ പ്രജാസഭാ സമ്മേളനത്തിൽ അയ്യ ങ്കാളി ഇപ്രകാരം സൂചിപ്പിക്കുന്നു: പൊതുസ്ഥാപനങ്ങളിലും മിക്ക ഗവൺമെന്റ് വകുപ്പുകളിലും സ്കൂളുകളിലുമൊക്കെ പുലയർക്കും മറ്റും പ്രവേശിക്കത്തക്കതരത്തിൽ വിട്ടുകൊടുത്തിട്ടുണ്ടെങ്കിലും കേവലം 25 സർക്കാർ സ്കൂളിൽ കൂടുതൽ ഇതുവരെ ആരെയും പ്രവേശിപ്പിച്ചി ട്ടില്ല. ഈ സമുദായത്തിന്റെ പുരോഗതിക്ക് തടസ്സമായി നില്ക്കുന്നത് വിദ്യാഭ്യാസമില്ലാത്തവരാണ്. അവരുടെ കുറവുകൾ കാരണമാ യെടുത്ത് സ്കൂൾ പ്രവേശനം കൊടുക്കാതിരുന്നാൽ അത് മതം മാറ്റത്തിന് പ്രേരിപ്പിക്കും. ഈ കുട്ടികൾക്ക് വിജ്ഞാനം പകർന്നു കൊടുത്താൽ വയൽപ്പണിയെയും മറ്റും സാരമായി ബാധിക്കുമെന്ന് പറയുന്നതും തെറ്റാണ്. അടിമത്തം അവസാനിച്ചതിനുശേഷം വ്യാവസായികവും കാർഷികവുമായ അഭിവൃദ്ധി ഉണ്ടായതും അദ്ദേഹം ചൂണ്ടികാണിച്ചു. പുലയപ്പെൺകുട്ടികൾക്ക് അപ്പോഴും വിദ്യാഭ്യാസ സാഹചര്യങ്ങൾ ഉണ്ടായിരുന്നില്ല. അധഃസ്ഥിതർക്ക് വേണ്ടി പ്രത്യേകം സ്കൂളുകൾ തുടങ്ങുന്നത് അസാദ്ധ്യവും അനു യോജ്യമല്ലാത്തതുമായ സംഗതിയാണ്. അങ്ങനെ ചെയ്യുമ്പോൾ അവർക്ക് പബ്ലിക്ക് സ്കൂളുകളിൽ പ്രവേശനം നിഷേധിക്കപ്പെടുമെ ന്നും അദ്ദേഹം ചൂണ്ടികാട്ടി. പുലയസമുദായത്തിൽപ്പെട്ടവർക്ക് മുഴുവൻ ഫീസാനുകൂല്യവും നല്കണമെന്നും അദ്ദേഹം നിരന്തരമായി ആവശ്യപ്പെട്ടിരുന്നു.[19]

അധഃസ്ഥിതർക്ക് പ്രവേശനം ലഭിച്ചുവെങ്കിലും വിദ്യാലയ ങ്ങളിൽ കടുത്ത അവഗണനയും എതിർപ്പുകളും നേരിടേണ്ടി വന്നിരുന്നു. 1921ൽ പുലയരുടെ ജനസംഖ്യ മൂന്ന് ലക്ഷവും വിദ്യാർത്ഥികളുടെ എണ്ണം 12380 ഉം ആയിരുന്നു. അഞ്ചാം ക്ലാ സ്സിന് മുകളിൽ പഠിച്ചവർ 136. ആറോ ഏഴോ കുട്ടികൾ ഇ. എസ്. എൽ. സി പാസ്സായവരും ആയിരുന്നു. ഈ വിദ്യാർത്ഥികളെല്ലാം തന്നെ രാവിലെയും ഉച്ചയ്ക്കും ഭക്ഷണമില്ലാതെയാണ് കഴിഞ്ഞു പോ ന്നിരുന്നത്. ഉച്ചഭക്ഷണമില്ലെങ്കിൽ ഫീസാനുകൂല്യം കൊടുത്ത് പഠിപ്പിക്കുന്നതിന്റെ ഉദ്ദേശം നടക്കാതെ പോകുമെന്നും അവർക്ക്

[19] അയ്യങ്കാളിയുടെ പ്രസംഗങ്ങൾ, മേൽ സൂചിപ്പിച്ചത്.

ഒരു ചക്രമോ ഒരു നാഴി അരിയോ നല്കണമെന്ന് അയ്യങ്കാളി പ്രജാസഭയിൽ ആവശ്യപ്പെട്ടിരുന്നു. ഒരാൾക്ക് ഒരു ചക്രം എന്ന നിരക്കിൽ തിട്ടപ്പെടുത്തി ഹിന്ദു പുലയർക്കും മറ്റ് അധഃസ്ഥിതർക്കും ഉച്ചഭക്ഷണം നല്കി അവർക്ക് നിർബ്ബന്ധിതവിദ്യാഭ്യാസം നല്കണമെന്ന താങ്കളുടെ നിർദ്ദേശങ്ങൾ ഗവൺമെന്റ് പരിഗണിക്കുക തന്നെ ചെയ്യുമെന്നാണ് 1924 മാർച്ച് 10ന് സഭാ പ്രസിഡന്റ് മറുപടി പറയുന്നത്.

അധഃസ്ഥിതവിഭാഗങ്ങളെ പൂർണ്ണമായും മാറ്റിനിർത്തിയിരുന്നെങ്കിലും ഇവിടുത്തെ പൊതുസാക്ഷരതാ നിരക്ക് മുകളിൽത്തന്നെയായിരുന്നു പണ്ടും. ജില്ലാ കലക്ടർമാരിൽ നിന്നും ലഭിച്ച വിവരങ്ങൾ ക്രോഡീകരിച്ചു കൊണ്ട് തോമസ് മൺറോ 1826ൽ ഇങ്ങനെ അഭിപ്രായപ്പെട്ടു. നമ്മുടെ രാജ്യവുമായി (ഇംഗ്ലണ്ട്) തട്ടിച്ചുനോക്കുമ്പോൾ കുറവാണെങ്കിലും പല യൂറോപ്യൻ രാജ്യങ്ങൾക്കും മുകളിലാണ് മദിരാശിയിലെ സാക്ഷരത. കുറച്ചുകാലം മുമ്പ് ഇതിനേക്കാൾ മെച്ചമായിരിക്കാനേ വഴിയുള്ളൂ. പതിനെട്ടാം നൂറ്റാണ്ടിലെ ചില സാഹചര്യങ്ങൾ - നിരന്തരയുദ്ധങ്ങളും പലായനങ്ങളും അവരുടെ വിദ്യാഭ്യാസത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. സമാനമായ ഒരു നിരീക്ഷണം 1817ൽ തിരുവിതാംകൂറിൽ റാണി ഗൌരി പാർവ്വതീഭായ് പുറത്തിറക്കിയ നീട്ടിൽ നിന്നും വായിച്ചെടുക്കാം. "കൊല്ലത്തിന് വടക്കുള്ള പ്രദേശങ്ങളിൽ പിള്ളാരെ എഴുത്തുപഠിപ്പിക്കുന്നതിന് വാദ്ധ്യാൻമാർക്ക് ശമ്പളം കൊടുപ്പാൻ ജനങ്ങൾക്ക് വകയില്ലാതെയും പള്ളിക്കൂടം വെച്ച് വാദ്ധ്യാൻമാർ വന്ന് പാർക്കാതെയും ആ ദിക്കിലുള്ള ആളുകൾക്ക് എഴുത്തും കണക്കും ഇടപെട്ടുള്ള അഭ്യാസം ഏറ്റവും കുറവായിട്ട് വന്നിരിക്കുന്നും....[20]മുള്ള ഭാഗങ്ങൾ മൺറോയുടെ വിലയിരുത്തലിനോട് ചേർന്നുനില്ക്കുന്നു. അദ്ധ്യാപകർക്ക് ലഭിക്കുന്ന കൂലി മാസത്തിൽ ഏഴോ എട്ടോ അണ മാത്രമാണെന്നും അതുകൊണ്ടുതന്നെ യോഗ്യതയുള്ളവർ ഈ ജോലിയിലേക്ക് പ്രവേശിക്കാൻ താല്പര്യം കാണിക്കുന്നില്ലെന്നും മൺറോ പറയുന്നുണ്ട്. വിദ്യാഭ്യാസം കൊണ്ട് ഭൌതികപ്രയോജനമൊന്നുമില്ലെങ്കിലും അതിനേക്കാളുപരി ദാരിദ്ര്യം തന്നെയാണ് വിദ്യാഭ്യാസത്തിന്റെ തകർച്ചയ്ക്ക്

[20]വിശദമായ വായനയ്ക്ക് കാണുക, ശ്രീജിത്ത്. ഇ, എജ്യൂക്കേഷൻ ഇൻ കേരള: ട്രാൻസിഷൻ ഫ്രം പ്രീ - കൊളോണിയൽ ടു ദി കൊളോണിയൽ ഫെയ്സ്, ഗവേഷണപ്രബന്ധം, പ്രസിദ്ധീകരിക്കാത്തത്, കാലിക്കറ്റ് സർവ്വകലാശാല, ചരിത്രവിഭാഗം, 2019.

കാരണമെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്. ഈയൊരു പശ്ചാത്തലത്തിലാണ് റാണി മാസം 50പണം വീതം ശമ്പളം നല്കി ഓരോ സ്കൂളിലേക്കും രണ്ട് വീതം അദ്ധ്യാപകരെ നിയമിക്കുന്നത്. ഇങ്ങനെ സാമ്പത്തികകാരണങ്ങളാൽ തകർന്നുപോയ തദ്ദേശീയസാക്ഷരതയുടെ വീണ്ടെടുപ്പാണ് മിഷനറിമാരിലൂടെയും അധികാരികളുടെ പ്രവർത്തനം മൂലവും ഉണ്ടാകുന്നത്. സവർണജാതിക്കാരുടെ തടസ്സപ്പെടുത്തലിനോടൊപ്പംതന്നെ താഴ്ന്നവിഭാഗങ്ങൾക്കിടയിലുള്ള ജാതിശ്രേണികളും കുടികലർന്നുള്ള പഠനത്തിന് വിഘാതമായിരുന്നു. 1912ൽ കുന്നപാറ ആശ്രമത്തിൽ വിശ്രമിച്ചിരുന്ന ശ്രീനാരായണഗുരുവിനെ കാണാൻചെന്ന അയ്യങ്കാളിയെ ആശ്രമകവാടത്തിൽ ശിഷ്യന്മാർ തടഞ്ഞതൊക്കെ അതിന്റെ ഭാഗമാണ്. എല്ലാറ്റിലുമുപരി സാമൂഹ്യനവോത്ഥാനനായകന്മാരുടെ ഇടതടവില്ലാതെയുള്ള പരിശ്രമങ്ങളാണ് പൊതുജീവിതത്തിൽ നിലനിന്നിരുന്ന അനാചാരങ്ങളെ തട്ടിമാറ്റിക്കൊണ്ട് അധഃസ്ഥിത വിഭാഗക്കാരെക്കൂടി ഉൾക്കൊണ്ടുകൊണ്ടുള്ള പൊതുസാക്ഷരതയ്ക്ക് കാരണമായിത്തീർന്നത്. ക്ഷേത്രപ്രവേശന വിളംബരങ്ങളോടുകൂടി അധഃസ്ഥിത വിഭാഗങ്ങൾക്കുള്ള നിരവധി പ്രതിബന്ധങ്ങൾക്ക് വിരാമമാവുകയും അവരുടെ വിദ്യാഭ്യാസത്തിന് കൂടുതൽ ഉണർവ്വ് ഉണ്ടാവുകയും ചെയ്തു.

**ഗ്രന്ഥസൂചി**

1. ആർ. ഈശ്വരപ്പിള്ള, ചിന്താസന്താനം, കോട്ടയം 1988
2. കുമാരനാശാൻ, ബ്രഹ്മശ്രീ ശ്രീനാരായണഗുരുദേവന്റെ ജീവിതചരിത്രസംഗ്രഹം
3. കുന്നുകുഴി എസ് മണി, അയ്യങ്കാളിയുടെ പ്രസംഗങ്ങൾ, തിരുവനന്തപുരം, 2016.
4. കെ. കെ. എൻ. കുറുപ്പ്, ആധുനികകേരളം, തിരുവനന്തപുരം,2011.
5. കെ. കെ. എൻ. കുറുപ്പ്, സുവിശേഷം ഉത്തരകേരളത്തിൽ, കോട്ടയം, 2009.
6. ജോൺ മത്തായി, വില്ലേജ് ഗവൺമെന്റ് ഇൻ ബ്രിട്ടീഷ് ഇന്ത്യ, ഡൽഹി, 1915.
7. സി. കേശവൻ, ജീവിതസമരം, കോട്ടയം, 2011.
8. ഡോ. പല്പു, തിരുവിതാംകോട്ടെ ഈഴവർ, കായംകുളം, 2014.
9. പന്മന രാമചന്ദ്രൻ നായർ സമ്പൂർണ്ണ മലയാളസാഹിത്യചരി

ത്രം, കോട്ടയം.
10. പി. കെ. മാധവൻ, ദേശാഭിമാനി ടി. കെ. മാധവൻ, കോട്ടയം, 2015, പുറം 39 - 40 വി. നാഗമയ്യ, ട്രാവൻകൂർ സ്റ്റേറ്റ് മാന്വൽ, 1906.
. 11.റോബിൻ ജഫ്രി, നായർ മേധാവിത്വത്തിന്റെ പതനം (വിവ.), കോട്ടയം, 2016.
12. ശ്രീജിത്ത്. ഇ, എജ്യുക്കേഷൻ ഇൻ കേരള: ട്രാൻസിഷൻ ഫ്രം പ്രീ - കൊളോണിയൽ ടു ദി കൊളോണിയൽ ഫെയ്സ്, ഗവേഷണ പ്രബന്ധം, പ്രസിദ്ധീകരിക്കാത്തത്, കാലിക്കറ്റ് സർവ്വകലാശാല, ചരിത്ര വിഭാഗം, 2019.
13. സജീവ് കൃഷ്ണൻ, ദൈവത്തിന്റെ പടത്തലവൻ - ഡോ. പല്പവിന്റെ ജീവചരിത്രം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2015.

# നിഗൂഢതയുടെ ഒടിസൂചിക


**ഡോ. എം. ബി. മനോജ്**


---


## സംഗ്രഹം

ഡോ.രാജേഷ് മോൻ ജി എഴുതിയ നീണ്ട കഥയാണ് 'ഒടിസൂചിക'. ഒറ്റക്കഥാപുസ്തകം എന്ന പേരിൽ 2020ൽ ഈ കഥ പുസ്തക രൂപത്തിലായിട്ടുണ്ട്. 'ഒടിയൻ ' എന്ന മിത്തിനെ അടിസ്ഥാനപ്പെടുത്തിയാണ് ഈ കഥ രചിച്ചിട്ടുള്ളത്. മലബാറിലെ ബഹുജനസമൂഹങ്ങൾ ഉയർത്തിക്കൊണ്ടുവന്ന പ്രതിരോധങ്ങളിലൊന്നിനെ ഈ കഥ നോക്കിക്കാണുന്നു.



**താക്കോൽ വാക്കുകൾ:** ദലിത്-ബഹുജനങ്ങൾ, ഭാരതീയ ഫ്യൂഡൽഘടന, കുട്ടിച്ചാത്തൻ, ഡാകിനി, യക്ഷി, ബൗദ്ധർ, ജൈനർ, ഒടിവിദ്യ, തിരുക്കുറൾ, വള്ളുവർ, ബ്രാഹ്മണ്യം.


---

ഭാരതീയമായ ഫ്യൂഡൽഘടന അതിന്റെ അധികാരം കയ്യടക്കിയപ്പോൾ അധികാര അവകാശങ്ങളിൽ നിന്നും പുറത്താക്കപ്പെട്ടവർ പലരൂപത്തിലുള്ള പ്രതിരോധങ്ങൾ നിർമ്മിക്കുകയുണ്ടായി. ബഹുജനങ്ങൾക്കിടയിൽ നിലനിന്ന പല പ്രതിരോധങ്ങളും സൂക്ഷ്മമായി പരിശോധിച്ചാൽ, ജാതി-ഫ്യൂഡൽ അധികാരഘടനയെ ഉല്ലംഘിക്കുന്ന ബഹുജനങ്ങളുടെ ഇടപെടലുകളായിരുന്നു എന്നു വ്യക്തമാകും. കാഞ്ചാ ഐലയ്യ എന്ന ശൂദ്ര ചിന്തകൻ, കർണാടകയിലെ ഒ.ബി.സി വിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന 'പൊച്ചമ്മ'എന്ന അമ്മസങ്കല്പത്തെക്കുറിച്ച് നിരന്തരം എഴുതുന്നതായി കാണാം. 'പൊച്ചമ്മ'എന്ന ദൈവസങ്കല്പത്തിനു മുന്നിൽ ഏതു ഭാഷയിലും അർത്ഥനകൾ നടത്താം. ഏതെങ്കിലും ഒരു പ്രത്യേക

ഭാഷ ഇവിടെ ആവശ്യമില്ല. അതുപോലെതന്നെ കള്ളും ചാരായവും ഭക്ഷണവും ദൈവത്തിനും നല്കിവരുന്നു. ബഹുജനങ്ങളുടെ ഇത്തരം അമ്മ സങ്കല്പ്പങ്ങൾ പലരൂപത്തിലുള്ള പ്രതിരോധങ്ങൾ കൂടിയായിരുന്നു.

ബഹുജനങ്ങളുടെ മതമായിരുന്ന ബുദ്ധമതത്തെയും അതിനോടു ചേർന്നു നിന്ന ജൈനമതത്തെയും പരിപൂർണ്ണമായും പരാജയപ്പെടുത്തുന്നത് അവർക്കുമേൽ നിരന്തരം നിഗൂഢത അടിച്ചേൽപ്പിച്ചുകൊണ്ടായിരുന്നു. ജനപ്രിയ ബാലപ്രസിദ്ധീകരണങ്ങളിൽ ഏറ്റവും ആകർഷകമായ ഒരു സചിത്രകഥയാണ്, മായാവി. മായാവിയായി മാറുന്ന കുട്ടിച്ചാത്തനും, അതുപോലെ കുട്ടിച്ചാത്തന്റെ എതിർവശത്ത് നിൽക്കുന്ന ഡാകിനിയും പൊതുജനങ്ങളുടെ ആത്മീയ സങ്കല്പ്പത്തിന്റെ ഭാഗമായിരുന്നു എന്നും വ്യക്തമാണ്. കുട്ടിച്ചാത്തൻ കാവുകളും തിറകളും കേരളത്തിലെ, പ്രത്യേകിച്ച് മലബാറിലെ ദളിത് -ബഹുജനങ്ങളുടെ ആത്മഭാവനയുടെ ഭാഗമാണ്. ദീർഘകാലം കുട്ടിച്ചാത്തനുമേൽ നിഗൂഢതകൾ അഴിച്ചുവിടുന്നതിൽ വരേണ്യത ശ്രദ്ധാലുക്കളായിരുന്നു എന്നത് വ്യക്തവുമാണ്. ചാത്തൻ എന്ന വാക്കിന്, ബൗദ്ധവും തദ്ദേശീയവുമായ നിരുക്തിയുണ്ട്. എന്നാൽ അതിനുമേൽ വരേണ്യതയുടെ അധികാരം നടപ്പിലാക്കി, അതിനെ പിടിച്ചെടുത്തതിന്റെ സാംസ്കാരികാധ്യായമാണ് പിന്നീട് സംഭവിച്ചത്. അതിനായി ഇന്ത്യയിലേതോ, ദ്രാവിഡമായതോ കേരളീയമായതോ അല്ലാത്ത വൈദികബദ്ധമായ കഥകളെ രൂപപ്പെടുത്തുകയും അതിലേക്ക് കൃത്രിമമായതിനെ കൂട്ടിച്ചേർക്കുകയുമായിരുന്നു. ശബരിമല ശാസ്താവ് എന്ന ബുദ്ധ-ആദിദ്രാവിഡ -ഗോത്ര മൂർത്തിയെ പിടിച്ചെടുത്തതുപോലെയായിരുന്നു, കുട്ടിചാത്തൻ എന്ന തദ്ദേശ ആത്മീയഘടകത്തെ പിടിച്ചെടുത്തു വരേണ്യപ്പെടുത്തിയതും.

ഇതിന്റെ ഉത്തരേന്ത്യൻ സ്വഭാവമായിരുന്നു 'ഡാകിനി'മൂർത്തിയെ അപരപ്പെടുത്തുന്ന പ്രവർത്തനങ്ങളും. കുട്ടികൾ നന്നേ ചെറിയ പ്രായത്തിൽ തന്നെ ഡാകിനിമൂർത്തിയെ ദുർമന്ത്രവാദിയുടെതായ സൗന്ദര്യരഹിത മൂല്യമണ്ഡലത്തിലൂടെ നോക്കിക്കാണാൻ പ്രേരിപ്പിക്കുന്ന ഒരു ശ്രമം ഇവിടെ കാണാം. ത്രൈവർണ്ണിക ജനപ്രിയ ബാലസാഹിത്യങ്ങൾ നടത്തുന്ന പ്രചാരണങ്ങളിലൊന്നായിട്ടാണ് മായാവി എന്ന സചിത്രകഥയെ ഈയർത്ഥത്തിൽ കാണാനാവുക. എന്നാൽ 'സർവ്വ ബൗദ്ധ ഡാ

കിനി' എന്നാണ് ഡാകിനിമൂർത്തി അറിയപ്പെടുന്നത്. മാത്രവുമല്ല, ഹിമാലയം ഉൾപ്പെടുന്ന ഇന്ത്യയുടെ കിഴക്കൻ മേഖലകളിലും നേപ്പാൾ, ഭൂട്ടാൻ, ടിബറ്റ് തുടങ്ങിയ രാജ്യങ്ങളിലും ആദരണീയയായ മൂർത്തികളിലൊന്നാണ് ഡാകിനി എന്നതും നാം അറിയാതെ പോകുന്നു. ബഹുജന കേന്ദ്രങ്ങളിൽനിന്നും അവരുടെ ആത്മീയമൂർത്തികളെ അപരപ്പെടുത്തുന്ന ഇത്തരം നിഗൂഢ പ്രവർത്തനങ്ങൾ, വരേണ്യരുടെ പക്ഷത്തുനിന്നും നിരന്തരം രൂപപ്പെടുകയും ചെയ്യുന്നുണ്ട്.

ഇതിന്റെ മറ്റൊരു ഉദാഹരണമാണ്, 'യക്ഷി'കളുമായി ബന്ധപ്പെട്ടതും. ബഹുജനങ്ങൾക്കിടയിൽ അപ്രിയവും അനാകർഷകവുമായ ഇടത്താണ് യക്ഷികൾക്കു സ്ഥാനം. യക്ഷികളുടെ ശിരസ്സിൽ ഇരുമ്പാണി തറച്ച് മരത്തിൽ ആവാഹിക്കുന്ന ചടങ്ങുകൾ സിനിമയിലൂടെയും നാടകങ്ങളിലൂടെയും ബഹുജനങ്ങൾക്ക് പരിചിതവുമാണ്. എന്നാൽ ആരാകുന്ന യക്ഷിമാർ എന്ന ഒരു ചോദ്യം ഉയർന്നു വരാനാവാത്ത വിധം ബഹുജനങ്ങൾ അജ്ഞരായി കഴിഞ്ഞു. ജൈനമതത്തിലെ പത്മകൾ എറിയപ്പെട്ടിരുന്ന മൂർത്തികളായിരുന്നു ഇവർ. ബ്രാഹ്മണ്യം, ബൗദ്ധ-ജൈന മതങ്ങൾക്കുമേൽ അരാഷ്ട്രീയവും അനുചിതവുമായ വിജയം നേടിയെടുക്കാൻ നടത്തിയ ശ്രമങ്ങളുടെ സാംസ്കാരികമായ തെളിവുകളാണ് യക്ഷിമാരിലും നമ്മുക്ക് കാണാൻ കഴിയുക. തമാശിനെങ്കിലും കൊമേഡിയന്മാർ ചോദിക്കുന്ന ഓറൽ ഡയലോഗുകൾ നമ്മുക്ക് പരിചിതമാണല്ലോ.'യക്ഷികൾക്ക് എങ്ങനെ വെളുത്ത സാരി ലഭിച്ചു?' എന്ന കൊമേഡിയൻ പഞ്ച് ഡയലോഗ്. എന്നാൽ വെളുത്ത സാരിയുടുത്ത 'ജൈന പത്മകൾ' ആയിരുന്നു 'യക്കികൾ' എന്നും 'യക്ഷികൾ' എന്നും അറിയപ്പെട്ടിരുന്ന ഈ മൂർത്തികൾ എന്നും നാം മനസ്സിലാക്കേണ്ടതുണ്ട്. ബോധിസ്വത്വ മൂർത്തികളെയും ഇങ്ങനെ വിളിച്ചുവിരുന്നു എന്നും'സാലഭഞ്ജിക'എത് ഇവരുടെ മറ്റൊരു വിളിപ്പേരായിരുന്നു എന്നും നാം മറന്നുപോകുന്നു.

ബൗദ്ധ-ജൈന പത്മകളും ഭിക്കുനികളും വരേണ്യമതത്താൽ വേട്ടയാടപ്പെട്ടവരാണ്. 'തേരിഗാഥ' പറഞ്ഞിരുന്ന ബൗദ്ധ ഭിക്കുനികളുടെ ഗാഥകളെ തെറിഗാഥകൾ എന്ന് വിവർത്തനം ചെയ്യുന്നതിനും ജൈന പത്മകളെ ക്രൂരമാംവിധം തേജോവധം ചെയ്യുന്നതിനും വൈദികമതം സ്വീകരിച്ച നീചമാർഗ്ഗങ്ങളിൽ ഒന്നായിരുന്നു അവർക്കുമേൽ നിഗൂഢത അടിച്ചേൽപ്പിക്കുക

എന്നത്. യക്ഷികൾ എന്തുകൊണ്ട് ബ്രാഹ്മണ പുരോഹിതനെ തടഞ്ഞുനിർത്തുന്നു എന്ന ചോദ്യം ചോദിക്കുവാൻ ബഹുജനങ്ങൾ മറന്നു. തദ്ദേശ മതങ്ങൾക്കുമേൽ വൈദികമതത്തിന്റെ കടന്നാക്രമണത്തെയും അതിന്റെ പ്രതിഫലനത്തെയും ജൈന പത്മകളുടെ ചെറുത്തുനില്പുകളും വായിച്ചെടുക്കാം എന്ന് ഡോ.രേണുക.എൻ വിലയിരുത്തിയിട്ടുണ്ട്. മുടിയഴിച്ചിട്ട, വെളുത്ത സാരിയുടുത്ത, ചുണ്ണാമ്പു ചോദിക്കുന്ന യക്ഷി, വരേണ്യതയ്ക്കെതിരെയുള്ള പ്രതിരോധത്തിന്റെ ഒരു സൂചനയായിരുന്നു. ചാത്തൻ, ശാസ്താവ്, യക്ഷി, യക്കി, മാടൻ, മറുത, മുണ്ട്യൻ, ഡാകിനി എന്നിങ്ങനെ നീളുന്ന തദ്ദേശ മൂർത്തികൾക്കും പ്രതിരോധ ആത്മീയതകൾക്കുംമേൽ സംഭവിച്ച കടന്നുകയറ്റവും പിടിച്ചെടുക്കലും ഇനിയും പഠിക്കപ്പെട്ടിട്ടില്ല. ത്രൈവർണ്ണകർക്കുമുന്നിൽ പൂർണ്ണമായും അടിയറവു പറയാത്ത ബഹുജന - തദ്ദേശ ഇടങ്ങൾ ഇനിയും അവശേഷിക്കുന്നു എന്നു വ്യക്തമാണ്. അതേസമയം സാംസ്കാരികവും ആത്മീയവും മാത്രമായല്ല രാഷ്ട്രീയപരവുമായും അടിയറവു പറഞ്ഞ ഒരു സമകാല സാഹചര്യവും നമ്മുക്കു മുമ്പിലുണ്ട്.

ഒടിവിദ്യ പ്രചാരത്തിൽ നിലനിന്നിരുന്ന ഒരു കാലം നവോത്ഥാന കേരളത്തിന് മുമ്പാണ് എന്ന് കാണാം. അഥവാ നവോത്ഥാന പ്രവർത്തനങ്ങളുടെ ഫലമായി ഒടിയന്മാർ അപ്രത്യക്ഷമായി എന്നർത്ഥം. അപ്പോൾ എന്തായിരുന്നു നവോത്ഥാന പ്രവർത്തനത്തിന്റെ പ്രത്യേകത എത് ഒരു ചോദ്യമായി വരുന്നു. ഫ്യൂഡലിസത്തെയും അടിമത്തത്തെയും ജാതിവരേണ്യതയും ഒരു വലിയ അളവോളം ചോദ്യം ചെയ്ത് ജനാധിപത്യത്തിനു വഴിതുറക്കാൻ നവോത്ഥാനത്തിന് സാധിച്ചു. അഥവാ ഒടിയന്മാർ ചെയ്തിരുന്നതും ജനാധിപത്യത്തിനു വേണ്ടിയുള്ള ശ്രമങ്ങൾ ആയിരുന്നു. പറയരും പാണരുമായിരുന്നു പ്രധാനമായും ഒടിവിദ്യയ്ക്ക് മുൻനിരയിൽ നിന്ന തദ്ദേശീയർ. എന്തുകൊണ്ടാവാം അത്? മുമ്പ് ചൂണ്ടിക്കാണിച്ചതുപോലെ തദ്ദേശീയ ആത്മീയധാരകളുടെ ജൈവനാരുകൾ സമൂഹങ്ങളിൽ നിലനിന്നിരുന്നു. വരേണ്യപ്പെടുത്തിയും കൃത്രിമപ്പെടുത്തിയും ഇവരിൽ ദൈവസങ്കല്പങ്ങളെ കൈകടത്തി വിധേയപ്പെടുത്തുവാൻ ത്രൈവർണ്ണികതയ്ക്കു സാധിച്ചു. എങ്കിലും പതികളും കാവുകളും നിലനിർത്തുവാൻ ഒരു പരിധിവരെ ഈ വിഭാഗങ്ങൾക്ക് കഴിഞ്ഞിരുന്നു. അവരിലെ ആത്മീയവഴികളെ അട്ടിമറിക്കാനുള്ള വലിയ ശ്രമം പത്താം നൂറ്റാണ്ടിൽ അരങ്ങേറിയിരുന്നതിന്റെ സൂചനയാണ് പറയിപെറ്റ പന്തിരുകുലത്തിൽ

പിതൃത്വം കൽപ്പിക്കുന്ന കുടിയേറ്റാധിപത്യ ബ്രാഹ്മണ്യ പുരുഷത്വം. അശാസ്ത്രീയമായതും അസ്ഥാനത്തു നില്ക്കുന്നതും ചരിത്രവിരുദ്ധ വുമായ ഇത്തരം കെട്ടുകഥകളെക്കൊണ്ടാണ് തദ്ദേശീയരെയും അവരുടെ വൈജ്ഞാനിക കേന്ദ്രങ്ങളെയും വരേണ്യത നിരന്തരം അട്ടിമറിച്ചത്. 'പ്രഭാകരമതം' പോലുള്ള തദ്ദേശ ചിന്തകൾ തന്നെ യും അട്ടിമറിക്കപ്പെട്ടു.

ഒടിവിദ്യയുടെ കേന്ദ്രമാകുവാൻ വള്ളുവനാടിന് സാധിച്ചത് എന്തുകൊണ്ട് എന്ന ചോദ്യത്തിലേക്ക് ഇവിടെ വെളിച്ചം വീ ശുന്നുണ്ട്. വള്ളുവനാട് അതിന്റെ പേരുകൊണ്ടുതന്നെ അത് വള്ളുവരുടെ നാടായിരുന്നു. വള്ളുവരിൽ ഒരു ജ്ഞാനിയെ നമ്മുക്ക് പരിചയമുണ്ട്. അത് മറ്റാരുമല്ല, 'തിരുക്കുറൽ' രചിച്ച തിരുവള്ളു വർ തന്നെ വള്ളുവർ ഒരു പറയൻ ആകുന്നു എന്നാണ് മറ്റൊരു ഭാഷ്യം. അങ്ങനെയെങ്കിൽ വള്ളുവർ എന്ന സമൂഹവും പറയരും ഒരേ സമൂഹമാകുന്നു. തിരുക്കുറലിന്റെ ചിന്തകൾ അതിന്റെ ആദ്യശ്ലോകം മുതൽ ബൗദ്ധമാണ് എന്ന് വിലയിരുത്തിയിട്ടുള്ളത് മറ്റാരുമല്ല, പണ്ഡിറ്റ് അയോത്തി ദാസർ ആണ്. ബൗദ്ധവും ജൈനവും ആദിദ്രാവിഡവുമാണ് കുറൽ എന്ന് ഇതിൽ നിന്നും വ്യക്തം. വള്ളുവനാടിന്റെ മറ്റൊരു പ്രത്യേകത, പട്ടാമ്പിയുമാ യി ബന്ധപ്പെട്ടതാണ്. കൃഷ്ണകുമാർ എന്ന പാലി സ്കോളറുടെ അഭിപ്രായത്തിൽ പട്ടം അഥവാ ബൗദ്ധദീക്ഷ നൽകിവന്നിരു ന്നു പ്രധാനപ്പെട്ട ഒരു വിഹാരം നിലനിന്ന പ്രദേശമായിരുന്നു പട്ടാമ്പി എന്നൊരു അഭിപ്രായം മുന്നോട്ടുവെയ്ക്കുന്നു. പാക്കനാർ എന്ന ജ്ഞാനി എന്തുകൊണ്ട് ശങ്കരാചാര്യരെ തടഞ്ഞുനിർത്തി എന്ന ചോദ്യവും ജനങ്ങൾ മറന്നുപോകുന്നു. കാര്യം വളരെ ലളിതമാണ്, അതേസമയം മറഞ്ഞതുമാണ് അഥവാ നിഗൂഢ വുമാണ്. തദ്ദേശ ബഹുജന വൈജ്ഞാനിക ധാരകൾക്കുമേൽ മാത്രമല്ല, ആ ജനതയെത്തന്നെയും മ്ലേച്ഛരാക്കാൻ നടത്തിയ ശ്രമങ്ങൾക്ക് സാക്ഷിയാകേണ്ടി വന്നു വള്ളുവനാടിന്. വരേണ്യത അതിന്റെ അധികാരം നിർമ്മിച്ചെടുത്തു. അടിസ്ഥാന സമൂഹങ്ങൾ അവരുടെ പ്രതിരോധത്തിനും തയ്യാറെടുത്തു. വരേണ്യതയുടെ ശ്രമങ്ങൾ എത്രയും വൃഥാവിലാണെന്നു കാണിക്കുകയായിരുന്നു നാറാണത്ത്. എന്നാൽ അദ്ദേഹത്തെ അധികാരം ഭ്രാന്തൻ എന്ന് അഭിസംബോധന ചെയ്തു. ചാത്തന്മാരും ചടയൻമാരുമായ മുനി മാരുടെ അറിവുകൾ ഓരോന്നും അട്ടിമറിക്കപ്പെട്ടു. മേൽപ്പത്തൂർ അഗ്നിഹോത്രിയിൽ എത്തുമ്പോൾ ഭൂമിയും അറിവും അധികാര

വും തട്ടിയെടുത്തതിന്റെ പ്രഖ്യാപനം കൂടിയായിരുന്നു നടന്നത്. ജാതിവ്യവസ്ഥയും ജന്മിസമ്പ്രദായവും അടിമത്തവും ആരംഭിച്ചു കൊണ്ടാണ് ദക്ഷിണേന്ത്യയിൽ വരേണ്യത മനുഷ്യവിരുദ്ധത ആരംഭിച്ചത്. അതിനെതിരെയുള്ള ശക്തമായ പ്രതിഷേധവും രൂപംകൊണ്ടു. ശൂദ്രരും അവർണരും അയിത്ത വിഭാഗങ്ങളുമായ ബഹുജനങ്ങൾ കൂട്ടത്തോടെ ഇസ്ലാംമതം സ്വീകരിച്ചു കൊണ്ടാണ് വരേണ്യതയുടെ മനുവാദത്തെ പ്രതിരോധിച്ചത്. അതോടൊപ്പം നിരന്തരമായി നടത്തിയ പ്രതിരോധത്തിന്റെ സൂചനകളായിട്ടു വേണം ഒടിയൻമാരെയും ഒടിപ്രയോഗങ്ങളെയും വിലയിരുത്തുവാൻ.

എന്തെന്നാൽ ഒടിയന്മാരുടെ എതിർപ്പിന് പാത്രമായവർ പലപ്പോഴും അധികാരികളായിരുന്നു. ഭൂമി തട്ടിയെടുത്തവരും അവർണസ്ത്രീകളെ അതിക്രമിക്കുന്നവരും ജാത്യാചാരക്രമങ്ങൾ അടിച്ചേൽപ്പിക്കാൻ ശ്രമിച്ച ഹീനർക്കും മേലെയാണ് പ്രയോഗങ്ങൾ പലതും നടന്നത്. ഫ്യൂഡലിസം കശാപ്പ് ചെയ്ത ജഢശരീരങ്ങൾക്ക് നടുവിൽ നിന്നും രൂപപ്പെട്ടവയായിരുന്നു ഈ പ്രതിരോധരൂപങ്ങൾ എന്നു വ്യക്തം. കരിങ്കുട്ടിപോലുള്ള മൂർത്തികൾ ഇതിന്റെ ആത്മീയതയുടെ സ്ഥാനങ്ങളുമാണ്. എന്തെന്നാൽ തദ്ദേശ ജനതയ്ക്ക് കരിങ്കുട്ടി അവരുടെ ഇഷ്ടമൂർത്തിയായിരുന്നു. അതിന്റെ സംസ്കാരിക വിനിമയം പങ്കുവെക്കുന്നുണ്ട് അമ്മുദീപയുടെ 'കരിങ്കുട്ടി' പോലുള്ള കവിതകൾ. അഥവാ വരേണ്യർക്കായിരുന്നു ഇവ ദുർമൂർത്തികൾ എന്ന് ഇവിടെ വ്യക്തമാകുന്നുണ്ട്. അഥവാ വരേണ്യത ചോദ്യം ചെയ്യപ്പെട്ടിരുന്നത്, ഈ മൂർത്തികളിലൂടെയും കൂടിയായിരുന്നു. അതിനാൽ പുറജാതികളും അവരുടെ മൂർത്തികളും അപമാനിക്കപ്പെടുകയായിരുന്നു.

എസ്.ജോസഫ്,'കീരി'എന്ന കവിതയിൽ എഴുതും പോലെ പാതി മനുഷ്യന്റെയും പാതി മൃഗത്തിന്റെയും സദൃശ്യത ഒടിയനിൽ നമ്മുക്ക് കാണാനാവും. മൃഗചർമ്മം കൊണ്ട് തോലുപുതച്ച്, മൃഗത്തലയും മൃഗക്കാലും അണിഞ്ഞ് മരക്കൊമ്പുകളിൽ ശാഖാമാറ്റം ചെയ്യുന്നതിന്റെ ചലനം, രാത്രിയെ പകലാക്കുന്നതിന്റെ സമയം, ഒടിമരുന്നുകളായ പ്രത്യേക കൂട്ടുകൾ. ഇത്രയും മതി, വരേണ്യത പറഞ്ഞുപരത്തുന്ന നിഗൂഢതയിലല്ല, ഒടി മറഞ്ഞവർ നിലനിൽക്കുന്നത് എന്ന് വ്യക്തമാകുവാൻ. അവർ കൂട്ടി എടുക്കുന്ന മരുന്നുകൾ, അപാരമായ മെയ്വഴക്കങ്ങൾ, കൂരിരുട്ടിനെയും പ്രകാശമാനമാക്കുന്ന നേത്രങ്ങൾക്കുടമകൾ, രാത്രിയിലും അക്ഷി

ഉള്ളവരാണല്ലോ രാക്ഷസർ എന്ന് വിളിച്ചവന്നവർ. ഇവർ രാക്ഷ സരായ രക്ഷാമൂർത്തികളായിരുന്നു. എങ്കിലും കരപ്രമാണിമാരും നാട്ടുടയവന്മാരും അടിസ്ഥാന ജനതയുടെ പ്രതിഷേധത്തെ പല രൂപത്തിലും നിശബ്ദമാക്കി കൊണ്ടിരുന്നു. ശൂദ്രരും ആശ്രിത അവർണരും അധികാരികളുടെ പക്ഷത്തു നിന്നുകൊണ്ട് താൽ ക്കാലിക ലാഭത്തിനുവേണ്ടി യഥാർത്ഥ പ്രതിരോധങ്ങളെ ചോരയിൽ മുക്കിക്കൊല്ലുകയും ചെയ്തു. ഒടിവിദ്യക്കാർ മറിമായ ക്കാരാണെന്നും ശിശുക്കളെ വധിക്കുവരാണെന്നും ഉൾപ്പെടെ കള്ളക്കഥകളുടെ അരങ്ങുകളാണ് ഇവർ നടത്തിയത്. അപ്പോഴും അവർക്കും വ്യക്തമായിരുന്നു അത് ശാസ്ത്രീയമാണെന്നും അതിനു ശാസ്ത്രീയമായ മറ്റു വഴികളുണ്ടെന്നും. ഫ്യൂഡലിസം അതിന്റെ അധികാരം നിലനിർത്താൻ ശ്രമിച്ചപ്പോഴൊക്കെയും അടിത്തട്ടിൽ നിന്നും പ്രതിരോധവും രൂപപ്പെട്ടിരുന്നു എന്ന യാഥാർത്ഥ്യം സംസ്കാരചരിത്രത്തിന്റെ ഭാഗവുമാണ്. ജനാധിപത്യത്തിന്റെ വെളിച്ചം തുറന്നിട്ട നവോത്ഥാനകാലവും ആധുനികവിദ്യാഭ്യാസം തുറന്നിട്ട വെളിച്ചവും ഫ്യൂഡലിസത്തെയും ജാതി അടിമത്തത്തെ യും പരാജയപ്പെടുത്തിയ സാമൂഹികഭൂമികയിലാണ് ഒടിയന്മാർ എന്ന വിപ്ലവകാരികൾ താൽക്കാലികമായി മടങ്ങിയത് എന്നതും സാംസ്കാരിക ചരിത്രത്തിന്റെ ഭാഗമാണ്.

രാജേഷ് മോൻജിയുടെ 'ഒടിസൂചിക' എന്ന കഥ മുന്നോട്ടുവെയ്ക്കു ന്നത്, ഒരുപക്ഷേ ഇത്തരം ഒരു ചരിത്രത്തിന്റെയും സാംസ്കാരിക ചരിത്രത്തിന്റെയും സൂചകങ്ങളാകുന്നു എന്നു പറയുവാൻ കഴിയും. സയൻസിന്റെ വികാസവും ആധുനിക ഇംഗ്ലീഷ് വിജ്ഞാനശാ ഖയുടെ പിന്തുണയും മനഃശാസ്ത്രസമീപനവും ഉറപ്പിച്ചുകൊണ്ടാണ് ഇവിടെ കഥ മുന്നേറുന്നത്. ഏതെങ്കിലുമൊരു അന്ധവിശ്വാസത്തെ സ്ഥാപിക്കുവാനോ അവിശ്വാസത്തെ പ്രചരിപ്പിക്കുവാനോ അതു മുതിരുന്നില്ല. അബ്ദുൾ ഹക്കീമും വേണു കറുത്തില്ലവുമാണ് കഥ യിലെ പ്രധാന കഥാപാത്രങ്ങൾ. മറ്റൊരാളാകട്ടെ ഇണ്ണ്യാച്ചയാണ്.

നന്നേ ചെറുപ്പം മുതൽ ചില പ്രത്യേകതകളോടെ ജീവിതം ആരംഭിച്ച യുവാവാണ് അബ്ദുൾ ഹക്കീം. തിരുപ്പൂരിൽ നിന്നും മലബാറിൽ എത്തിയ ഒരു തൊഴിലാളിയായിരുന്നു അവന്റെ വല്യുപ്പ. പരന്ന വായനയായിരുന്നു ആ യുവാവിന്റെ ഏറ്റവും വലിയ സവിശേഷത. അതോടൊപ്പം ഒരു കാര്യം കൂടിയുണ്ട്, പരിസരത്തെ ചെറുജീവികൾ മുതൽ ഏതൊരു ജന്തുക്കളോടുള്ള

നാഭീനാളമായ ഒരു അടുപ്പമായിരുന്നു മറ്റൊന്ന്. കുത്തുറാത്തീബിലും കളിയാട്ടക്കാവിലെ അവർണരുടെ ആഘോഷത്തിലും പങ്കെടുത്തിരുന്ന ഒരു പ്രത്യേകത അവനിൽ ഉണ്ടായിരുന്നു. അതേസമയം അറിവിന്റെയും വിജ്ഞാനത്തിന്റെയും ഒരു വന്മരം കൂടിയായിരുന്നു അബ്ദുൾഹക്കീം. നാട്ടിൽ എല്ലാവരും വൈജ്ഞാനികമായ സംശയങ്ങൾക്ക് അറുതി വരുത്തിയിരുന്നത് അവനോട് ചോദിച്ചിട്ടായിരുന്നു. അവന്റെ വീട് ഗ്രാമവായനശാലായി പ്രവർത്തിച്ചുവന്നിരുന്നു. രക്ഷിതാക്കൾ മരിച്ചുപോയ ആ യുവാവ് ഒറ്റയ്ക്ക് അവിടെ താമസിച്ചുവന്നു. വേണു കുറുത്തില്ലം എന്ന സുഹൃത്ത് അവനെ ചെന്നുകാണുന്നത് ഇംഗ്ലീഷ് ഭാഷയുമായി ബന്ധപ്പെട്ട ചില സംശയങ്ങൾ പരിഹരിക്കുവാനായിരുന്നു. എന്നാൽ ഏറെക്കാലത്തിന് ശേഷമുള്ള കൂടിക്കാഴ്ച സംഭവബഹുലവും ഉദ്വേ ാഗജനകവുമായ നിരവധി മുഹൂർത്തങ്ങൾ സമ്മാനിക്കുന്നു.

അവരുടെ സംഭാഷണത്തിനിടയിൽ ഇണ്ണ്യാച്ച എന്ന വൃദ്ധനെക്കുറിച്ചുള്ള പരാമർശവും കടന്നുവരുന്നുണ്ട്. ഇണ്ണ്യാച്ചയ്ക്ക് 'പൂച്ചേന്റെ കണ്ണാ. ഏത് ഇരുട്ടത്തും അയാൾക്ക് കണ്ണുകാണും. പക്ഷേ ഇണ്ണ്യാച്ചേന്റെ കണ്ണ് പൂച്ചക്കണ്ണൊന്നുമല്ല. വലത്തെ കണ്ണിന്റെ കൃഷ്ണമണിയിൽ ഇടതുഭാഗത്തായി സാമാന്യം വലിയൊരു വെളുത്ത പുള്ളിയുണ്ട്. മൂപ്പര് ഏതു കട്ടപ്പാതിരായ്ക്കും ഒരു തുള്ളി വെട്ടവുമില്ലാതെ നടന്നുപോകും.' എന്നിങ്ങനെയാണ് ഇണ്ണ്യാച്ചയെക്കുറിച്ച് വിവരിക്കുന്നത്.

സുഹൃത്തായ വേണു കുറുത്തില്ലത്തെ ബസ്സ്റ്റോപ്പിൽ കൊണ്ടുവിടാൻ പോകുന്ന രാത്രി സമയത്താണ് അതുവരെയും കാണാത്ത, ചില പ്രത്യേകതകളുള്ള ആളാണ് തന്റെ ക്ലാസ്മേറ്റായ ഹക്കീം എന്ന് വേണുവിന് മനസ്സിലാവുന്നത്. നിരവധി പരിവർത്തനത്തിന് വിധേയനായിക്കഴിഞ്ഞിരിക്കുന്നു അയാൾ എന്ന് വേണു മനസ്സിലാക്കുന്നുണ്ടെങ്കിലും അതിനെ ശാസ്ത്രീയമായി വിവരിക്കുന്നുണ്ട് ഹക്കീം. ഇരുട്ടിലും കാഴ്ചയുള്ള ഒരാളെപ്പോലെയാണ് അവൻ നടക്കുന്നത്. ചതുപ്പു നിറഞ്ഞ വഴിയിൽ കാട്ടുനായ്ക്കളുടെ താവളമാണ്. അവിടെയെത്തുമ്പോൾ വേണുവിനു നേരെ നായ്ക്കൾ വന്നേക്കാമെന്നും തനിക്കുനേരെ വരില്ല എന്നും ഹക്കീം വ്യക്തമാക്കുന്നുണ്ട്. മാത്രവുമല്ല അതുവരെയും കാണാതിരുന്ന ഒരു വടി കയ്യിൽ പ്രത്യക്ഷപ്പെടുന്നതും വേണുവിനു മുന്നിൽ നിരവധി ചോദ്യങ്ങൾ തൊടുത്തുവിടുന്നുണ്ട്. അതിനേക്കാൾ

ഭയാനകമായ ഒന്നായിരുന്നു, ഹക്കീമിന്റെ ശരീരത്തിനു സംഭവിച്ച പരിവർത്തനം. ഭീകരരൂപിയായ ഒരു നാൽക്കാലിയായി അവൻ മാറിക്കഴിഞ്ഞുവോ എന്ന് തോന്നും വിധമായിരുന്നു ഹക്കീമിൽ സംഭവിച്ച പരിവർത്തനം.

എന്നാൽ ഇത്തരം അമാനുഷരൂപങ്ങൾക്കും നിഗൂഢവും ഭ്രമാത്മകവുമായ സന്ദർഭങ്ങൾക്കും പിന്നിൽ ശാസ്ത്രീയമായ ചിലകാര്യങ്ങളുണ്ടെന്ന് വേണുവിനെ ധരിപ്പിക്കാൻ ഹക്കീം ശ്രമിക്കുന്നതുകാണാം. 'പ്രജ്ഞയുടെ ഒളിച്ചുകളിയാണത്'എന്നായിരുന്നു ഹക്കീമിന്റെ നിലപാട്. അങ്ങിനെയൊരു സന്ദർഭത്തിലാണ് ഇണ്ണ്യാച്ചയെക്കുറിച്ചുള്ള ചർച്ച വീണ്ടും ഉയർന്നുവരുന്നത്. ആരായിരുന്നു ഇണ്ണ്യാച്ച? അയാളിൽ ഹക്കീം കണ്ട പ്രത്യേകത എന്തെല്ലാമായിരുന്നു? പരന്നവായനക്കാരനായ, അറിവുള്ള ഹക്കീമിന് ഒരുകാര്യം വ്യക്തമായിരുന്നു, അവൻ വായിച്ചിട്ടുള്ള നിഗൂഢതകളുടെ പുസ്തകങ്ങൾക്കപ്പുറത്ത് ഇതാ നിഗൂഢതയുമായി ജീവിക്കുന്ന മനുഷ്യർ. ഒടിയന്മാർ എന്ന് ദേശക്കാർ അവർക്ക് പേരിട്ടു. ഒടിമറഞ്ഞവരുടെ ലോകം ഒരു ചരിത്രമോ സാംസ്കാരിക ചരിത്രമോ ആയി അപ്രത്യക്ഷമായിരിക്കുന്നു. എന്നാൽ അവർ നിർമ്മിച്ച ലോകം ഇനിയും അപ്രത്യക്ഷമാകാതെ നിലകൊള്ളുന്നു.

പ്രജ്ഞയുടെ ഒളിച്ചുകളിയും, ഷെർലക് ഹോംസും ഡോക്ടർ വാട്സണും മനശാസ്ത്ര വിശകലനങ്ങളും ശാസ്ത്രീയയുക്തിയും ആധുനിക അവബോധവും ഒക്കെയുള്ള വേണുവിന്റെയും ഹക്കീമിന്റെയും ഇടയിലേക്ക് എന്തിനാണ് ഇണ്ണ്യാച്ച വന്നുപെട്ടത്. വേണുവിന് കാര്യങ്ങൾ അവ്യക്തമായിരുന്നു. എന്നാൽ നിഗൂഢതകൾ അവസാനിക്കുന്നില്ല എന്ന് ഹക്കീമിന് വ്യക്തമായിരുന്നു. അവന്റെ അറിവുകൾ പുസ്തകങ്ങളിലെ അറിവുകളെ വിട്ട് തിരിച്ചറിവുകളായി മാറിയിരിക്കുന്നു. ആ തിരിച്ചറിവ് അവനെ കൊണ്ടെത്തിച്ചത് ശരികളുടെ ലോകത്തേക്കാണ്. ആ ശരികളിൽ ഇണ്ണ്യാച്ച എന്ന ഒരു തദ്ദേശീയനായ സാധാരണ മനുഷ്യൻ ഉണ്ടായിരുന്നു. വരേണ്യരാൽ പുറംതള്ളപ്പെട്ട, ഈ മണ്ണിന്റെ ഉടമ. ഉലയിൽ ചാരമാവാതെ കിടന്ന പ്രതിഷേധങ്ങളുടെ ഒരു ചെറിയ കനൽ, ഇണ്ണ്യാച്ച ഹക്കീമിന് കൈമാറിയിരുന്നു. ബ്രാഹ്മണ്യത്തെയും ത്രൈവർണ്ണികതയുടെയും നവക്ഷാത്രിയത്വത്തിന്റെയും അധികാര നിഗൂഢതകൾ കണ്ടെത്തിയ അകക്കണ്ണുള്ളവരായി അവർ മാറിത്തീർന്നു. അറിവിന്റെ മരുന്ന് ചെവിക്ക് പുറകിൽ പുരട്ടിയപ്പോൾ

അവർ രാത്രിയിലും അക്ഷിയുള്ളവരായി മാറി. അവർക്കൊപ്പം കാട്ടുനായ്ക്കളും ജന്തുക്കളും അണിനിരന്നു. അധികാര രഹിതർക്കു മേൽ അധികാരികൾ, സ്വന്തം പെൺമക്കൾ ഉൾപ്പെടെയുള്ള സ്ത്രീകൾക്കുമേൽ പുരുഷന്മാർ പ്രയോഗിക്കുന്ന അധികാരരൂപങ്ങൾ, പുരോഗമനേച്ഛയുടെ മുഖംമൂടി അണിഞ്ഞുകൊണ്ട് ജനകീയാധികാരവർഗ്ഗം പുലർത്തുന്ന അധമപ്രവർത്തനങ്ങൾ, അപരരായിത്തീരുന്ന സ്ത്രീകൾ എന്നിങ്ങനെ നിഗൂഢതകളുടെ ലോകം കതുറുന്ന കാണുന്ന രാക്ഷസന്മാരായി ഹക്കീമും ഇണ്ണ്യാച്ചയും പരിവർത്തനപ്പെടുന്നു. സ്വന്തം പിതാവിനാൽ ഗർഭവതിയാകേണ്ടി വരുന്ന പെൺകുട്ടികൾ. അവർക്ക് ദുഃഖം ഇറക്കി വയ്ക്കുവാൻ ഈ മനുഷ്യരെ ഉണ്ടായിരുന്നുള്ളൂ. അറിവുള്ളവനായ, ആംഗലേയ വിദ്യാഭ്യാസം നേടിയ ഹക്കീം തന്റെ ഗുരുവായ ഇണ്ണ്യാച്ചയ്ക്കൊപ്പം ചേർന്ന് കുറ്റവാളികൾക്ക് ശിക്ഷ കൊടുക്കുവാൻ തീരുമാനിക്കുന്നു. അവർ തെരഞ്ഞെടുത്ത മാർഗ്ഗം ഒടിവിദ്യയുടെതായിരുന്നു.

ഉദ്വേഗജനകമായ നിരവധി സംഭവങ്ങളിലേക്ക് വായനക്കാരെ കൊണ്ടുപോകുന്നുണ്ട് ഈ കഥ. ഒരു നോവലിന്റെ ഘടന സ്വീകരിക്കുന്ന 'ഒടിസൂചിക'എന്ന കഥ, ചരിത്രത്തിന്റെ ആവർത്തനങ്ങളെ ഓർമ്മിപ്പിക്കുന്നുണ്ട്. നവോത്ഥാന, ആധുനികകാലം കുഴിച്ചുമൂടിയ ജീർണ്ണതകളുടെ മടങ്ങിവരവ് വരേണ്യതയ്ക്ക് സംഭവ്യമാകുമെങ്കിൽ, തദ്ദേശീയർക്ക് അതിനുതക്ക പ്രതിരോധങ്ങളെയും സ്വീകരിക്കേണ്ടിവരുമെന്ന സൂചന നൽകുന്നുണ്ട് ഈ കഥ. ജനാധിപത്യത്തിന്റെ പതനവും അധികാരത്തിന്റെ ഏകാധിപത്യ പ്രവണതയും മതരാഷ്ട്രത്തിലേക്ക് ഏകപക്ഷീയമാക്കുന്ന അതിന്റെ സാംസ്കാരിക അധികാരങ്ങളും സസൂക്ഷ്മം തിരിച്ചറിയുന്ന ഒടിയൻകണ്ണ്, ഈ കഥയിൽ തുറന്നിരിക്കുന്നു. ബഹുജനങ്ങളുടെ തിരിച്ചറിവിന്റെ അനിവാര്യതയ്ക്കു മാത്രമേ അധികാരിവർഗ്ഗങ്ങളുടെ നിഗൂഢതകളെ അസ്ഥിരപ്പെടുത്താൻ സാധിക്കൂ.

**റഫറൻസ്:**

1. എരുമദേശീയത, കാഞ്ചാ ഐലയ്യ, ഡി.സി.ബുക്സ്.2004

2. മായാവി, സചിത്രകഥ, മനോരമ പ്രസിദ്ധീകരണം, വിവിധ വർഷങ്ങൾ

3. പറയിപെറ്റ പന്തിരുകുലം, ഡോ.രാജൻ ചുങ്കത്ത്, ഡി.സി.ബി, 2010

4. തിരുക്കുറൾ, വിവർത്തനം: എസ്.രമേശൻ നായർ, ഡി.സി, ബി, മൂന്നാം എഡിഷൻ - 2018

5. കരിങ്കുട്ടി, അമ്മുദീപ, ഡി.സി.ബി, 2018

6. ഒടിയൻ- വിക്കിപീഡിയ

7. എന്താണ് ഒടിവിദ്യ, പ്രവാസി വേൾഡ്, ഓൺലൈൻ മാസിക

8. ഒടിയൻ സത്യമൊ മിഥ്യയൊ, തട്ടയിൽ നാണുവാശാൻ, kattanchaya online magazine

9. ഒടിസൂചിക, രാജേഷ് മോൻജി, ശിഖാ ഗ്രന്ഥവേദി, 2020.

# ആത്മം, ആഖ്യാനം: വ്യക്തിരാഷ്ട്രീയത്തിന്റെ വഴികൾ

രവി കെ. പി.

## സംഗ്രഹം

ആധുനികാനന്തര കേരളീയപൊതുസമൂഹത്തെ ആന്തരികമായി നവീകരിക്കാനുള്ള പലവഴികളിൽ പ്രമാണവഴിയെന്നത് കല്ലേൻ പൊക്കുടന്റെതായിരുന്നു. സങ്കുചിതവും പീഡാത്മക അധികാരോന്മുഖവുമായ ബ്രാഹ്മണ്യ-ആത്മീയകോയ്മാപാരമ്പര്യത്തിനെതിരെ സാമൂഹിക സമത്വത്തിന്റെ പ്രതിവ്യവഹാരങ്ങൾ സൃഷ്ടിച്ച ദാർശനികരുടെ ഇങ്ങേയറ്റത്തെ തുടർച്ചയുടെ കണ്ണിയാണ് പൊക്കുടൻ. ആധുനികാനന്തരകേരളത്തിന്റെ പാരിസ്ഥിതികജാഗ്രതയുടെ ജ്വലിക്കുന്ന പേരായി കല്ലേൻ പൊക്കുടൻ സ്ഥാനപ്പെട്ടതിന്റെ സാംസ്കാരിക-രാഷ്ട്രീയചരിത്രത്തെ വിശകലനം ചെയ്യാനാണ് ഈ ലേഖനത്തിലൂടെ ശ്രമിക്കുന്നത്. വ്യക്തിപരപോരാട്ടത്തിന്റെയും സ്വത്വപരവും പ്രത്യയശാസ്ത്രപരവുമായ തിരിച്ചറിവുകളുടെയും വലിയ കൈവഴികൾ അതിനു പിന്നിലുണ്ട്. പ്രകൃതിവിരുദ്ധവും ആദിമനിവാസി-ദളിത്-സ്ത്രീവിരുദ്ധവുമായ വികസന സങ്കല്പനത്തിന്റെ വൈരുദ്ധ്യത്തിൽ നിന്നുകൊണ്ടാണ് കല്ലേൻ പൊക്കുടന്റെ പാരിസ്ഥിതികചിന്തകളും പ്രയോഗങ്ങളും, സാമൂഹിക-രാഷ്ട്രീയ വിമർശനങ്ങളും സാദ്ധ്യമാകുന്നത്. പാരിസ്ഥിതികപ്രശ്നങ്ങളെ അധ്വാനിക്കുന്ന ജനതയുടെ നൈതികപ്രശ്നമായി കാണുന്ന പൊക്കുടന്റെ സമീപനത്തിൽ കോസ്മിക് ദർശനമുണ്ടായിരുന്നു. നമ്മുടെ പൊതുരാഷ്ട്രീയകാർക്ക് തീർത്തും അപരിചിതമായ വഴിയായിരുന്നു അത്.

**താക്കോൽവാക്കുകൾ:** ജാതി, സ്വത്വം, കർത്തൃത്വം, ഹരിതരാഷ്ട്രീയം, പ്രത്യയശാസ്ത്രം, സാമൂഹിക അന്യവൽക്കരണം, വ്യവഹാരം.

**ആമുഖം**

കേരളീയപൊതുസമൂഹത്തെ രാഷ്ട്രീയമായി ആഴത്തിൽ സ്വാധീനിച്ച പ്രത്യയശാസ്ത്രം മാർക്സിസമായിട്ടുകൂടി ആ പ്രസ്ഥാനത്തിൽ നിന്നുപോലും അദ്ദേഹത്തിന് ജാതിപരമായ അന്യവൽക്കരണം നേരിടേണ്ടിവന്നു എന്നത് കേരളം കെട്ടിപൊക്കിയ നവോത്ഥാനത്തിന്റെ ഇടർച്ചയെയാണ് കാണിക്കുന്നത്. കേരളത്തിൽ നിന്നുമുയർന്നുവന്ന ശ്രീനാരായണഗുരുവിന്റെയും സഹോദരനയ്യപ്പന്റെയും അയ്യൻകാളിയുടെയും പൊയ്കയിൽ അപ്പച്ചന്റെയും വഴികളെന്നത് ആധുനികകേരളനിർമ്മിതികളുടെ തദ്ദേശീയമായ വഴികളായിരുന്നു. ആ തിരിച്ചറിവിൽ നിന്നാണ് പൊക്കുടൻ പ്രസ്ഥാനത്തിൽ നിന്ന് വേറിട്ടവഴി അന്വേഷിക്കുന്നത്. ഒരർത്ഥത്തിൽ ഇടതുബോധമെന്നത് ബാഹ്യമായ ഒരലങ്കാരം മാത്രമായിരുന്നുവെന്ന് പൊക്കുടന് ആഴത്തിൽ ബോദ്ധ്യപ്പെടുന്നു. സാമുദായികരാഷ്ട്രീയത്തിന്റെ വഴികളിൽ സഞ്ചരിച്ച പൊക്കുടനെ ഉൾക്കൊള്ളാൻ സ്വസമുദായം പോലും വളർന്നിരുന്നില്ല എന്ന സത്യം അദ്ദേഹം അനുഭവിച്ച സാമൂഹിക അന്യവൽക്കരണത്തെ കൂടുതൽ തീക്ഷ്ണമാക്കുന്നു.

**പാരിസ്ഥിതികരാഷ്ട്രീയം**

അറിവ് സാമൂഹിക-രാഷ്ട്രീയ വിമോചനത്തിന്റെ അടിസ്ഥാനവിഭവമാണെന്ന തിരിച്ചറിവ് എല്ലാ ജനവിഭാഗങ്ങളിലും ആധുനികാനന്തരം രൂപപ്പെടുന്നുണ്ട്. സ്വത്വം (Identity) കർത്തൃത്വം (Subjectivity) എന്നിവയെക്കുറിച്ചുള്ള വിചാരങ്ങൾ തദ്ദേശീയ സമൂഹത്തിന്റെ ജീവിതത്തിലും പഠനഗവേഷണങ്ങളിലും പ്രധാന അറിവടയാളമായി മാറുന്നത് ഈ പശ്ചാത്തലത്തിലാണ്. പാരിസ്ഥിതികാവബോധത്തിന്റെ ബഹുസാംസ്കാരികതയെ റദ്ദുചെയ്ത് ഏകശിലാത്മകപ്രത്യയശാസ്ത്രത്തിലേക്കും വിപണിസംസ്കാരത്തിലേക്കും ഒതുക്കുന്ന വിചാരമാതൃകയെ ആഗോളടിസ്ഥാനത്തിൽത്തന്നെ തദ്ദേശീയജനത ചോദ്യം ചെയ്തുകൊണ്ടാണ് ജൈവികതയിലും ഉല്പാദനപ്രക്രിയയുമായി ജ്ഞാനത്തെ ബന്ധപ്പെടുത്തുന്നത്. ഈ ഭൂമിയെ നിങ്ങൾക്ക് എങ്ങനെ വില്ക്കാനാവും

എന്ന സിയറ്റീൻ ഗോത്രമൂപ്പന്റെ ചോദ്യം പ്രാധാന്യം നേടുന്നത് പാരിസ്ഥിതികരാഷ്ട്രീയത്തിന്റെ വിമോചനാത്മകപ്രത്യയശാസ്ത്ര ത്തെ ആന്തരവൽക്കരിക്കുന്നത് കൊണ്ടാണ്. പത്തൊമ്പതാം നൂറ്റാണ്ടിലേക്കെത്തുമ്പോൾ പാരിസ്ഥിതിക രാഷ്ട്രീയത്തിന്റെ മാനിഫെസ്റ്റോ ആയി സിയാറ്റിൻ മൂപ്പന്റെ വിചാരങ്ങൾ മാറി. ഇന്ത്യൻ പാരിസ്ഥിതികരാഷ്ട്രീയവിചാരങ്ങളിൽ പൊക്കുടന്റെ യും മയിലമ്മയുടെയും സി. കെ. ജാനുവിന്റെയും ജ്ഞാനവും പ്രയോഗവും സർഗ്ഗാത്മമാകുന്നത് അതുൾക്കൊള്ളുന്ന ശാസ്ത്രീയവും യുക്തിനിഷ്ഠവുമായ സമീപനം കൊണ്ടാണ്. ഇവർ മൂന്നുപേരും ഗോത്രപരവും തദ്ദേശീയവുമായ പ്രതിരോധസാംസ്കാരികരാഷ്ട്രീയ ത്തിന്റെ ആശയങ്ങൾ കൂടി പൊതുബോധത്തിലേക്ക് സംക്രമിപ്പി ച്ചു. പ്രകൃതിയെ കേവലം ആനന്ദം കണ്ടെത്താനുള്ള ഉപാധിയാക്കി മാറ്റുന്ന മദ്ധ്യവർഗ്ഗ - ഉപരിജാതി വീക്ഷണങ്ങളിൽ നിന്ന് ഭിന്നമാ ണ് ഇവരുടെ ദർശനം. പാരിസ്ഥിതികചരിത്രത്തിന്റെ ഭൂമികയിൽ നിന്ന് തദ്ദേശീയ ഇടപെടലുകളെ മറച്ചുവെക്കാനാവാത്ത വിധം ഈ ജ്ഞാനിമം വികസിക്കുന്നുവെന്നർത്ഥം.

ഒരു ആഖ്യാനത്തിന് ലാവണ്യാത്മകമാനം കൈവരുന്നത് ഉല്പാദനവ്യവസ്ഥയുമായും ഭൗതികവും സാമ്പത്തികവുമായ വിനി മയത്തിലൂടെയും അവ കടന്നുപോകുമ്പോഴാണ്. തദ്ദേശീയമായ സാമൂഹികഇടപ്പെടലുകളേയും ആഖ്യാനങ്ങളെയും നിശ്ശബ്ദമാ ക്കിയതിന്റെ സാമൂഹിക-രാഷ്ട്രീയചരിത്രത്തെ അപനിർമ്മിച്ചു കൊണ്ട് വിമോചനത്തിന്റെ പുതിയൊരു രാഷ്ട്രീയകർത്തൃത്വം സാദ്ധ്യമാണെന്ന് ദളിത്പാരിസ്ഥിതികരാഷ്ട്രീയം പറയുന്നു. പൊക്കുടന്റെ കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം (2000) ചൂട്ടാച്ചി (2010) എന്റെ ജീവിതം (2010) എന്നീ ആഖ്യാനങ്ങൾ പ്രാധാന്യം നേടുന്നത് ജൈവികമായൊരു പ്രകൃതിജ്ഞാനത്തെ ഉല്പാദിപ്പിക്കുന്നതുകൊണ്ടാണ്. മാത്രമല്ല ഭൗതികവും സാം സ്കാരികവും പാരിസ്ഥിതികവുമായ രാഷ്ട്രീയാവബോധം അത് ആന്തരവൽക്കരിക്കുന്നു. പരിസ്ഥിതിവാദം കേവലാർത്ഥത്തിൽ പ്രകൃതിയുടെ മേൽ നടത്തുന്ന അധിനിവേശത്തിനെതിരെയുള്ള പ്രതിരോധം മാത്രമല്ല; മറിച്ച് സമഗ്രമായൊരു രാഷ്ട്രീയപദ്ധതി കൂടി ഉൾക്കൊള്ളുന്നുണ്ട്. കേവല പാരിസ്ഥിതികവാദത്തിത്തിൽ നിന്ന് ഭിന്നമായി തദ്ദേശീയജീവിതത്തിന്റെ സമഗ്രാനുഭവമായി ബന്ധപ്പെട്ട് പരിസ്ഥിതിയെ കാണാനുള്ള ശ്രമമാണിവിടെ നട ത്തുന്നത്. ഭൂമിയെ രക്ഷിക്കാനുള്ള കേവലമായ മന്ത്രം എന്നതിൽ

നിന്ന് ആത്മജ്ഞാനത്തിന്റെയും ആത്മപരിശോധനയുടെയും പ്രക്രിയയിലേക്ക് ഹരിതരാഷട്രീയം വികസിക്കുന്നുവെന്ന് എൻ. എം. പിയേഴ്സൻ നിരീക്ഷിക്കുന്നുണ്ട്. ഫൂക്കോ മുന്നോട്ടുവെയ്ക്കുന്ന ഹരിതരാഷട്രീയം ജൈവജ്ഞാനത്തിന്റെ ഈ ദാർശനികതയി ലാണ് നിലയുറപ്പിച്ചിട്ടുള്ളത്.

## വികസനവും സാമൂഹികവൈരുദ്ധ്യവും

വ്യക്തിജീവിതത്തെ സൗന്ദര്യാത്മകമായ നിലനില്പായി മാറ്റുന്ന ചരിത്രപ്രക്രിയ കണ്ടൽ ജീവിതകാരന്റെ ജീവിതത്തിലും സംഭവിക്കുന്നുണ്ട്. ഫൂക്കോയുടെ ഗ്രീൻ റസിസ്റ്റൻസും പൊക്കു ടന്റെ ജീവിതവും സന്ധിചെയ്യുന്നത് മനുഷ്യസ്വാതന്ത്ര്യത്തിന്റെ തലത്തിലാണ്. ചരിത്രപരമായി ഇന്ത്യയിലെ തദ്ദേശീയ ജനത എങ്ങനെയെല്ലാമാണ് കർത്തൃത്വവൽക്കരണത്തിന് വിധേയമായി ക്കൊണ്ടിരിക്കുന്നത് എന്നതിന്റെ വിമർശനാവബോധമാണിത്. അധീശത്വപ്രത്യയശാസ്ത്രം മെരുക്കിയെടുക്കുന്ന അവസ്ഥയിൽ നിന്ന് സ്വന്തം കർത്തൃത്വത്തെയും അതുവഴി പൊതുബോധത്തെ യും പുതുക്കിയെടുക്കുന്ന സാമൂഹികപ്രക്രിയ പൗരസമൂഹത്തിന്റെ വിമോചനാത്മകതകൂടി ലക്ഷ്യമാക്കുന്നുണ്ട്. ചതുപ്പുകളാലും കൈ പ്പാടുകളാലും ചുറ്റപ്പെട്ട ഭൗമികതയെ തന്റെ കർത്തൃത്വത്തിന്റെ ഭാഗമായി തിരിച്ചറിയുന്ന പൊക്കുടൻ ഹരിതപ്രതിരോധത്തിന്റെ തദ്ദേശീയഭാഷ്യമാണ് സൃഷ്ടിക്കുന്നത്. ഒരു പ്രാന്തൻ കണ്ടലായി തന്നെ പ്രതിഷ്ഠിക്കുന്ന പൊക്കുടൻ സ്വാതന്ത്ര്യാനന്തരം ഇന്ത്യ യിൽ നടപ്പിലാക്കിയ വികസനപ്രക്രിയയിലൂടെ ശിഥിലമായി പോകുന്നത് തദ്ദേശീയജനതയുടെ കർത്തൃത്വവും ആവാസവ്യവസ്ഥ യുമാണെന്ന് വ്യക്തമാക്കുന്നു. വികസനമെന്ന ആധുനികസങ്കല്പം എങ്ങനെയാണ് ആദിവാസിവിരുദ്ധവും ദളിത് വിരുദ്ധവുമായി മാറുന്നതെന്ന് സി. കെ. ജാനുവിന്റെയും മയിലമ്മയുടെയും ആത്മാഖ്യാനങ്ങളും പങ്കുവെയ്ക്കുന്ന സമാനാനുഭവമാണ്. വികസനം കൊണ്ടുവരുന്ന സാമൂഹികവൈരുദ്ധ്യത്തിന്റെ ഒട്ടനവധി വ്യവഹാ രങ്ങളെ തുറന്നുകാണിക്കാൻ പൊക്കുടൻ കാണിക്കുന്ന ജാഗ്രത ശ്രദ്ധേയമാണ്. നാട്ടറിവുകളും, പ്രാദേശികചരിത്രവും, തദ്ദേശീയസ മരത്തിന്റെ പ്രതിരോധാത്മകതയും കണ്ണിചേർക്കപ്പെടുന്നതിലൂടെ വികസിക്കുന്ന സ്വാതന്ത്ര്യബോധമായി പാരിസ്ഥിതികരാഷ്ട്രീയം പൊക്കുടന്റെ ആഖ്യാനത്തിൽ സ്ഥാനം നേടുന്നു. കാർഷികജീവി

തചര്യയിലൂടെ ആർജ്ജിച്ചെടുത്ത ജ്ഞാനമാണ് ഇവിടെ പ്രധാനം. പൊക്കുടൻ പറയുന്നു:

കണ്ടൽക്കാട്ടും ദളിതരും മത്സ്യങ്ങളും ഒന്നിച്ച് വേറൊരു ലോകം അറിയാതെ ജീവിച്ചു പോരുകയായിരുന്നു. അങ്ങനെ കൈപ്പാടുകളിൽ ജീവിക്കുന്നവർ ദളിതരും കുപ്പിലും കാട്ടിലും താമസിക്കുന്നവർ ആദിവാസികളുമായി. കൈപ്പാടുകളിൽ നിന്ന് കിട്ടുന്ന മീനുകളെല്ലാം പുലയർ ആഹാരമായി കഴിക്കും. വലിയ മീനുകൾ കിട്ടിയാൽ തമ്പുരാനും മുതലാളിമാർക്കും എത്തിക്കണം. കൈപ്പാടുകളിൽ കണ്ടൽക്കാടുകളുടെ ഇലകൾ വീണ് ഒഴുകിവടിഞ്ഞുള്ള സ്ഥലങ്ങളിലാണ് പൊട്ടത്താൻ, കാക്കാത്തി, ആനപോത്രോൻ തുടങ്ങി മരുന്നുമത്സ്യങ്ങൾ ഉണ്ടാവുക. ഇവ പുലയരുടെ ഭക്ഷണത്തിലെ പ്രധാനഇനവുമായിരുന്നു. നൂറ്റിയൊന്ന് ഇനം ഇത്തരം ചെറുമീനുകളെ ഈർക്കിൽ പെടലുവെച്ച് കൈപ്പാടുകളിൽ നിന്നും തെരച്ചുപിടിച്ച് ഉണക്കിയെടുത്താണ് കഴിക്കാറ്. ഇങ്ങനെ കൈപ്പാടുകളോടൊപ്പം കണ്ടൽക്കാടുകളോടൊപ്പം നിന്നുകൊണ്ടാണ് പൊക്കുടൻ തന്റെ ജീവിതത്തെ ആഖ്യാനം ചെയ്യുത്. കാല്പനികമായി പ്രകൃതിയെ കാണുന്ന കേവലപരിസ്ഥിതിവാദത്തോട് പൊക്കുടൻ ഇടയുന്നത് ജൈവപരിസരം ഉൾക്കൊള്ളുന്നതിനാലാണ്. ദളിതരെ സംബന്ധിച്ചിടത്തോളം പ്രകൃതിയായിരുന്നു ജീവിതവും അതിജീവനവും. ഈ സാംസ്കാരിക ഭൂമിശാസ്ത്രത്തെ സംബന്ധിച്ച രാഷ്ട്രീയാവബോധമാണ് പഴയങ്ങാടി മുതൽ മുട്ടക്കണ്ടിവരെ ഒരു കിലോമീറ്ററോളം ദൂരത്തിൽ വഴിയോരത്ത് കണ്ടൽച്ചെടികൾ വച്ചുപിടിപ്പിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നത്. പൊക്കുടൻ അതിനെക്കുറിച്ച് പറയുന്നത് ഇങ്ങനെയാണ്:

'പുഴയിലെ തിരയടിച്ച് ചിറ തകരുന്നത് തടയാനും കുട്ടികൾ സ്കൂളിൽ പോകുമ്പോൾ കാറ്റിൽ നിന്ന് രക്ഷനേടാനും വേണ്ടിയായിരുന്നു ഞാനിത് വെച്ചുതുടങ്ങിയത്. കണ്ടൽച്ചെടികളുടെ പാരിസ്ഥിതികപ്രാധാന്യം തിരിച്ചറിയുന്ന പൊക്കുടൻ കണ്ടൽഭിത്തി എന്ന ആശയത്തിലേക്ക് സഞ്ചരിക്കുന്നുണ്ട്. യുക്തിനിഷ്ഠവും ശാസ്ത്രീയവുമാണാവബോധം. കടലോരത്ത് കരിങ്കൽ ഭിത്തിയല്ല കണ്ടൽഭിത്തിയാണ് വേണ്ടതെന്ന പൊക്കുടന്റെ ജൈവപാരിസ്ഥിതികവബോധം എന്നാൽ ഭരണകൂടങ്ങൾക്ക് ഉൾക്കൊള്ളാനായില്ല. ശാസ്ത്രത്തിന്റെയും പരിഷ്കൃതിയുടെയും വിശാലമേഖലകളിൽ നിന്ന്

അന്യമായി നിന്നുകൊണ്ട് സംരക്ഷിക്കപ്പെടേണ്ടന്ന ഒന്നല്ല ജനതയുടെ പ്രകൃതിബോധവും സ്വത്വവുമെന്ന കാഴ്ചപ്പാടാണ് പൊക്കുടനിൽ പ്രവർത്തിച്ചത്. എന്നാൽ ശാസ്ത്രീയവും പാരിസ്ഥിതികവുമായ ഈ അവബോധം സൂക്ഷിക്കാൻ പൊതുബോധം വളർന്നിരുന്നില്ല എന്നാണ് പിൽക്കാലസംഭവങ്ങൾ വ്യക്തമാക്കുന്നത്. പഴയങ്ങാടിയിൽ നിന്ന് ഏഴോം മൂലയിലെ മുസ്ലിം പള്ളിവരെയുള്ള കോമത്ത് ബണ്ട് റോഡാക്കി മാറ്റാൻ ഫിഷറീസ് വകുപ്പ് തീരുമാനിച്ചപ്പോൾ പൊക്കുടൻ നട്ടുവളർത്തിയ പതിനായിരത്തിലധികംവരുന്ന സമൃദ്ധമായ കണ്ടൽച്ചെടികൾ വെട്ടിനശിപ്പിച്ചു. ബണ്ടിന്റെ അകത്തുനിന്നു സ്ഥലമെടുക്കാനുണ്ടായിട്ടും പഞ്ചായത്തും പൊതുബോധവും കണ്ടൽക്കാട്ടുകൾ സംരക്ഷിക്കാൻ തയ്യാറായില്ല. റോഡ് വികസനത്തിന്റെ പേരിൽ കണ്ടൽ കൊത്തിക്കൊണ്ടും പൊക്കുടനെയും കുടുംബത്തെയും മർദ്ദിച്ചുകൊണ്ടുമാണ് സമൂഹം നേരിട്ടത്. പരിസ്ഥിതിസംഘടനയായ സീക്ക്, ഫിഷറീസ് വകുപ്പ് എന്നിവരെയെല്ലാം പൊക്കുടൻ സമീപിച്ചെങ്കിലും യാതൊരു ഫലവുമുണ്ടായില്ല. പൊതുബോധം എത്രമാത്രം പാരിസ്ഥിതികമായി അരാഷ്ട്രീയവൽക്കരിക്കപ്പെട്ടിരിക്കുന്നു എന്നാണിത് വ്യക്തമാക്കുന്നത്. മാത്രമല്ല സാമൂഹികമായ ഭ്രഷ്ട് തന്നെ അദ്ദേഹത്തിനും കുടുംബത്തിനും നേരിടേണ്ടി വന്നു. കണ്ടൽ നശീകരണത്തെക്കുറിച്ച് ഏഴോം ലോക്കൽ കമ്മറ്റി സെക്രട്ടറിയോട് പറഞ്ഞെങ്കിലും അദ്ദേഹത്തിന്റെ പ്രതികരണം സാമാന്യബോധത്തിന്റെ പ്രകൃതിയോടുള്ള സമീപനത്തോടൊപ്പം പാർട്ടിയുടെ പരിസ്ഥിതികബോധംകൂടി വ്യക്തമാക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞു: നടപടിയെടുത്തിട്ട് നമുക്കെന്താ ഗുണം? പാർട്ടിക്കെന്താ ഗുണം? കായ് പറിച്ച് തിന്നാൻ പറ്റുമോ? പ്രാദേശികതലം മുതൽ തന്നെ പ്രസ്ഥാനത്തിന് പാരിസ്ഥിതികമായ കാഴ്ചപ്പാട് ഉണ്ടായിരുന്നില്ല എന്ന് കാണാം. സാമാന്യജനതയെ പാരിസ്ഥിതികരാഷ്ട്രീയത്തിന്റെ പ്രാധാന്യം വ്യക്തമാക്കിക്കൊടുക്കുന്ന ബദൽ പ്രവർത്തനപദ്ധതി പൊക്കുടൻ രൂപപ്പെടുത്തുന്നുണ്ട്. അതൊരു സമാന്തരവിദ്യാഭ്യാസപ്രവർത്തനമായി മാറി. കേരളം മുഴുവൻ സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ഒട്ടനവധി പഠനക്ലാസ്സുകൾ പൊക്കുടൻ നടത്തി.

വളരെ പതുക്കെയാണെങ്കിലും പൊക്കുടന്റെ പാരിസ്ഥിതികമായ ഇടപ്പെടലുകൾ പ്രസ്ഥാനത്തിന് അംഗീകരിക്കേണ്ടി വന്നു. ശാസ്ത്രസാഹിത്യ പരിഷത്ത് പൊക്കുടന് സ്വീകരണം നല്കാൻ

തയ്യാറായി. എന്നാൽ പൊക്കുടന്റെ പാരിസ്ഥിതികരാഷ്ട്രീയ പ്രവർത്തനത്തെ അറിഞ്ഞാദരിച്ചത് ജെ. ജെ. പള്ളത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന സംസ്കൃതി നാട്ടറിവ് പഠനകേന്ദ്രമായിരുന്നു. ഒരു ലക്ഷത്തിലധികം കണ്ടൽച്ചെടികൾ നട്ടുപിടിപ്പിച്ച പൊക്കുടന്റെ പാരിസ്ഥിതിക അവബോധത്തെക്കുറിച്ച് യൂഗോസ്ലാവിയയിലും ഹംഗറിയിലും ജർമ്മനിയിലും ഒട്ടേറെ ഗൗരവമായ പഠനങ്ങൾ നടക്കുന്നു എന്നത് ആഗോളാടിസ്ഥാനത്തിൽ തന്നെ പാരിസ്ഥിതികരാഷ്ട്രീയം സ്വീകരിക്കപ്പെട്ടു എന്നാണ് വ്യക്തമാക്കപ്പെടുന്നത്. മാത്രമല്ല ഹംഗേറിയൻ പക്ഷിശാസ്ത്രജ്ഞനും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർണിത്തോളജി ഡയറക്ടറുമായ ആന്ദ്രേ ആറ്റില്ല ബങ്കോവിച്ച് പൊക്കുടന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പഠനം നടത്താൻ കണ്ണൂരിൽ എത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ ഇടപെടൽ കൊണ്ട്, യുനസ്കോയുടെ പരിസ്ഥിതികവിഭാഗം പൊക്കുടന്റെ പേര് പ്രത്യേകം പരാമർശിക്കുകയുണ്ടായി.

പാരിസ്ഥിതികമായ അവബോധം പൊതുബോധത്തിനകത്ത് പ്രവർത്തിക്കുമ്പോഴേ മണ്ണും ജലവും പ്രകൃതിവിഭവങ്ങളും നിലനില്ക്കുകയുള്ളൂ എന്ന കാഴ്ചപ്പാട് അവതരിപ്പിക്കാൻ കിട്ടുന്ന അവസരങ്ങളെല്ലാം പൊക്കുടൻ ഉപയോഗിക്കുന്നുണ്ട്. രാഷ്ട്രീയപാർട്ടികൾ ഒരു കാലത്തും പരിസ്ഥിതി അനുകൂലമായ തീരുമാനങ്ങൾ കർശനമായി എടുത്തിട്ടില്ല എന്ന പൊക്കുടന്റെ വിമർശനം ഭരണകൂടത്തിന് പാരിസ്ഥിതികമായ സമീപനം വേണമെന്ന ദർശനത്തിലേക്കാണ് നയിക്കുന്നത്. മാത്രമല്ല പ്രാദേശികമായി വളരെ അബദ്ധമാണ് രാഷ്ട്രീയപ്രസ്ഥാനങ്ങൾ എന്നും അദ്ദേഹം വിമർശിക്കുന്നു. ജാതിയുടെയും വികസനത്തിന്റെയും ഇരകൾ ദളിതരും ആദിമനിവാസികളുമാണെന്ന ചിന്ത ഇന്ന് പ്രബലമാണ്. ഈയൊരു തിരിച്ചറിവിനെ കേരളത്തിലെ പൊതുസമൂഹത്തിനകത്തേയ്ക്ക് നല്കാൻ പൊക്കുടന്റെ പ്രവർത്തനങ്ങൾക്കായി. അദ്ദേഹത്തിന്റെ ജീവിതവും ആഖ്യാനങ്ങളും പാരിസ്ഥിതികരാഷ്ട്രീയത്തിന്റെ ജ്ഞാനവഴികളിൽ പ്രധാനമാകുന്നത് കേവലപരിസ്ഥിതിയിൽ നിന്ന് മുക്തിനേടുന്നതുകൊണ്ടാണ്. പൊക്കുടൻ മുന്നോട്ടുവെയ്ക്കുന്ന ജ്ഞാനത്തിന്റെ രാഷ്ട്രീയമെന്നത് വിപുലമാണ്. വർത്തമാനകാലത്തു നിന്നുകൊണ്ട് ഭാവിയിലെ രാഷ്ട്രീയം തീരുമാനിക്കാനുള്ള വഴികളുണ്ടതിൽ. ജീവിതാനുഭവങ്ങളെയും അതിൽ നിന്ന് നിരൂപിച്ചെടുക്കുന്ന ശാസ്ത്രീയവും യുക്തിനിഷ്ഠവുമായ അറിവാണ് പ്രധാനമായും തദ്ദേശീയജന

തയുടെ ജീവിതാവസ്ഥയെ നിർണ്ണയിച്ചുപോന്നിട്ടുള്ളതെന്ന ഭൗതികസത്യത്തെയാണ് പൊക്കുടന്റെ ആത്മാഖ്യാനങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്. പ്രാദേശികമായ ജ്ഞാനത്തിലൂടെ സ്വയം നവീകരിക്കപ്പെടുന്ന ദർശനമാണത് ലക്ഷ്യമാക്കുന്നത്.

**ഗ്രന്ഥസൂചി**

1.കല്ലേൻ പൊക്കുടൻ, കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം, മീഡിയ മാജിക്, പഴയങ്ങാടി, 2002.
2.കല്ലേൻ പൊക്കുടൻ, എന്റെ ജീവിതം, ഡി.സി.ബി. കോട്ടയം, 2010.
3.കല്ലേൻ പൊക്കുടൻ, ചൂട്ടാച്ചി, പുഴ ജീവികളെക്കുറിച്ചുള്ള പൊക്കുടന്റെ ഓർമ്മകൾ, ഡി.സി. ബുക്സ്, കോട്ടയം, 2010.
4.രാജീവൻ, ബി, വാക്കുകളും വസ്തുതകളും, ഡി.സി.ബി, കോട്ടയം, 2009.
5.കൊച്ച്, കെ.കെ, ആത്മാന്ധതയുടെ അർത്ഥതലങ്ങൾ, ദലിതപാതകൾ, സൈൻ ബുക്സ്, തിരുവനന്തപുരം, 2006
6.പിയേഴ്സൻ, എൻ. എം., ഇക്കോ ഫെമിനിസം, ഇക്കോ ടൂറിസം, കറന്റ് ബുക്സ്, കോട്ടയം, 2003.
7.ഐലയ്യ കാഞ്ച, ഞാനെന്തുകൊണ്ടൊരു ഹിന്ദുവല്ല, (വിവ) സഞ്ജീവ് എസ്, സംവാദം, തിരുവനന്തപുരം, 2001.
8.ജാനു സി. കെ., ജാനുവിന്റെ ആത്മകഥ, ഡി.സി.ബി, കോട്ടയം, 2002.
9.പള്ളത്ത് ജെ. ജെ., ദലിത് വിമോചനം സമസ്യയും സമീക്ഷയും, സംസ്കൃതി, കണ്ണൂർ, 1993.
10.പാമ്പിരിക്കുന്ന്, പ്രദീപൻ, (ഡോ) ദലിത് പഠനം: സ്വത്വം സംസ്കാരം സാഹിത്യം, കേ.ഭാ.ഇ.തിരുവനന്തപുരം, 2004.
11.ബാബുരാജ് കെ.കെ, മറ്റൊരു ജീവിതം സാദ്ധ്യമാണ്, സബ്ജക്ട് ആൻഡ് ലാംഗ്വേജ് പ്രസ്സ്, കോട്ടയം, 2008.
12.Rammohan K. T., Tales of Rice, Centre for Development Studies, Thiruvananthapuram, 2006
13.Rajkumar, Dalit Perosnal Narratives, Orient Backswan, Hyderabad, 2010.

# പിന്നാമ്പുറസിനിമ

**ഡോ.ആർ.വി.എം.ദിവാകരൻ**

## സംഗ്രഹം

വലിയ മൂലധനമാവശ്യമുള്ള കലയായതുകൊണ്ടുതന്നെ സിനിമയിൽ വിപ്ലവകരമായി ഇടപെടാൻ കഴിയാതെ പ്രാന്തവൽക്കരിക്കപ്പെട്ടു കഴിഞ്ഞിരുന്ന നിരവധി വിഭാഗങ്ങളുണ്ട്. സ്ത്രീകൾ, കറുത്തവർ, ആദിവാസികൾ, ക്യൂർ വിഭാഗങ്ങൾ, ഗ്രാമവാസികൾ എന്നിങ്ങനെ വലിയൊരു വിഭാഗം സിനിമയുടെ വെളുത്തപുരുഷന്റെ ഹെഗ്രോനോട്ടത്തിന് കീഴ്പ്പെട്ട് പ്രതിനിധാനപരമായിമാത്രം, സിനിമയിൽ അടയാളപ്പെട്ടുപോന്നു. പ്രതിനിധാനത്തിനപ്പുറം അത്തരം കർതൃത്വങ്ങൾ സിനിമയിലുണ്ടാവുന്നതിന്റെ സൂചനകൾ അന്വേഷിക്കുന്നു ഈ പ്രബന്ധം. സാങ്കേതികവിദ്യയുടെ വ്യാപനവും ഭാവുകത്വത്തിൽവന്ന വിച്ഛേദവും അരികുവൽകൃതരുടെ സിനിമാപ്രവേശത്തിന് കളമൊരുക്കുന്നു.

**താക്കോൽവാക്കുകൾ:** പ്രാന്തവൽക്കരണം, നവതലമുറസിനിമ, ക്യൂർ, ഓയ്റ്റർ, പ്രതിനിധാനം

സമൂഹത്തിന്റെ പൊതുവായ നേട്ടങ്ങളിൽനിന്നും മുന്നേറ്റങ്ങളിൽനിന്നും അധികാരഘടനയിൽനിന്നും ചില മനുഷ്യർ മാത്രം ഒഴിവാക്കപ്പെടുകയോ തരംതാഴ്ത്തപ്പെടുകയോ ചെയ്യപ്പെടുന്ന സാമൂഹികാവസ്ഥയാണ് ലളിതമായ അർത്ഥത്തിൽ പ്രാന്തവൽക്കരണം. സാമൂഹികമായും സാമ്പത്തികമായും ചിലപ്രത്യേക മനുഷ്യഗണങ്ങൾമാത്രം ഇങ്ങനെ പ്രാന്തവൽക്കരിക്കപ്പെടുന്ന പ്രതിഭാസം ഒട്ടും പുതുതല്ല. എന്നാൽ അരികു/പ്രാന്തവൽക്കരണം

അഥവാ മാർജിനലൈസേഷൻ എന്ന സാംസ്കാരികസങ്കല്പനം താരതമ്യേന പുതിയതും ജനാധിപത്യ ആശയങ്ങളുടെ പ്രയോഗഭൂമികകളിൽമാത്രം വിലപ്പോവുന്നതുമായ ഒന്നത്രേ. നിയോക്ലാസിക് സാമ്പത്തികശാസ്ത്രം ചില സമൂഹങ്ങൾമാത്രം അരികുകളിലാവുന്നതിന്റെ പൊരുളന്വേഷിച്ചിരുന്നു. രാഷ്ട്രീയസംവാദങ്ങളിലോ സാമൂഹികവും സാമ്പത്തികവുമായ വിലപേശലുകളിലോ പങ്കില്ലാതെ മാറ്റിനിർത്തപ്പെടുന്ന സമൂഹങ്ങൾ; വംശം, മതം, ജാതി, തൊഴിൽ, ലിംഗം, പ്രായം എന്നിങ്ങനെ നിരവധി ഘടകങ്ങൾകാണാം അതിന്. സാമ്പത്തിക ചിന്തകൻ ആൽഫ്രഡ് മാർഷലും മറ്റും 'കൾച്ചർ ഓഫ് പോവർട്ടി' എന്നു വിശേഷിപ്പിച്ച ഈ പ്രതിഭാസത്തെ കാൾ മാർക്സ് 'കരുതൽ തൊഴിൽപ്പട' (റിസർവ് ആർമി ഓഫ് ലേബർ) എന്നമട്ടിൽ വിശദീകരിക്കാൻ ശ്രമിക്കുന്നതുകാണാം. തെരുവോരങ്ങളിൽ കഴിയാൻ നിർബന്ധിക്കപ്പെടുന്ന തൊഴിലില്ലാപ്പടയുടെ ദാരിദ്ര്യാവസ്ഥമാത്രമല്ല ഇന്ത്യനന്തരീക്ഷത്തിൽ പ്രാന്തവൽക്കരണം എന്നു നമുക്കറിയാം. സാമ്പത്തികമായ ഉയരെനില്ക്കുമ്പോഴും കീഴ്ജാതിക്കാർ സാമൂഹികമായി പ്രാന്തവൽകൃതരാണ്. ജാതീയമായി വലിയ കൊമ്പത്താണെങ്കിലും അന്തർജനങ്ങൾ പ്രാന്തവൽകൃതരായിരുന്നു. ഒറ്റയുക്തിയിൽ വിവരിക്കാവുന്ന ഒന്നല്ല ഈ പ്രതിഭാസമെന്നു ചുരുക്കം. പിൽക്കാലത്ത് സംസ്കാരപഠനത്തിന്റെയും കോളനിയാനന്തരചിന്തകളുടെയും നവമാർക്സിസത്തിന്റെയും ആലോചനാമണ്ഡലത്തിലാണ് അരികുജനതയെക്കുറിച്ചുള്ള ആശങ്കകൾ മൂർത്തരൂപം നേടുന്നത്.

അനുഭവങ്ങളുടെ അരികുവൽക്കരണമായി കോളനിയാനന്തരചിന്തകൾ ഈ സാമൂഹിക സാമ്പത്തിക പ്രതിഭാസത്തെ നിർവ്വചിക്കാൻ ശ്രമിക്കുന്നുണ്ട്. ആണധികാരവ്യവസ്ഥ, സാമ്രാജ്യത്വം, വംശാധിപത്യവ്യവസ്ഥ തുടങ്ങിയ അധീശവ്യവഹാരങ്ങളിൽ, അതിന്റെ ഘടനാപരമായ ദ്വന്ദ്വാത്മകയുക്തിയിൽ ചില സമൂഹങ്ങൾ അരികിലേക്ക് മാറ്റിനിർത്തപ്പെട്ടു. സാമൂഹികമായ മാറ്റിനിർത്തൽ- സോഷ്യൽ എക്സ്ക്ലൂഷൻ. ചില അനുഭവങ്ങൾ വെറും ഉപരിപ്ലവമായി ചിത്രീകരിക്കപ്പെട്ടു. അരികുകൾ-മാർജിൻ എന്നത് ഭൂപരമല്ല, അധികാരപരമാണ് എന്നോർക്കണം. അരികുവൽക്കരണത്തിനെതിരായ പ്രതിരോധങ്ങൾ കേന്ദ്രം-പ്രാന്തം എന്ന ദ്വന്ദ്വത്തെ ചുറ്റിപ്പറ്റിയുള്ളതാകയാൽ അത് പലപ്പോഴും കേന്ദ്രവിരുദ്ധമായ ഒന്നാകാൻ സാധ്യതകൂടും. അധികാരത്തിന്റെ ബലതന്ത്രങ്ങൾ പലപ്പോഴും പ്രച്ഛന്നവും അദൃശ്യവുമൊക്കെയാക

യാൽ പ്രതിഷേധങ്ങളുടെ മൂർച്ച കുറയാം. കേന്ദ്ര-പ്രാന്തങ്ങളെ നിർണയിക്കുന്ന ദ്വന്ദ്വാത്മകയുക്തികളെ അപനിർമിക്കുകയെ ജോലിയാണ് അരികുവൽക്കരത്തെ ചെറുക്കാൻ ആദ്യംചെ യ്യേണ്ടതെന്ന് കോളനിയാനന്തരചിന്തകൾ ഓർമ്മിപ്പിക്കുന്നു. അരിക് എന്ന ഒറ്റപ്രതിഭാസമില്ലെന്നത് പ്രധാനമാണ്. മൂന്നാം ലോകരാജ്യങ്ങൾ സാമ്രാജ്യത്വ, ഒന്നാംലോകദൃഷ്ടിയിൽ അരികുക ളാണെങ്കിൽ അവയപ്പാടെ, എല്ലാകാലത്തേക്കും അതിരില്ലതാനും. അതിനകത്തുതന്നെ കേന്ദ്രവും പ്രാന്തവും താരതമ്യാത്മകമായി പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. അധികാരത്തിന്റെ ശ്രേണീപര മായ യുക്തികളെക്കുറിച്ചുള്ള ഫൂക്കോൾഡിയൻ ചിന്തകളിൽ ഈ ആവലാതികൾ കാണാം.

## പിന്നാമ്പുറസിനിമ

വൻതോതിൽ മൂലധനമാവശ്യമുള്ള കലയായതുകൊണ്ടുതന്നെ 'മുതലാളിത്തത്തിന്റെ കല'യായതുകൊണ്ടുതന്നെ സിനിമയിൽ വിപ്ലവപാരത കുറയും എന്നു പറയാറുണ്ട്. മൂലധനമുണ്ടെങ്കിൽ മൂലധനതാല്പര്യവുമുണ്ടാവും. നൂറുശതമാനം വിപ്ലവാത്മകമായ സിനിമ സാധ്യമല്ലെന്ന് ചിലിയൻ സംവിധായകൻ മിഗ്വേൽ ലിറ്റിൻ ഒരിക്കൽ ഏറ്റുപറഞ്ഞിട്ടുണ്ട്. നവചിലിയൻ സിനിമയുടെ ആരംഭംകുറിച്ച ജക്കാൾ ഓഫ് നഹേൽതോറോ (1969) തൊട്ട്, പിനോഷേഭരണകാലത്ത് ഡോസ ദ്വീപിലേക്ക് നാടുകടത്തപ്പെട്ട തടവുകാരുടെ കഥപറയുന്ന ഡോസ ഇസ്ല ടെൻ (2009) എന്ന വിപ്ലവസിനിമയുൾപ്പെടെ, അരികുജീവിതങ്ങളുടെ കഥകൾ ഏറെ പറഞ്ഞയാളാണ് ലിറ്റിൻ. വിപ്ലവകരമായ കവിതയോ കഥയോ മുദ്രാവാക്യമോ ഉണ്ടാക്കുന്ന കരുത്തോടെ സിനിമ ഉണ്ടാക്കാൻ പ്രയാസമാണ്. സിനിമ അറിയാതെ വാർന്നുവീഴുന്ന പ്രതി ഷേധസ്വരമോ നിലവിളിയോ അല്ല. ബോധപൂർവം കൂട്ടായി നിർമ്മിച്ചെടുക്കുന്ന ഒന്നാണത്. അരികുവൽകൃതഗണങ്ങളുടെ ചലച്ചിത്രപ്രാതിനിധ്യത്തെ ഈയൊരു ധാരണാപരിസരത്തുനിന്നു വേണം സമീപിക്കാൻ.

ചലച്ചിത്രത്തിലെ കർതൃത്വമെന്നത്, അതിലെ പ്രതിനിധാ നയുക്തികളിൽ മാത്രം അന്വേഷിച്ചാൽ പോരെന്ന് വാദിക്കുന്ന ചിന്താപദ്ധതികളുണ്ട്. ഫെമിനിസ്റ്റ് ചലച്ചിത്രവിമർശനങ്ങളിൽ ഈ ആശയം കാണാം. ലോറാ മൽവിയുടെ 'കഥാസിനിമയും

ദൃശ്യാനന്ദവും' (1975) എന്ന പ്രസിദ്ധപ്രബന്ധത്തിൽ, ഘടനാവാദാനന്തരചിന്തകളിലെ കർതൃ-കർമ്മ ദ്വന്ദ്വത്തെ അവതരിപ്പിക്കുന്നത് ഒരുദാഹരണം. സിനിമയിൽ പുരുഷനാണ് കർതൃസ്ഥാനത്ത്. അതും വെളുത്ത പുരുഷൻ. പുരുഷന്റെ തുറിച്ചുനോട്ടമാണ്-മെയ്ൽ ഗേസ്-ക്യാമറ പങ്കുവെക്കുന്നത്. അവന്റെ ദൃശ്യാനന്ദത്തെ സംതൃപ്തമാക്കുംവിധമാണ് സിനിമയുടെ ഘടനതന്നെ ഇരുട്ടിൽ ഒളിഞ്ഞുനോക്കുന്ന കാണിയും പങ്കുവെക്കുന്നത് ഈ ഗേസ് ആണ്-ഒരുതരം ദൃശ്യ രതി-വൊയറിസം. ചലച്ചിത്രശാലയിലിരിക്കുന്ന സത്രീയുടെ നോട്ടത്തെക്കുറിച്ചാലോചിക്കുകയും അതിനെ സിദ്ധാന്തീകരിക്കുകയുമാണ് ലോറ മൽവി അത് ചെയ്തത്.

കർത്താവ് ആക്ടീവാണ്, കർമ്മം പാസ്സീവും. വ്യാകരണത്തിലെ കർത്താവും കർമ്മവും പോലെ. കുട്ടി പട്ടം പറത്തുന്നു എന്ന വാക്യത്തിലെ കുട്ടി കർത്താവും പട്ടം കർമ്മവുമാണല്ലോ. സിനിമയിൽ സവർണപുരുഷനായകന് ഈ കർതൃപദവി (സബ്ജക്ട് പൊസിഷൻ) കൈവരുന്നത് കഥയുടെ പതിവു നായകകേന്ദ്രിതഘടനകൊണ്ടുമാത്രമല്ല. സിനിമയിലെ കർതൃപദവി കഥാപാത്രത്തിന്റെ ലിംഗം, വംശം, ജാതി, ഭാഷ, ദേശം തുടങ്ങി പല ഘടകങ്ങളാൽ നിർണീതമാണ്. അതിന്റെ നിർവഹണമാവട്ടെ ചലച്ചിത്രഘടകങ്ങളാലാണ്. ക്യാമറയുടെ നോട്ടം അവന്റെ നോട്ടമാണ്. അവന്റെ വീക്ഷണകോണിലാണ് അവൾ സ്ഥാനപ്പെടുന്നത്. സബ്ജക്ടീവ് ഷോട്ട്, പോയിന്റ് ഓഫ് വ്യൂ ഷോട്ട് തുടങ്ങിയവയുടെ ഘടനയിൽ ഇത് പ്രകടമാണ്. അവന്റെ നോട്ട്പ്പാടിലേ അവളുള്ളൂ എന്ന ചുരുക്കം. ക്ലോസപ്പുകൾ അവനുള്ളതാണ്. അവന്റെ കർതൃത്വം ഊട്ടിയുറപ്പിക്കാൻ വേണ്ടി രൂപംകൊണ്ടവ. അവളുടെ ക്ലോസപ്പുകൾ ആനന്ദദായകവും കാമനാത്മകവുമാണ്. ശരീരഭാഗങ്ങളെ പ്രദീപ്തമാക്കുന്ന ലൈറ്റിങ്, ഹൈ ആങ്കിൾ ഷോട്ടുകൾ, ശരീരത്തിന്റെ അടിമുടി വ്യക്തമാക്കുന്ന ടിൽട്ട് ഷോട്ടുകൾ, നായകവീക്ഷണം വ്യക്തമാക്കുന്ന പാൻ ഷോട്ടുകൾ എന്നിങ്ങനെ പോകുന്ന കർതൃസ്ഥാപനവിദ്യകൾ.

ഈ ആശയം സ്വീകരിക്കുകയാണെങ്കിൽ, സിനിമ മുതലാളിത്തകലയാണെന്ന് കണ്ടതുപോലെ പുരുഷകലയുമാണെന്ന് പറയേണ്ടിവരും. സിനമയുടെ നോട്ടം തന്നെ പുരുഷന്റെ ആധിപത്യനോട്ടമാണെങ്കിൽ അതിനെ പ്രതിരോധിക്കുന്നതെങ്ങനെ?

സിനിമയുടെ കർതൃപദവിയെന്നത് അതിന്റെ അർത്ഥോല്പാദനസങ്കേതങ്ങൾക്കുമേലുള്ള അവകാശമാണെന്ന് ഒരർത്ഥത്തിൽ പറയാം. സിനിമയുടെ പ്രമേയേതിവൃത്തങ്ങൾ, തിരക്കഥ, സംവിധാനം, ഛായാഗ്രഹണം, എഡിറ്റിങ്, നടനശരീരം, വസ്ത്രാലങ്കാരം, ലൈറ്റിങ്, മേക്കപ്പ്, ശബ്ദവിന്യസനം തുടങ്ങി സങ്കേതങ്ങളുടെ ഓരോ ഇടവും അർത്ഥനിർണയത്തിൽ പങ്കേടുക്കുന്നുണ്ടെന്നത് വാസ്തവം. ഇവയ്ക്കുമേൽ പരിപൂർണനിയന്ത്രണം സാധ്യമാവുമ്പോഴേ സിനിമയുടെ 'അർത്ഥം' നമ്മുടെ വരുതിയിൽ വരൂ. ചലച്ചിത്രവ്യവസായമേഖലയെ മുഴുവൻ വരുതിയാക്കാൻ പറ്റിയാലേ ഇത് ഒരളവുവരെയെങ്കിലും സാധിക്കുവെന്നു പറയേണ്ടിവരും. ചലച്ചിത്രസംവിധായകന് (പുരുഷപ്രത്യയം ബോധപൂർവം) ഈ ഘടകങ്ങളുടെ മേൽ സവിശേഷ ആധിപത്യമുണ്ട് എന്ന് അംഗീകരിച്ചാൽ, സംവിധായകപദവി ലഭിക്കുന്നതോടെ സിനിമ തന്റേതായി എന്ന് ഒരാൾക്ക് മേനിപറയാനാവും. 'ഫിലിം' എന്ന സവിശേഷ ഉല്പന്നത്തെ ഇങ്ങനെ നിർമ്മിച്ചെടുക്കാം. എന്നാൽ 'സിനിമ' എന്ന ചലച്ചിത്രപ്രസ്ഥാനത്തെയോ? 'ഫിലി'മാണ് നമ്മുടെ ഉല്പന്നം. 'സിനിമ'യിൽ ഫാൻസും തിയറ്റർ ശൃംഖലയും ഗാനവ്യവസായവും ടെലിവിഷനും മാസികകളും സിനിമയുടെ പാഠാന്തരബന്ധങ്ങളും ഒക്കെ ഉൾപ്പെടുന്നുണ്ട്. അതിന്റെ അർത്ഥോല്പാദനയുക്തികൾ നമ്മുടെ വരുതിയിലല്ലതന്നെ (സിനിമ-ഫിലിം ദ്വന്ദ്വം ലാങ്-പരോൾ എന്ന സൊസ്യൂറിയൻയുക്തിയിലാണ് ഘടനവാദാനന്തരചലച്ചിത്രസൈദ്ധാന്തികർ ഉപയോഗിക്കുന്നത്. സിനിമ വ്യവസ്ഥയും ഫിലിം പ്രയോഗവുമത്രേ. ഇൻഡിവിഡ്വൽ ഫിലിമല്ല സിനിമ, അതിൽ സിനിമാനോട്ടീസുമുതൽ ചലച്ചിത്രസംഘടനകളും കേസുകളും പത്രസമ്മേളനങ്ങളും ഗോസിപ്പുകളുംവരെയുൾപ്പെടും. നമ്മൾ പക്ഷേ ഇവയെ പര്യായങ്ങളായാണ് ഉപയോഗിക്കാറ്)

'സ്ത്രീസിനിമ'യുടെ നിർവചനത്തിൽത്തന്നെ ഈയൊരു പ്രതിസന്ധികാണാം. സിനിമയുടെ മുഖ്യകർതൃപദവികളായ സംവിധാനം, രചന, ഛായാഗ്രഹണം, എഡിറ്റിങ് എന്നിവയിലൊന്ന് സ്ത്രീയാണ് കൈകാര്യം ചെയ്യുന്നതെങ്കിൽ അവൾക്ക് സിനിമയുടെ കർതൃത്വം ലഭിക്കുമോ എന്നത് തർക്കവിഷയമാണ്. ഓഥർ (auteur എന്ന് ഫ്രഞ്ചിൽ) എന്ന സാങ്കേതികപദം ഏകച്ഛത്രാധിപതിയായ സംവിധായകനെയാണ് മുൻവെക്കുന്നത് എന്നതിനാൽ ഓഥറാവണമെങ്കിൽ സ്ത്രീ, സിനിമയുടെ സംവിധായികതന്നെയാവണം എന്ന നിലപാടിനാണ് പ്രാബല്യം

ലഭിക്കുന്നത്. ഈ നോട്ട്പ്പാട് ശരിയാണെന്താനും. സംവിധായിക മാത്രമേ തന്റെ സിനിമ മുഴുവനായും 'പെർസീവ്' ചെയ്യുന്നുള്ളൂ എന്നതുതന്നെയാണ് അതിനടിസ്ഥാനം. ചലച്ചിത്രം സംവിധായകരുടെ(മാത്രം)കലയാണ് എന്ന ധാരണ പ്രബലമാകുന്നത് 1960-കളിൽ 'ഒയ്റ്റർ'സിദ്ധാന്തത്തോടെയാണ്. കഹേ ദു സിനിമാ മാസികയും (ഫ്രാൻസ്) മൂവിമാഗസിനും (ലണ്ടൻ), ആന്ദ്രേ ബസീൻ, ആൻഡ്രൂ സാരിസ് തുടങ്ങിയ സംവിധായകരും ഒരു പ്രസ്ഥാനമാക്കി അവതരിപ്പിച്ച കർതൃത്വസിദ്ധാന്തം, ചലച്ചിത്രനിർമ്മാണത്തിൽ സംവിധായകരെ 'രചയിതാവായി' പ്രതിഷ്ഠിക്കുന്നു. സിനിമ ഒരു സംഘടിതകലയാണെന്നതും സ്റ്റുഡിയോ സംവിധാനത്തിനും തിരക്കഥാകൃത്തിനും എഡിറ്റർക്കും ഫോട്ടോഗ്രാഫർക്കും നടീനടന്മാർക്കുംതൊട്ട് ലൈറ്റ് ബോയ്, കുക്ക് തുടങ്ങിയവർക്കുവരെയുള്ള കൂട്ടുത്തരവാദിത്തത്തിൽ ഒന്നു മാത്രമാണ് സംവിധായകരുടേത് എന്നമട്ടിലുള്ള വാദങ്ങൾ ഇതിനു ബദലായി ഉയർന്നുവന്നു. ഓഥർ തിയറി രണ്ടുതരം സംവിധായകരെ അവതരിപ്പിക്കുന്നു; യാഥാർഥസ്രഷ്ടാവ് എന്നു വിളിക്കാവുന്ന ഒയ്റ്റർമാരും (auteurs), നേരത്തേപറഞ്ഞ സകലരെയും കൂട്ടിയോജിപ്പിക്കുന്ന വെറും സംഘാടകരും (metteur en scine). സ്രഷ്ടാക്കളാണ് യഥാർഥസംവിധായകരെന്നും ചലച്ചിത്രനിർമ്മാണത്തിൽ സംവിധായകന് വ്യക്തമായ മേൽക്കൈയുണ്ടാവണമെന്നും അയാളുടെ കയ്യൊപ്പ് ചിത്രത്തിലുണ്ടാവണമെന്നും ഓഥർ സിദ്ധാന്തം അനുശാസിക്കുന്നു. പിൽക്കാലത്ത്, ഓഥറുടെ മരണം പ്രഖ്യാപിച്ച റൊളാങ് ബാർത്തിന്റെയും മറ്റും ഘടനാവാദാനന്തരചിന്തകളും മാർക്സിസ്റ്റ് സമീപനങ്ങളും മറ്റൊരു രീതിയിൽ കർതൃത്വ സിദ്ധാന്തത്തെ ചോദ്യംചെയ്തു. ചലച്ചിത്രത്തിൽ സംവിധായകന്റെ പങ്കിനെ പുരഃക്ഷേപിക്കുന്നത് (fore-grounding) ശരിയല്ലെന്നും ചലച്ചിത്രത്തിലെ പലതരം ഘടനകളിൽ ഒന്നുമാത്രമാണ് സംവിധായകരെന്നും ചലച്ചിത്രാർഥമുല്പാദിപ്പിക്കുന്നത്, സംവിധായകർക്കു പങ്കില്ലാത്ത പലഘടകങ്ങളുടെയും പ്രവർത്തനഫലമായാണെന്നും കാണി(spectator)ക്കും ഇതിൽ പങ്കുണ്ടെന്നുമൊക്കെ ഇവർ വാദിച്ചു. പലതരം പാഠാന്തര ബന്ധങ്ങളാണ് (intertextual relations) ചലച്ചിത്രാർത്ഥമുല്പാദിപ്പിക്കുന്നത്. നവമനോവിശ്ലേഷണ സിദ്ധാന്തം, ഫെമിനിസം, അപനിർമ്മാണം, ചിഹ്നവിജ്ഞാനീയം തുടങ്ങിയ ചിന്താധാരകളും ഈ വീക്ഷണം പ്രബലമാകുന്നതിൽ പങ്കുവഹിച്ചിട്ടുണ്ട്. സംവിധായകരുടെ പിടിയിൽനിന്ന് ചലച്ചിത്ര സൂചകങ്ങൾ വഴുതിപ്പോകുന്നു. അർത്ഥമുല്പാദിപ്പിക്കുന്ന

ചിഹ്നങ്ങളുടെ നൈരന്തര്യമായി ചലച്ചിത്രപാഠം മാറുന്നു. സംവിധായകർ കരുതുന്നതുപോലെ ഒരു നിഷ്കളങ്കപാഠം ഇല്ല. പാഠങ്ങളുടെ വിവിധ അടരുകളാണുള്ളത്. അപ്പോഴും കർത്താവ് ഒരൊഴിയാബാധപോലെ പാഠത്തെ ചുറ്റിപ്പറ്റിയുണ്ടാവുമെന്ന് കർതൃധർമ്മത്തെ പ്രശ്നവൽക്കരിച്ച മിഷേൽ ഫൂക്കോ നിരീക്ഷിക്കുന്നുണ്ട്. ബാർത്ത് ചെയ്തതുപോലെ കർത്താവ്- വായനക്കാർ എന്ന ദ്വന്ദ്വമുണ്ടാക്കുന്നില്ല ഫൂക്കോ. മറിച്ച് കർത്താവിനെ ഒരു നിർമ്മിതിയായി കാണുകയാണ് ചെയ്തത്. പ്രാന്തവൽകൃതരുടെ സിനിമയെക്കുറിച്ചാലോചിക്കുമ്പോൾ ഈ ആശയം വളരെ പ്രധാനപ്പെട്ടതാണ്.

**പെൺസിനിമ**

ഫെമിനിസ്റ്റ് ചലച്ചിത്രപ്രസ്ഥാനങ്ങളുടെയും സിദ്ധാന്തങ്ങളുടെയും ഭൂമിക വിശാലവും അതീവസമ്പവുമാണ്; ചുരുങ്ങിയപക്ഷം വികസിതനാടുകളിലെങ്കിലും. അതേസമയം മുഖ്യധാരാസിനിമയുടെ അതിവിശാലതയ്ക്കുമുമ്പിൽ സ്ത്രീസിനിമ നാമമാത്രമാണുതാനും. ലോറാ മൽവിയും മറ്റും സ്ത്രീസിനിമയിൽ രണ്ടു പ്രശ്നമേഖലകൾ തിരിച്ചറിയുന്നുണ്ട്. സ്ത്രീയെ കാണിയാണ് ഒന്ന്. മറ്റൊന്ന് സ്ത്രീക്കുവേണ്ടി നിർമ്മിക്കപ്പെടുന്ന മെലോഡ്രാമയും. നമ്മുടെ ടെലിവിഷൻ സീരിയലുകൾ പോലെ സ്ത്രീയെ മുഖ്യ ഉപഭോക്താവായി കാണുകയും; പെണ്ണിന്റെ മനസ്സിതാണ്, അവൾക്കിതാണ് വേണ്ടത് എന്ന നാട്യത്തോടെ പുറത്തുവരികയും ചെയ്യുന്ന മെലോഡ്രാമകളെ സ്ത്രീസിനിമാവാദികൾ ഗൗരവത്തോടെയാണ് സമീപിക്കുന്നത്. കർതൃപദവിനേടുന്ന സംവിധായികയ്ക്ക് സ്ത്രീയെ സംബന്ധിച്ച് പുരുഷപ്രധാനമായ ലോകബോധം നിർമ്മിച്ചുവച്ച വാർപ്പുധാരണകളെ (സ്റ്റീരിയോടൈപ്പുകൾ) പൊളിക്കുക എളുപ്പമല്ല എന്ന് സ്ത്രീസിനിമ തിരിച്ചറിയുന്നുണ്ട്.

1896- ൽ, സിനിമയെ സൂത്രവിദ്യയ്ക്ക് ഒരു വയസ്സാവുംമുമ്പുതന്നെ സ്ത്രീകൾ മൂവിക്യാമറ കയ്യിലെടുത്തിരുന്നു. (ആലിസ് ഗൈട്ടാഷ് ആണ് ആദ്യമായി ഫീച്ചർസിനിമ നിർമ്മിച്ച സ്ത്രീ. ദ കാബേജ് ഫെയ്റി എന്നതാണ് ആ ഒറ്റമിനുട്ട് ചിത്രം! ഇത് യൂട്യൂബിൽ ലഭ്യമാണ്. നൂറുകണക്കിന് ഷോർട്ട് ഫിലിമുകൾ അക്കാലത്ത് അവർ നിർമ്മിച്ചു.) സിനിമയുടെ ആദ്യദശകത്തിൽ സ്ത്രീകൾക്ക് ലഭിച്ചിരുന്ന ഈ പ്രാതിനിധ്യം ഹോളിവുഡ് സ്റ്റുഡിയോസംസ്കാരത്തിന്റെ

ഉദയത്തോടെ അസ്തമിച്ചു. പുരുഷന്റെ കേളീരംഗമായി, അവന്റെ കാമനകളുടെ ആയുധപ്പുരകളായി സ്റ്റുഡിയോസംവിധാനം മാറുന്നതിന്റെ ചിത്രം ചലച്ചിത്രചരിത്രത്തിൽ കാണാം. ഡൊറോത്തി ആർസ്നറിനെയും ഇഡാ ല്യൂപിനോവിനെയും പോലെ അപൂർവം ചില സ്ത്രീകളേ അക്കാലത്ത് ഹോളിവുഡ്ഡിൽ പിടിച്ചുനിന്നിരുന്നുള്ളൂ.

പിൽക്കാലത്ത് സ്വയാശ്രയ (ഇൻഡിപെൻഡൻഡ്) ചലച്ചിത്ര നിർമ്മാണത്തിന്റെ വഴിയിൽ ലോകമെങ്ങുമായി നിരവധി സ്ത്രീകൾ നിലയുറപ്പിച്ചു. വലിയ മൂലധനത്തെയും വലിയ കെട്ടുകാഴ്ചകളെയും ഒഴിവാക്കുന്ന 'സിനിമ ഓഫ് പോവർട്ടി'യാണ് ഇൻഡിപെൻഡന്റ് സിനിമ. യൂറോപ്പിലും ലാറ്റിനമേരിക്കൻ നാടുകളിലും ഏഷ്യയിലും ആഫ്രിക്കയിലുമെല്ലാം ഇത്തരം ചെറുസംരംഭങ്ങൾ പ്രത്യക്ഷപ്പെട്ടതും തിടംവെച്ചതും 1970-കളിലും 1980-കളിലുമാണ്. വമ്പൻ മൂലധനശക്തികളാൽ നിയന്ത്രിക്കപ്പെടുന്ന ഒന്നാംസിനിമയ്ക്കും കർതൃത്വപരമായ രണ്ടാംസിനിമയ്ക്കും ബദലായ മൂന്നാംസിനിമയിലാണ് സ്ത്രീകൾ തങ്ങളുടെ ശബ്ദം കേൾപ്പിച്ചത്. ആഫ്രോ-ക്യൂബൻ സംവിധായിക സാറാ ഗോമസ്, കരീബിയൻ വംശജയായ സാറാ മൽദൊറോർ തുടങ്ങിയവർ എഴുപതുകളുടെ തുടക്കത്തിൽ ഇത്തരം സംരംഭങ്ങൾ തുടങ്ങിവെച്ചവരാണ്. ബ്രെഹ്തിയൻ കോളനിയാനന്തര ഫെമിനിസ്റ്റ് ചിത്രമായാണ് സാറാ ഗോമസിന്റെ വൺവേ ഓർ അനദർ (1977) എന്ന ക്യൂബൻ സിനിമ അറിയപ്പെടുന്നത്. മുപ്പതാംവയസ്സിൽ മരിച്ച സാറാ ഗോമസ് നിരവധി ഡോക്യുമെന്ററികളും നിർമ്മിച്ചിട്ടുണ്ട്. വിപ്ലവാനന്തര ക്യൂബ, ഹോളിവുഡ്ഡിന്റെ സാംസ്കാരികാധിനിവേശത്തെ സ്വന്തം സിനിമകൊണ്ട് ചെറുക്കാൻ രൂപീകരിച്ച ചലച്ചിത്രനിർമ്മാണ സംരംഭത്തിൽ സാറ അംഗമായിരുന്നു. 'ഇംപെർഫെക്ട് സിനിമ' എന്നാണ് ക്യൂബ അക്കാലത്ത് തങ്ങളുടെ പ്രതിരോധ സിനിമകളെ വിശേഷിപ്പിച്ചിരുന്നത്. സാങ്കേതികമോ സൗന്ദര്യപരമോ ആയ തികവല്ല, സന്ദേശമാണ് കാര്യം എന്നർഥം. അംഗോളയിലെ വനിതാവിപ്ലവചെറുത്തുനില്പുകളെ അടയാളപ്പെടുത്തിയ സാംബിസാംഗ (1972) ആണ് മൽദൊറോറിന്റെ മുഖ്യസംഭാവന. കൊളംബിയ, പെറു, ബ്രസീൽ തുടങ്ങിയ ലാറ്റിനമേരിക്കൻ രാജ്യങ്ങൾതൊട്ട് നമ്മുടെ ഉപഭൂഖണ്ഡത്തിൽവരെ ഇതിന് തുടർ ചലനങ്ങളുണ്ടായി.

എല്ലാ നാട്ടുകളിലെയും സ്ത്രീസംവിധായരെ ലിസ്റ്റുചെയ്യേണ്ട കാര്യമില്ലതന്നെ അമേരിക്കൻ നർത്തകിയായ യോനേ റെയ്നറുടെ ദ മാൻ ഹൂ എൻവീഡ് വിമൻ (1985) പോലുള്ള സിനിമകളെ മുൻനിർത്തി, ഫെമിനിസ്റ്റ് ചലച്ചിത്രചിന്തക, മേരി ആൻ ഡോണേ (Women's sake: Filming the Female Body,1988) നിരീക്ഷിച്ച ഒരു വസ്തുത എടുത്തുപറയണം. സ്ത്രീശരീരത്തിനു സവിശേഷമായുള്ള 'വിന്യസനഘടന'യുടെ വിപുലനമാണ് ഇത്തരം സിനിമകൾ എന്നായിരുന്നു അവരുടെ നിരീക്ഷണം. 'ഫീമെയ്ൽ സിന്റാക്സ്' എന്നൊരു മനശ്ശാസ്ത്രപരവും ചലച്ചിത്രഭാഷാപരവുമായൊരു സംവർഗ്ഗത്തെയാണ് ഡോണെ മുൻവെക്കുന്നത്.

സ്ത്രീയെന്ന നിലയിൽ സവിശേഷമായും കറുത്തവർ എന്ന നിലയിൽ സാമാന്യമായും അരികുവൽകരിക്കപ്പെട്ട കറുത്തവർഗ്ഗക്കാരായ സ്ത്രീകൾ, തങ്ങൾക്ക് സവിശേഷമായ പ്രശ്നങ്ങളുണ്ട് എന്നു വിളിച്ചുപറയുകയും ബ്ലാക്ക് ഫെമിനിസ്റ്റ് ചിത്രങ്ങൾ നിർമ്മിച്ച് രംഗത്തുവരികയുംചെയ്തിട്ടുണ്ട്. ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിൽത്തന്നെ കറുത്തസ്ത്രീകൾ സിനിമനിർമ്മിച്ചിരുന്നുവെങ്കിലും അതൊരു വിപ്ലവപ്രവർത്തനമായി മാറുന്നത് പിൽക്കാലത്താണ്. ലോസ് ആഞ്ചലസിലെ കാലിഫോർണിയ സർവകലാശാലയിൽനിന്ന് സിനിമ പഠിച്ചിറങ്ങിയ ഒരുകൂട്ടം കറുത്തവർ സ്ഥാപിച്ച 'ലോസ്ആഞ്ചലസ് റബലിയൻ' എന്ന ചലച്ചിത്ര ഗ്രൂപ്പ് ഈ മുന്നേറ്റങ്ങൾക്ക് 1970-80കളിൽ ഊർജം പകർന്ന പ്രസ്ഥാനമാണ്. ജൂലി ഡാഷ്, പരീക്ഷണസിനിമകളുടെയും ഡോക്യുമെന്ററികളുടെയും സംവിധായിക സൈനബു ഐറിൻ ഡേവിസ്, എലൈൽ ഷാരോ ലാർകിൻ, ബാർബറാ മക്കുളോ തുടങ്ങിയ സംവിധായികമാർ ഇവരിൽ പ്രധാനികളാണ്. അരികുവൽക്കരിക്കപ്പെട്ട കറുത്ത സ്ത്രീകളുടെ പ്രതിരോധമായും ഹോളിവുഡ് ജനപ്രിയസിനിമയ്ക്ക് ബദലായുംആണ് ഇവരെല്ലാം സ്വന്തം സിനിമകളെ വിശേഷിപ്പിക്കുന്നത്. യോനേ വെൽബോ, കരീബിയൻ സംവിധായിക ഫ്രാസെസ് ആനി ശലമോൻ തുടങ്ങി കറുത്ത സ്ത്രീകളോട് ഐക്യപ്പെടുന്ന നിരവധി സംവിധായികമാർ ലോകസിനിമയിൽ ശ്രദ്ധേയരായുണ്ട്. അടിമുടി പുരുഷവൽക്കരിക്കപ്പെട്ട ഇടമെന്ന ചീത്തപ്പേരിൽനിന്ന് മലയാളസിനിമ കുതറിമുന്നേറിയത് വളരെയടുത്തകാലത്തുമാത്രമാണ്. അഞ്ജലി മേനോൻ, ഗീതുമോഹൻദാസ്, വിധു വിൻസെന്റ്, രേവതി, ശ്രീബാല, ലീലാ സന്തോഷ് തുടങ്ങിയ സംവിധായകർ വരുന്നത്

സിനിമയുടെ ആൺകോയ്മ മറ്റൊരുവിധത്തിൽക്കൂടി തകരുന്ന സമയത്താണ്.

സ്ത്രീയുടെ പ്രശ്നമണ്ഡലമെന്നത് ഏകശിലാത്മകമല്ലെന്ന് കണ്ടു. വെളുത്ത/സവർണപുരുഷന്റെ നോട്ടപ്പാടാണ് സിനിമ പങ്കുവെക്കുന്നതെന്ന യുക്തിയെ സ്ത്രീവാദകാഴ്ചപ്പാടിലൂടെ അങ്ങനെ സാമാന്യവൽക്കരിക്കുകയൊന്നും വേണ്ടെന്ന പുതിയ സ്വത്വാത്മകയുക്തികൾ കടന്നുവരുന്നത് 1990-കളിലാണ്. വെളുത്ത പുരുഷനെന്നത്, വെളുത്ത സ്ത്രീജിതനായ പുരുഷൻ (ഹെട്രോ സെക്ഷ്വൽ) എന്നു തിരുത്തപ്പെട്ടു. സ്വവർഗ്ഗാനുരാഗികളായ ആണിന്റെയും പെണ്ണിന്റെയും ഉഭയലൈംഗികപ്രിയരുടെയും ഭിന്നലൈംഗികവ്യക്തികളുടെയും കാമനകളെ മുഖ്യധാരാസിനിമ വകവെക്കില്ലെന്ന വാദമാണ് ഉയർന്നത്.

**ക്യൂർ സിനിമ**

പ്രമേയമെന്ന നിലയിൽ മാത്രമാണ് പലപ്പോഴും LGBTIQ+ പ്രശ്നങ്ങൾ സിനിമയിൽ കടന്നുവരാറ്. അത്തരമൊരു കർതൃപദവിയെക്കുറിച്ചുള്ള ആലോചനകൾ തുടങ്ങുന്നത് നവ-ക്യൂർ വാദത്തിന്റെ പശ്ചാത്തലത്തിൽ, 1990-കളിൽ മാത്രമാണ്. ലൈംഗികന്യൂനപക്ഷങ്ങളെയാക്കെ കുറിക്കുന്ന പദമാണല്ലോ ക്യൂർ എന്നത്. ഈ ഭിന്നകാമനകളെ പ്രമേയമാക്കുന്ന സ്വാശ്രയസിനിമകളുടെ പശ്ചാത്തലത്തിൽ റൂബി റിച്ച് എന്ന ഗവേഷക അവതരിപ്പിച്ച നവ-ക്യൂർ ചിന്തകൾ ഭിന്നലൈംഗിക കർതൃത്വത്തെക്കൂടി വിഭാവനചെയ്തു. സിനിമയുടെ നിശബ്ദകാലത്തുതന്നെ ഭിന്നലൈംഗികത പ്രമേയമായ സിനിമകൾ പ്രത്യക്ഷപ്പെട്ടിരുന്നെങ്കിലും പലതും ഇക്കിളിസിനിമയുടെ കൂട്ടത്തിൽപ്പെടുത്താവുന്ന രചനകൾമാത്രമായിരുന്നു. 1931-ൽ പുറത്തുവന്ന ഗേൾസ് യൂണിഫോം എന്ന ജർമൻ സിനിമയാവാം ഒരുപക്ഷേ ലെസ്ബിയൻ സൗഹൃദം കേന്ദ്രാശയമായി അവതരിപ്പിച്ച ആദ്യ മുഖ്യധാരാസിനിമകളിലൊന്ന്. ആസൗഹൃദം കേന്ദ്രമായ ആദ്യസിനിമകളിലൊന്ന് എന്ന സോങ് ഓഫ് ലൗ (ഫ്രാൻസ്, 1950) ആണെന്നും തോന്നും. പുരുഷശരീരത്തെയും സ്ത്രീശരീരത്തെയും കുറിച്ചുള്ള പുതിയ കാഴ്ചകൾ സൈദ്ധാന്തികമായി അവതരിപ്പിക്കപ്പെടുന്നത് പിന്നീടാണ്. അതോടൊപ്പം, ചലച്ചിത്രചരിത്രത്തിലെ സ്വവർഗ്ഗസൗഹൃദങ്ങളെയാകെ ക്യൂർ രാഷ്ട്രീയത്തിന്റെ കാഴ്ചപ്പാടിൽ നോക്കിക്കാണാനും

അതിന്റെ മുദ്രകൾ കണ്ടെടുക്കാനുമുള്ള ശ്രമങ്ങൾ 1990-കളിൽ നടക്കുകയും ചെയ്തു. ഹോളിവുഡ് സിനിമ ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ, ട്രാൻസ്ജെൻഡർ കഥാപാത്രങ്ങളെ പരിച രിച്ചതെങ്ങനെയെന്നും സിനിമയിൽ അത്തരം ഭിന്നകാമനകൾ പ്രച്ഛന്നമായി കടന്നുവരുതെങ്ങനെയെന്നും അന്വേഷിക്കുന്ന ദ സെല്ലുലോയ്ഡ് ക്ലോസറ്റ് എന്ന ഡോക്യുമെന്ററി 1995-ൽ പുറത്തു വന്നു. റോബ് എബ്സ്റ്റയിൻ, ജെഫ്രി ഫ്രീഡ്മാൻ എന്നിവരാണ് ഈ ചരിത്രാന്വേഷണത്തിനു പിന്നിൽ. ലോറൽ- ഹാർഡി സൗഹൃദംതൊട്ട് നമ്മുടെ ദാസൻ-വിജയൻ സൗഹൃദംവരെ ഈ അധ്യാരോപത്തിലൂടെ വിശദീകരിക്കാൻ ക്യൂർ നോട്ടപ്പാടിന് കഴിയുന്നു.

ഗേ-ലെസ്ബിയൻ-ട്രാൻസ്ജെൻഡർ ഉപസംസ്കൃതികൾ പ്രച്ഛന്നതവിട്ട് സ്വയാശ്രയസിനിമകളിൽ ഇടംനേടിത്തുടങ്ങിയത് തൊണ്ണൂറുകളിലാണ്. പുതിയ സ്വത്വരാഷ്ട്രീയത്തിന്റെകൂടി പ്രതി ഫലനമുണ്ടിതിൽ. മനുഷ്യന്റെ ലൈംഗികകാമനകൾ പലപ്പോഴും ജീവപരമായി നിർണയിക്കപ്പെടുന്ന ഒന്നല്ലെന്നും അവ സാമൂഹി കനിർമ്മിതിയും പരിണാമിയും ആണെന്നും നിരീക്ഷിക്കപ്പെട്ടു. നടപ്പ് ലൈംഗികസദാചാരയുക്തികളെയും കുടുംബസങ്കല്പങ്ങളെയും സാമൂഹിക ക്രമങ്ങളെയും അസ്ഥിരമാക്കുതുകൊണ്ടുതന്നെ ഇത്തരം സിനിമകൾക്ക് വിപ്ലവപരതയെന്നു വിളിക്കേണ്ടെങ്കിൽക്കൂടി നിഷേധസ്വഭാവമെങ്കിലും കാണും.

ലാറി ലിൻഡിന്റെ ആർ എസ് വി പി (കനഡ, 1991), ടോഡ് ഹൈനസ്സിന്റെ പോയിസൺ (യു എസ് 1991), ഐസക് ജൂലിയ ന്റെ യങ് സോൾ റബൽസ് (1991) തുടങ്ങിയ ചിത്രങ്ങളാണ് അന്ന് റൂബി റിച്ച് ചർച്ചക്കെടുത്തത് (ന്യൂ ക്യൂർ സിനിമ എ പുസ്തകം). റോസ് ട്രോഷേ എന്ന ചിക്കാഗോക്കാരി ലെസ്ബിയൻ സം വിധായിക പിൽക്കാലത്ത് ടെലിവിഷനിലും ബിഗ്സ്ക്രീനിലും ശ്രദ്ധനേടി. അമേരിക്കക്കാരനായ ട്രാവിസ് മാത്യൂസാണ് ഗേ പ്രമേയം കൈകാര്യംചെയ്യുകയും അത്തരം ജീവിതം നയിക്കുകയും ചെയ്യുന്ന സമകാലിക സംവിധായകരിലൊരാൾ.

'അമേരിക്കൻ വെസ്റ്റേ' ജനുസ്സിന്റെ ശൈലിയിൽ രണ്ട് പു രുഷന്മാരുടെ പ്രണയം ചിത്രീകരിച്ച ബ്രോക്ബാക് മൗണ്ടൻ (ആങ് ലീ 1997), ഹാർവി മിൽക് എന്ന ഗേ ആക്ടിവിസ്റ്റിന്റെ

ജീവിതകഥ ചിത്രീകരിച്ച മിൽക് (ഗസ് വാൻ സന്ത്, 2008), ലിസാ കൊളോദങ്കോവിന്റെ ദ കിഡ്സ് ആർ ആൾ റൈറ്റ് (2010) എന്നിവ സമകാലത്ത് ലോകശ്രദ്ധനേടിയ ചിത്രങ്ങളാണ്. അബ്ദുൽലത്തിഫ് കെഷിഷേ സംവിധാനംചെയ്ത ബ്ലൂ ഈസ് ദ വാമസ്റ്റ് കളർ (2013) എന്ന ചിത്രം കാൻ ഫെസ്റ്റിവലിലൂൾപ്പെടെ പ്രദർശിപ്പിക്കുകയും പുരസ്കാരങ്ങൾ നേടുകയും ചെയ്തു. തന്റെ സഹപാഠിയുമായുണ്ടായ ലൈംഗികബന്ധത്തിൽ തൃപ്തയാവാതെ നീലമുടിയുള്ള ഒരു യുവതിയിൽ ആകൃഷ്ടയാകുന്ന ആദിലി എന്ന പതിനഞ്ചുകാരിയുടെ കഥയാണ് കലാത്മകമായി ഈ ചിത്രം പറയുന്നത്.

ദ ഫേവറിറ്റ്, ബൊഹീമിയൻ റാപ്സൊഡി, ഗ്രീൻ ബുക്ക് എന്നീ ചിത്രങ്ങളിലെ ഭിന്നലൈംഗികവേഷങ്ങൾക്ക് ഓസ്കാർ ലഭിച്ചത് 2019-ലാണ്. അത്തരത്തിൽ അംഗീകരിക്കപ്പെടുമ്പോഴും സിനിമയുടെ കർതൃപദവിയേക്ക് ക്യൂർസമൂഹം മലയാളത്തിലെങ്കിലും ഉയർുവന്നിട്ടില്ല. രണ്ടുപെൺകുട്ടികൾ (1978), ദേശാടനക്കിളി കരയാറില്ല (1986), ഋതു (2009), സഞ്ചാരം (2004), അർദ്ധനാരി (2012), സൂഫി പറഞ്ഞ കഥ (2010), മുംബൈപോലീസ് (2013), മൈ ലൈഫ് പാർട്ണർ (2014), ആഭാസം (2018), ആളൊരുക്കം (2018), ഉടലാഴം (2018), ഞാൻ മേരിക്കുട്ടി (2018) തുടങ്ങിയ സിനിമകളിലാണ് LGBTIQ+ പ്രതിനിധാനം കാണാവുന്നത്. ചലച്ചിത്രത്തമാശകളുടെ ചേരുവയായി നടന്നുപോരുന്ന പലതരം വ്യാജപ്രതിനിധാനങ്ങളുടെ ഇടയിൽനിന്നാണ് ഇത്തരമൊരു പ്രാന്തജീവിതത്തെ അഭിസംബോധനചെയ്യാൻ ഈ ചിത്രങ്ങൾ ശ്രമിച്ചത്.

**കറുപ്പിന്റെ സിനിമ**

ബ്ലാക്ക് സിനിമ എന്ന പേരിൽ പ്രതിരോധപ്രസ്ഥാനമുയർത്തിയ എൽ എന്ന റബലിയന് മുമ്പുതന്നെ ഇത്തരം ചിന്താപദ്ധതികൾ ലോകമെങ്ങും അലയടിച്ചിരുന്നു. ക്ലാസിക്കൽ ഹോളിവുഡ് എന്ന മുഖ്യധാരാസിനിമ കറുത്തവരെയും ഭാഷാന്യൂനപക്ഷങ്ങളെയും ലാറ്റിനമേരിക്കൻ ജനതയെയും തദ്ദേശീയ റെഡ് ഇന്ത്യക്കാരെയുമെല്ലാം കാണുന്നത് വെളുത്ത മർദ്ദകന്റെ നോട്ടപ്പാടിലൂടെയാണെ് ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കദശകങ്ങളിൽത്തന്നെ വെളിവാക്കപ്പെട്ടു. സിനിമാസങ്കേതങ്ങളുടെ

ചരിത്രത്തിൽ മറക്കാനാവാത്ത പേരായ ഡി ഡബ്ല്യൂ ഗ്രിഫിത്തിന് ഇങ്ങനെയൊരു കുപ്രസിദ്ധികൂടിയുണ്ട്. അദ്ദേഹത്തിന്റെ ബർത്ത് ഓഫ് എന്ന നാഷൻ (1915) വംശീയ സ്റ്റീരിയോടൈപ്പിങ്ങിന്റെ മകുടോദാഹരണമത്രേ. വെളുത്ത സ്ത്രീകളെ ലൈംഗികവേട്ടയ്ക്കിരയാക്കുന്ന കാമാതുരനായി അതിലെ കറുത്തവർഗ്ഗക്കാരനായ കഥാപാത്രം- വാൾട്ടർ ലോങ്- പ്രത്യക്ഷപ്പെടുന്നു. ആഫ്രോ-അമേരിക്കൻ കറുത്തവംശജർക്ക് പിന്നീടുറച്ചുപോയ റേപ്പിസ്റ്റ് ഇമേജിന്റെ സ്ഥാപനം. വെളുത്തവരുടെ വർണ്ണവിദ്വേഷത്തിന്റെ ഇരിപ്പിടമായി കറുത്തവരെ സ്ഥാപിച്ചെടുക്കുന്നതിന്റെ ചലച്ചിത്രപാഠമായി അത്.

മെക്സിക്കൻ ഗ്രീസർ, തദ്ദേശീയനായ അപരിഷ്കൃത കാട്ടാളൻ, ആഫ്രിക്കൻ-അമേരിക്കനായ മൃഗതുല്യർ, കറുത്ത അടിമ- നിശ്ശബ്ദസിനിമയുടെ കാലത്തുതന്നെ ഹോളിവുഡ് ഉറപ്പിച്ചെടുത്ത വംശീയ ചിത്രങ്ങൾ ഇതൊക്കെയാണ്. മെക്സിക്കോ, ഹോളിവുഡ് സിനിമകൾ നിരോധിക്കുന്ന ഘട്ടം വന്നപ്പോൾ ഗ്രീസർ എന്ന ഇമേജ് മാറിയെങ്കിലും പിൽക്കാലത്ത് അറുപതുകളിൽ അത് തിരിച്ചുവന്നു. ആദിവാസികളും തദ്ദേശീയരുമൊക്കെ അപരിഷ്കൃതരായി ചിത്രീകരിക്കപ്പെടുന്ന പതിവ് ഇന്നും തുടരുന്നു, അഭംഗുരം. റഷ്യക്കാരും മുസ്ലീം ജനതകളുമെല്ലാം വില്ലൻ പരിവേഷത്തോടെ അമേരിക്കയെ ഗ്രസിക്കാൻ കാത്തുനില്ക്കുകയും അമേരിക്കൻ ദേശീയതയിൽ പ്രചോദിതനായ ഒരു മസിൽമാൻ ശത്രുക്കളെ ഒറ്റയ്ക്ക് നിലംപരിശാക്കി രാജ്യത്തെ രക്ഷിച്ചെടുക്കുകയും ചെയ്യുന്ന സിനിമകൾ അനവധിയുണ്ടായി പിന്നീട്.

2000-ൽ പുറത്തുവന്ന സ്പൈക്ക് ലീയുടെ ബാംബൂസിൽഡ് എന്ന ആക്ഷേപഹാസ്യചിത്രം കറുത്തവരുടെ ചലച്ചിത്രപ്രതിനിധാനത്തെ ഹാസ്യാത്മകമായി അടയാളപ്പെടുത്തുന്നുണ്ട്. ചിത്രാന്ത്യത്തിൽ, ബർത്ത് ഓഫ് എന്ന നാഷനും ജാസ് സിങ്ങറും ഗോ വിത്ത് ദ വിൻഡുമുൾപ്പെടെയുള്ള കറുപ്പിന്റെ ചലച്ചിത്രചരിത്രത്തെ മൊണ്ടാഷ് രൂപത്തിൽ അവതരിപ്പിക്കുന്നതു കാണാം, ഒരുപക്ഷേ വംശീയതാനിരപേക്ഷമായി.

കറുപ്പിന്റെ പ്രതിനിധാനമെന്നത് അരികുവൽക്കരണത്തെ സംബന്ധിച്ച ചർച്ചകളിൽ എന്നും നിറഞ്ഞുനിന്നിട്ടുണ്ട്. ബ്ലാക്ക് എത് രാഷ്ട്രീയ സംവർഗ്ഗമാണ്, വംശീയമോ ജീവശാസ്ത്രപരമോ

ആയ ഒന്നല്ല. മൂന്നാംസിനിമയുടെ മുഖ്യ അജണ്ടകളിലൊന്ന് കറുത്തവരുടെ ശബ്ദം വേറിട്ടുകേൾപ്പിക്കുക എന്നതുകൂടിയാണ്.

കറുത്തവരുടെ കഥപറയുന്ന സിനിമ സത്യസന്ധമാകണമെങ്കിൽ കറുത്തവർതന്നെ പറയണമെന്ന കർതൃത്വയുക്തിയാണ് ബ്ലാക്ക് സിനിമയുടെ വക്താക്കൾ മുന്നോട്ടു വെക്കുന്നത്. ഇത് പക്ഷേ പ്രതിനിധാനയുക്തികളുമായി നിരന്നുപോകുന്നില്ലെന്ന് സ്റ്റുവർട്ട് ഹാളിനെപ്പോലുള്ള സംസ്കാരവിമർശകർ പറയുന്നുമുണ്ട്. കറുത്തവർ നിർമ്മിച്ചതുകൊണ്ടുമാത്രം സിനിമ നന്നാവണമെന്നില്ല. കറുത്തവരുടെ അനുഭവങ്ങൾ പറയുന്നവെന്നതുകൊണ്ടുമാത്രം അവ സത്യസന്ധവും (റൈറ്റ്-ഓ) പൊളിറ്റിക്കലി കറക്ടും ആവണമെന്നുകരുതാനും വയ്യ. നിലനില്ക്കുന്ന വെളുത്തയുക്തികളെ തിരിച്ചിടുന്നതുകൊണ്ടുമാത്രം കറുപ്പിന്റെ രാഷ്ട്രീയം പ്രവർത്തിക്കുകയുമില്ല- സ്റ്റുവർട്ട് ഹാൾ ഓർമിപ്പിക്കുന്നു. കറുത്തവരുടെ സിനിമ എന്നതുകൊണ്ടുമാത്രം ഒരു സിനിമ പ്രകീർത്തിക്കപ്പെടുമ്പോൾ അവശ്യം വേണ്ട വിമർശനയിടമാണ് നഷ്ടപ്പെട്ടുപോകുന്നതെന്നും അത്തരം സിനിമകൾ സൗന്ദര്യപരമായ വിമർശനവിശകലനങ്ങളെപ്പോലും പ്രതിരോധിക്കുന്നുണ്ടെന്നും നിരീക്ഷണങ്ങളുണ്ടായി. ഒരുതരം വിമർശവിരുദ്ധപരിവേഷം അവയ്ക്ക് കിട്ടുന്നു. ഇതിനെ 'ഓറ ഓഫ് അൺടച്ചബിലിറ്റി' എന്നാണ് നിരൂപകർ വിളിക്കുന്നത്. വെളുത്തവരുടെ യുക്തിതന്നെ പ്രച്ഛന്നമായി ഇവിടെയും പ്രവർത്തിക്കുന്നുണ്ടെന്നു ചുരുക്കം. ഏതിനെയാണോ പ്രതിരോധിക്കാൻ ശ്രമിക്കുന്നത്, അതേ ദുഷ്ടതകൾ പ്രതിരോധത്തെയും കലക്കിക്കളയുന്നുവെന്ന് ചുരുക്കം. മാർക്ക് ചെയ്യപ്പെടുന്നത് കറുപ്പാണ് എന്നതുകൊണ്ടുതന്നെ വെളുപ്പിന് പ്രത്യശാസ്ത്രപരമായും പ്രതിനിധാനപരമായും സാർവലൗകികസ്വീകാര്യതയും അധീശത്വവും (ഹെഗിമണി) കൈവരുന്നതായി പിൽക്കാലത്ത് ബ്രിട്ടീഷ് സിനിമാവിമർശകൻ റിച്ചാർഡ് ഡയർ നിരീക്ഷിച്ചിട്ടുണ്ട്. വെളുപ്പാകുന്നു നോർമൽ. മറ്റുള്ളവയെല്ലാം അപഭ്രംശങ്ങളാണ്. വംശപരമായും ദേശപരമായുമൊക്കെയുള്ള അപരങ്ങളെ അവ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു- അദ്ദേഹം ആശങ്കപ്പെടുന്നതിങ്ങനെയാണ്.

ബ്രിട്ടണിലെ ആദ്യത്തെ 'കറുത്തവരുടെ കഥാസിനിമ'യായ പ്രഷർ (1976) സംവിധാനംചെയ്ത ഹോരസ് ഓവ് മറ്റൊരു പ്രശ്നമണ്ഡലത്തെക്കൂടി വെളിപ്പെടുത്തുന്നുണ്ട്. ബജറ്റ് കുറവുള്ള സ്വയാശ്രയസിനിമകളുടെ ബോധപൂർവമായ ഇടപെടലുകൾ

പഴയ ദ്വന്ദ്വാത്മകയുക്തികളെത്തന്നെ പുനർനിർമ്മിക്കുന്നുവെന്ന പ്രശ്നത്തെയാണ് അദ്ദേഹം ചർച്ചക്കെടുക്കുന്നത്. ഇംഗ്ലണ്ടിൽ ഇങ്ങനെയൊരു അപകടമുണ്ടെന്ന മുഖവുരയൊടെ ഹോരസ് പറയുന്നു: നിങ്ങൾ ബ്ലാക്കാണെങ്കിൽ കറുത്തവരെക്കുറിച്ചും കറുത്ത വരുടെ പ്രശ്നങ്ങളെക്കുറിച്ചുമാണ് നിങ്ങൾ സിനിമയെടുക്കേണ്ടത്. അതേ എടുക്കേണ്ടൂ. കറുപ്പല്ലെങ്കിലോ, അവർക്ക് എന്തുവിഷയ ത്തെപ്പറ്റിയും ഇഷ്ടാനുസരണം സിനിമചെയ്യാം. ഇതൊരു ചതിക്കുഴിയാണെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു. ഉപ്പുതൊട്ട് കർപ്പൂരംവരെയുള്ള വിഷയങ്ങൾ വെളുത്തവർക്ക് തുറന്നുകിട്ടുന്നു; കറുത്തവർ കറുപ്പെന്ന സമസ്യയെത്തന്നെ പുനർനിർമ്മിച്ചുകൊ ണ്ടേയിരിക്കേണ്ടിവരുന്നുവെന്നാണ് ഹോരസ് പരിതപിക്കുന്നത്. ദ്വന്ദ്വാത്മകയുക്തികളെത്തന്നെ കുടഞ്ഞെറിയാതെ വംശീയ പ്രതി നിധാനത്തെപ്പറ്റി ചർച്ചചെയ്യുന്നതിൽ യുക്തിയില്ലാതാവുന്നു
.

കറുപ്പിനെയും ജാതിയെയും രാഷ്ട്രീയമായ ബോധ്യങ്ങളോടെ പ്രശ്നവൽക്കരിക്കുന്ന സിനിമകൾ അധികമില്ല മലയാളത്തിൽ. കറുപ്പും കീഴാളതയും ചിരിക്കുള്ള കുറുക്കുവഴിയായിരുന്നു എന്നും കലാഭവൻ മണിതൊട്ട് കലാഭവൻ ഷാജോണും വിനായകനുംവ രെ ഇത്തരം ചിരിക്ക് ഹേതുവായവരാണ്. കറുത്ത നായികയെ ഇപ്പോഴും വേണ്ടത്ര ഉൾക്കൊള്ളാൻ മലയാളസിനിമയ്ക്ക് കഴി ഞ്ഞിട്ടില്ല. ആദ്യനായികയായ പി. കെ. റോസിയുടെ ദുരന്തം വിട്ടുപോയിട്ടില്ലെന്നർത്ഥം. കറുത്തമ്മയായാലും രാച്ചിയമ്മയാ യാലും തൊലിവെളുപ്പുവേണം സിനിമയിൽ എന്നത് ഒരലിഖിത നിയമംപോലെ മലയാളസിനിമ കൊണ്ടുനടക്കുന്നുണ്ട്. ചലച്ചിത്ര വ്യവസായത്തിൽ ഇടപെടാൻതക്ക ധനശേഷിയോ അധികാര ശേഷിയോ ഇല്ലാത്തതിനാൽ കറുപ്പിന്റെ കർതൃപദവി ഇപ്പോഴും അകലെയാണെകാണാം. കീഴാളപക്ഷത്തുനിന്ന് കഥപറയുന്ന സിനിമകൾ മുമ്പത്തേതിലുമധികം നിർമ്മിക്കപ്പെടുന്നുണ്ടെന്നത് കാണാതിരിക്കുന്നില്ല. മേൽവിലാസം, ഒഴിവുദിവസത്തെ കളി, കമ്മട്ടിപ്പാടം തുടങ്ങിയ ചിത്രങ്ങൾ ഉദാഹരണം. അപ്പോഴും സി നിമയുടെ പതിവു നായകയുക്തികളിൽ ഇവയിൽ ചിലതെങ്കിലും വീണുപോവുന്നുമുണ്ട്.

**പ്രദേശത്തിന്റെ സിനിമകൾ**

തദ്ദേശീയമായ സാംസ്കാരിക ഇടങ്ങളെയും അതതിടത്തെ 'അപരിഷ്കൃതത്വ'ങ്ങളെയും ലോകസമക്ഷം അവതരിപ്പിക്കുന്ന ദേശീയസിനിമകൾ ഇന്ന് നമ്മുക്ക് അപരിചിതമല്ല. ഇന്ന് സിനിമയെന്നാൽ ഹോളിവുഡ് മാത്രമല്ല. ടെക്നോളജി തുറന്നതന്ന വിശാലലോകത്ത് ചെറുചെറു സംസ്കൃതികൾ ഒഴുകിപ്പരക്കുന്നുണ്ട്. മെക്സിക്കോ, പെറു, ബ്രസീൽ, ഇന്തോനേഷ്യ, മലേഷ്യ, ഇറാൻ, പലസ്തീൻ, ജപ്പാൻ, ചൈന, കൊറിയ എന്നുവേണ്ട, ഏതുനാട്ടിലെയും പരീക്ഷണാത്മകചിത്രങ്ങളും അവരുടെ വംശീയ/ദേശീയമുദ്രകൾ പേറുന്ന മുഖ്യധാരാചിത്രങ്ങളും ഇന്ന് നമ്മുക്ക് പ്രാപ്യമാണ്. പലപ്പോഴും അത്തരം മുഖ്യധാരാചിത്രങ്ങൾ സാർവലൗകികമെന്ന് വിശേഷിപ്പിക്കാവുന്ന പ്രണയവും പ്രതികാരവും കുടിപ്പകയും ആയോധനകലകളും ആണധികാരത്വവും കുടുംബബന്ധവൈചിത്ര്യങ്ങളുമൊക്കെ പ്രമേയമാക്കിയാണ് യൂണിവേഴ്സലാകാൻ ശ്രമിക്കുന്നത്. ബോളിവുഡ്ഡിനെപ്പോലെ പാട്ടും ആട്ടവും നിറപ്പകിട്ടും കൊണ്ട് തനതു(വ്യാജ)മുദ്രപതിപ്പിക്കുന്ന സിനിമകളും ധാരാളം. സിനിമ സാർവലൗകികമാവുകയെന്നത് മാർക്കറ്റിന്റെക്കൂടി വിഷയമാണ് എന്നു ചുരുക്കം. ശബ്ദം വന്നാൽ തന്റെ സിനിമയുടെ സാർവകലൗകികത പൊയ്പ്പോകുമെന്നാണ് ചാർളി ചാപ്ലിൻ ഭയന്നത്. ദൃശ്യങ്ങൾക്കും ദേശ/സംസ്കാരഭേദങ്ങൾ കാണാമെന്നതും ഓർക്കണം. തന്റെ സിനിമകാണുന്ന ജാപ്പനീസ് പ്രേക്ഷകർ, ഹോളിവുഡ്ഡ് പ്രേക്ഷകർ നിലവിളിക്കുന്ന അതേ സന്ദർഭങ്ങളിൽത്തന്നെവേണം നിലവിളിക്കാൻ എന്ന് സൈക്കോ (1960)വിന്റെ നിർമ്മാണവേളയിൽ ഹിച്ച്കോക്ക് പറഞ്ഞിരുതായി കേട്ടിട്ടുണ്ട്. ഈയൊരു നിലപാടിന് ബദലായി മംബിൾകോർ എന്നൊരു ജനുസ്സ് പാശ്ചാത്യമായി അവതരിപ്പിക്കപ്പെടുന്നതിന് സമാന്തരമായാണ് മലയാളത്തിൽ നവതരംഗസിനിമ ഒരു ട്രെൻഡായി ഉയർന്നുവരുന്നത്. സിനിമ, വൻതാരങ്ങളെ വിട്ട് പുതുമുഖങ്ങളിലേക്കും സുന്ദരികളെയും സുന്ദരന്മാരെയും വിട്ട് സാധാരണമുഖങ്ങളിലേക്കും സഞ്ചരിക്കുന്നതിനൊപ്പം അതുവരെ ചലച്ചിത്രപ്രവേശംകിട്ടാതിരുന്ന നാട്ടുകൾക്കും നാട്ടുമൊഴികൾക്കും ഇടമൊരുക്കുകയും ചെയ്യുന്നുണ്ട് ഇന്ന്. പ്രദേശം ആഗോളവുംകൂടിയാണെന്ന് ഇന്ന് സിനിമ തിരിച്ചറിയുന്നു. സ്വയം സാർവലൗകികമാവാനല്ല, തദ്ദേശീയമാവാനാണ് പുതിയസിനിമ ശ്രമിക്കുന്നത്. സിനിമ നിർമ്മിക്കാനുള്ള ചെലവ് താരതമ്യേന

കുറഞ്ഞതും അത് ജനങ്ങളിലെത്തിക്കാൻ തിയറ്റർശൃംഖലയ്ക്കപ്പുറം നിരവധി പ്ലാറ്റ്ഫോമുകൾ ലഭ്യമായതും സിനിമയുടെ സ്വഭാവംതന്നെ മാറിപ്പോയതും ഇതുവരെ കർതൃപദവിയെത്താതെ പിന്നാമ്പുറങ്ങളിൽക്കഴിഞ്ഞിരുവരുടെ സിനിമാപ്രവേശം സാധ്യമാക്കുന്നുണ്ട്. ടെക്നോളജിക്കും നന്ദിപറയാം.

**ഗ്രന്ഥസൂചി**

1. Hill, John and Pamela Church Gibson (Eds.)Film Studies: Critical Approaches. Oxford University Press. 2000

2. Mulvey, Laura.(1993). “Visual Pleasure and Narrative Cinema” Movies and Methods Vol 2. Edited by Bill Nichols, Calcutta: Seagull Books, pp. 305-315

3. Turner, Graeme (Ed). Film Cultures Reader. London and Newyork: Routledge, 2002

4. ഐക്യരാഷ്ട്രസഭ പ്രാന്തവൽക്കരണത്തെ, അഥവാ സോഷ്യൽ എക്സ്ക്ലൂഷനെ നിർവചിക്കുന്നതിങ്ങനെ:
Social exclusion describes a state in which individuals are unable to participate fully in economic, social, political and cultural life, as well as the process leading to and sustaining such a state. https://www.un.org/esa/socdev/rwss/2016/chapter1.pdf

# സമുദായം: ആധുനികതാവ്യാഖ്യാനങ്ങൾ

**ഭുവനേശ്വരി കെ. പി.**

---


## സംഗ്രഹം

ജാതി, സമുദായം, സാമുദായികത എന്നിവയെ സംബന്ധിച്ച കേരളീയ ആധുനികതയുടെ ചിന്താമണ്ഡലങ്ങളെയാണ് ലേഖനത്തിൽ ചർച്ചചെയ്യുന്നത്. ജാതിയിൽ നിന്ന് സമുദായ അവബോധത്തിലേക്കുള്ള ചരിത്രപരമായ പ്രക്രിയയെയും അവർണ സമുദായങ്ങളുടെ ചലനത്തെയും പിൽക്കാലത്തെ സാമൂഹ്യ രാഷ്ട്രീയ മണ്ഡലത്തിൽ ഏകീകരിക്കപ്പെടുന്നതിന്റെ സംവാദ സാധ്യതകളെയും ലേഖനം വിശദമാക്കുന്നു. സമുദായത്തെ സംബന്ധിച്ച സിദ്ധാന്തപരമായ ആലോചനകളുടെ തുടർച്ചയെ പശ്ചാത്തലമായി ലേഖനത്തിൽ സ്വീകരിക്കുന്നു.


**താക്കോൽവാക്കുകൾ:** ജാതി, സമുദായം, സാമുദായികത, അച്ചടി പൊതുമണ്ഡലം, കൊളോണിയൽ ആധുനികത.

---

സമൂഹമായി ചിന്തിക്കുന്നതിലൂടെയാണ് കൂട്ടായ്മ ഉണ്ടാകുന്നത്. സാമൂഹ്യപരവും ചരിത്രപരവുമായ സംഭവങ്ങളുടെ ഘടനയ്ക്കകത്തും പുറത്തും അതിന് വിഭിന്നങ്ങളായ അർത്ഥങ്ങൾ ഉണ്ടാകുന്നു. സമുദായം, സമുദായവത്കരണം, രൂപീകരണം, സാമുദായികത എന്നിവയ്ക്ക് ആധുനികതയുടെ വിശകലനതലങ്ങളിൽ കോളോണിയൽ ഇടപെടലുകളിലൂടെ രൂപപ്പെട്ടുവന്ന സ്വയംനിർണ്ണയനസങ്കല്പ

നങ്ങളായിട്ടാണ് വിലയിരുത്തുന്നത്. ഈ സ്വയം സങ്കല്പനങ്ങൾ സാംസ്കാരികമായ നിർമ്മിതികളാണ്. അതിന്റെ ജ്ഞാനപരമായ വിഷയിത്വം സത്താപരമായ ഒന്നല്ല. സമുദായത്തെ അറിയാനുള്ള മാർഗ്ഗങ്ങളിലൊന്ന് സ്വത്വത്തെ മനസ്സിലാക്കുക എന്നതാണ്. വ്യത്യാസങ്ങളുടെതായ ഭിന്നവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒന്നാണ് സ്വത്വമെന്നാണ് ദെലൂസിയൻ സങ്കല്പം. വ്യതിരിക്തവും ഭിന്നവുമാണെന്ന് സാരം. അതിൻപ്രകാരം തിന്മ, ഏകതാനത, സത്താപരം എന്നിവയെ സംബന്ധിച്ച് പരമ്പരാഗതമായ ധാരണകളെ അത് തിരുത്തുന്നു. ചരിത്രപരമായ പുതിയ ഒരു ലോകബോധത്തിലേക്കുള്ള കൂട്ടായ്മകളുടെ സഞ്ചാരബിന്ദു എവിടെ നിന്നാണ്? സമുദായസങ്കല്പനങ്ങളുടെ രീതിപദ്ധതികൾക്ക് ഒരു പ്രത്യേക ഭാഷയുണ്ടോ, അത് ആധുനികതയുടേതാണോ? തുടങ്ങിയ ചോദ്യങ്ങളെ മുൻനിർത്തി അതിന്റെ സമീപനങ്ങളെക്കുറിച്ച് അന്വേഷിക്കുന്നു. കീഴാള ഏകീകരണങ്ങളുടെ അനുസ്യൂതമായ വികാസമായും വർത്തമാനകാല സമുദായരാഷ്ട്രീയത്തിൽ അതിന്റെ സങ്കല്പനവും സ്വീകരണവും ഏതൊക്കെ വ്യത്യസ്തതകളെ വഹിക്കുന്നു എന്ന ബോദ്ധ്യങ്ങൾ കൂടി ആലോചനകളെ മുന്നോട്ട് വഹിക്കുന്നതാണ്.

സമുദായം എന്ന സങ്കല്പനത്തിന്റെ സാമാന്യമായ അർത്ഥം ഒരു പറ്റം, കൂട്ടം എന്നാണ്. നിരവധി പൊതുവായ സവിശേഷതകൾ പങ്കുവെക്കുന്ന ഒരു കൂട്ടം. വ്യത്യസ്തരീതിയിൽ വ്യാഖ്യാനിക്കാനും സാന്ദർഭികമായി നിരവധി അർത്ഥതലങ്ങളുമുള്ള ഒന്ന് കൂടിയാണിത്. ഒരു സമ്മേളനം, ക്ഷേത്രത്തിന്റെ സമിതി, പൊതുസ്വത്ത് കൈകാര്യം ചെയ്യുന്നതിനുള്ള സമിതി എന്നിങ്ങനെയുള്ള അർത്ഥങ്ങളാണ് ഗുണ്ടർട്ട് നിഘണ്ടുവിൽ കാണുന്നത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും മലയാളത്തിൽ ഈ പദം പ്രയോഗത്തിലുണ്ട്. ജാതിയെ സമുദായമായി പുനർനിർമ്മിക്കുന്ന കർതൃത്വഘടനകളെ ഉടച്ചുവാർക്കുന്ന സ്ത്രീപുരുഷന്മാരെക്കുറിച്ചുള്ള പുതിയ ആശയങ്ങൾ ആധുനികതയോട് ചേർത്ത് വായിക്കാവുന്നതാണ്.[21] ജാതിമത പരിഷ്കരണപ്രവർത്തനങ്ങളും സംഘടനകളും വഴി നിർമ്മിക്കപ്പെട്ട 'പൊതുമണ്ഡല'ത്തിന്റെ കൂട്ടായ സന്ദർഭ

[21]Udayakumar: Writing The First Person

ത്തിലാണ് 'സമുദായം' ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്. സമുദായം ഒരു ആധുനികനിർമ്മിതിയാണെന്നും ഒരു പുതിയ അവബോധത്തിലേക്ക് നയിക്കുന്ന സംവർഗ്ഗമാണെന്നും സമത്വത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള പരിഷ്കാരശ്രമങ്ങളുടെ ഭാഗമായി ക്കൂടിയുള്ള ഭാഷയാണ് ഈ സങ്കല്പനത്തിന്റെ ഉള്ളടക്കം എന്നും തിരിച്ചറിയാം. ഉപജാതി വിഭജനങ്ങളെ മറികടന്നും സമുദായത്തിലെ 'അപരിഷ്കൃതം' എന്ന് പറയപ്പെടുന്ന ആചാരങ്ങളെയും തുടച്ചുനീക്കിയ ശ്രീനാരായണഗുരുവിന്റെ ചിന്താപദ്ധതികൾ കൊളോണിയൽ പഠനങ്ങളിൽ സൂക്ഷ്മമായി വിമർശിക്കപ്പെടുന്നുമുണ്ട്.

നാരായണഗുരുവിന്റെ ചിന്തയിൽ സമുദായം എന്നത് ഒരു പ്രസ്ഥാനം മാത്രമല്ല എല്ലാ മനുഷ്യവർഗ്ഗങ്ങളെയും ഉൾകൊള്ളുന്ന ഒന്നാണ്. "സാധാരണവും വിശേഷവുമായ അർത്ഥം സമുദായത്തിനുണ്ട്." ജാതിയിൽ നിന്ന് സമുദായത്തിലേക്ക് മാറാനാണ് അദ്ദേഹം ഈഴവരോട് ആഹ്വാനംചെയ്യുന്നത്.

ജാതി/സമുദായങ്ങളെക്കുറിച്ചുള്ള പോസ്റ്റ്കൊളോണിയൽ വാദങ്ങൾ കൊളോണിയൽ ഇടപെടലുകളിൽ ഒന്നായിട്ടാണ് കാണുന്നത്. ജാതി ഒരു കൊളോണിയൽ നിർമ്മിതിയാണ്.[22] കൊളോണിയൽ വർഗ്ഗീകരണങ്ങൾ, സെൻസസുകൾ, ജാതിയുമായി ബന്ധപ്പെട്ട നിയമങ്ങൾ എന്നിവ ജാതിസമുദായങ്ങളിൽ നിലനില്ക്കുന്ന രീതിയെ മാറ്റിമറിച്ചു. ഇന്ത്യയിലെ സാമുദായിക കലാപങ്ങളെക്കുറിച്ചുള്ള പഠനത്തിൽ ഗ്യാനേന്ദ്ര പാണ്ഡെ ഈ വർഗ്ഗീകരണങ്ങളുടെ പങ്ക് എടുത്തുപറയുന്നു. ഇന്ത്യ തന്നെ ഒരു കണ്ടെത്തൽ ആയിരുന്നുവെന്നും കൊളോണിയൽ മോഡേണിറ്റിയുടെ ഭാഗമായി വന്ന ആധുനികകൊളോണിയൽ വിദ്യാഭ്യാസം ഇന്ത്യൻ സംസ്കാരത്തെ ചിതറിച്ചു എന്നും കവിരാജ് വിമർശിക്കുന്നു. പാരമ്പര്യമല്ല ആധുനികതയാണ് വില്ലൻ എന്ന ആശിശ് നന്ദിയുടെ നിരീക്ഷണവും ദേശീയതയെക്കുറിച്ചുള്ള പഠനത്തിൽ കൊളോണിയൽ മോഡേണിറ്റിയുടെ അഭിമുഖീകരണത്തിൽ ആഭ്യന്തര, ബാഹ്യമണ്ഡലം എന്ന വിഭജനവും ഈ രംഗത്തെ പ്രധാന ആധുനികതാവിമർശനങ്ങളാണ്.

[22] Dirks, Inden, M. Muralidharan, Sudhipta Kaviraj

സമുദായം, ദേശീയത, കോളനി, ആധുനികത തുടങ്ങിയവയെപ്പറ്റിയുള്ള സങ്കല്പനങ്ങൾ രൂപപ്പെടുത്തുന്നതിൽ ആന്റേഴ്സൺന്റെ ഭാവനാസമുദായം (imagined community)എന്ന ആശയം സ്വാധീനിച്ചിട്ടുണ്ട്. അതേസമയം ജാതിയിൽ നിന്ന് സമുദായത്തിലേക്കുള്ള മാറ്റം ഭാവനാവ്യാപാരം എന്നതിൽ നിന്നും ഇന്ത്യയിൽ അത് നിർമ്മാണം (construction) തന്നെയായിരുന്നു എന്ന് സുമിത് സർക്കാറും പാർത്ഥ ചാറ്റർജിയും വാദിക്കുന്നു. ആന്റേഴ്സൺ ദേശീയതയെ ഒരു സാമൂഹ്യസാംസ്കാരിക സങ്കല്പം എന്ന നിലയിലാണ് വിശദീകരിക്കുന്നത്. അത് ആന്തരികമായി പരിമിതവും പരമാധികാരസ്വഭാവമുള്ളതായും സങ്കല്പിക്കുന്നു. പരസ്പരം കാണാതെയും അറിയാതെയും ഒരു രാജ്യത്തെ ജനങ്ങൾക്കിടയിൽ കൂട്ടായ്മയുടെ പ്രതിച്ഛായ ഉണ്ടാക്കുന്നു. അതോടൊപ്പം സമുദായഭാവനയുടെ ആശയവിനിമയത്തിന്റെ കേന്ദ്രമായി അച്ചടിയെ കാണുന്നു. മുതലാളിത്തം,സാങ്കേതികത, അച്ചടിയുടെ ആവിർഭാവം കേരളത്തിലെ ദളിത്പിന്നോക്ക സമുദായങ്ങളുടെ ആശയവിനിമയത്തിന്റെ കേന്ദ്രമായിട്ടാണ് കണ്ടെത്തുന്നത്. ഈ അച്ചടിസംസ്കാരം വിവിധരീതിയിലാണ് പ്രവർത്തിച്ചത്.[23] സാഹിത്യപൊതുമണ്ഡലം (public sphere) എന്ന പദം ആദ്യമായി അവതരിപ്പിച്ചത് ഹേബർമാസ് ആണ്. പൊതുഇടം എന്ന് സാമാന്യമായ അർത്ഥം. കൊളോണിയൽ കാലത്ത് കേരളത്തിലെ പൊതുമണ്ഡലം ജാതിസമുദായങ്ങളുടെ മേഖലയായിരുന്നു. മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും സാംസ്കാരികപാരമ്പര്യത്തെ രൂപപ്പെടുത്തുന്നതിൽ ഇതിന്റെ പ്രതിഫലനങ്ങൾ കാണാം. സാഹിത്യപൈതൃകത്തിന്റെ നിർമ്മാണത്തോടൊപ്പം സമുദായഐഡന്റിറ്റിയെ കുറിച്ചുള്ള ചോദ്യങ്ങളും പൊതുമണ്ഡലത്തിൽ ഉയരുന്നുണ്ട്. സമുദായരൂപീകരണവും അതിന്റെ പരിണാമവും മനസ്സിലാക്കാൻ പൊതുമണ്ഡലം ഒരു ഉപകരണമായി കണക്കാക്കാവുന്നതാണ്.[24] അച്ചടിമാനകീകരണം, ഭാഷകളുടെ നവീകരണം, പൊതുമണ്ഡലത്തിന്റെ രൂപപ്പെടൽ തുടങ്ങിയ ദിശാബോധങ്ങൾ ഈ രംഗത്തെ പഠനത്തെ കാര്യമായി നിർണ്ണയിച്ചിട്ടുണ്ട്. ചരിത്ര ആഖ്യാനങ്ങളുടെ ആവിഷ്കരണങ്ങൾ

[23]Dileep M Menon: A local Cosmo politician: Kesari Balakrishnapillai and the and the invention of Europe for Kerala

[24]Salah Punathil: Caste and Religion in the Public Sphere: Political Articulation of Community Identities in Colonial Kerala

വഴി ഏകീകൃതവും സ്വത്വപരവുമായ ഒരു ഐഡിന്റിറ്റി കൂടി കടന്നുവന്നു.

മിത്തുകളുടെ വ്യാഖ്യാനരൂപത്തിലുള്ള ചരിത്രരചനാരീതി സമ്പ്രദായങ്ങൾ അടയാളപ്പെടുത്തുന്നത് സമുദായ ഇമേജ് ഉണ്ടാക്കുന്നതിലും സ്വാഭാവികമാക്കുന്നതിലുമുള്ള നിർവ്വഹണതലങ്ങളെക്കുടിയാണ്. പല്പുവിന്റെ നിവേദനങ്ങളുടെ ആഖ്യാന സ്വഭാവത്തെക്കുറിച്ചുള്ള പഠനത്തിൽ ഉദയകുമാർ ദൃശ്യതയില്ലാതിരുന്നവരുടെ ചലനാത്മകതയായി വായിക്കുന്നു. സി. വി. കുഞ്ഞുരാമൻ രചിച്ച വ്യാസഭാരതത്തെ ചൊല്ലിയുണ്ടായ വിവാദവും തിരുവിതാംകൂർപാഠപുസ്തകക്കമ്മറ്റിയോട് എന്ന രൂപത്തിലുള്ള അദ്ധ്യക്ഷപ്രസംഗവും 'അരയൻ' പത്രത്തിലൂടെ വേലുക്കുട്ടി അരയന്റെ ഏട്ടുമുട്ടലുകളും കൂട്ടായ്മകളെക്കുറിച്ചുള്ള പുതിയ ആലോചനകളല്ലാതെ മറ്റെന്താണ്. ഈഴവരിലെ മറ്റൊരു പരിഷ്കർത്താവായ സഹോദരൻ അയ്യപ്പന്റെ രചനകളെ പിന്തുടരുമ്പോൾ മൂർത്തമായിട്ടുള്ള ഒരു വിമോചന തത്വചിന്ത കാണാം. ബ്രാഹ്മണ - ഹിന്ദുപ്രത്യയശാസ്ത്രത്തിനെതിരെയുള്ള ആദ്യകാല ചുവടുവെപ്പുകൾ. "സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയെ പിന്തുടർന്ന് വലിയൊരു മനുഷ്യസമൂഹം രൂപീകരിക്കാൻ ജാതികളും ഗോത്രങ്ങളും മതങ്ങളും യഥാസമയം ലയിക്കണം എന്ന ചിന്ത കൂടി പങ്കുവെക്കുന്നു.[25]

വിവിധ സംഘടനകളുടെ ആശയവും കൂട്ടായ പ്രവർത്തനങ്ങളുമായിരുന്നു സമുദായം എന്നതിനെ വിപുലപ്പെടുത്തിയത്. വേലുക്കുട്ടി അരയൻ ജനറൽ സെക്രട്ടറിയായും ശ്രീനാരായണഗുരുവിന്റെ ശിഷ്യൻ സുഗുണാനന്ദഗിരി സ്വാമികൾ അദ്ധ്യക്ഷനായും ആരംഭിച്ച സമസ്ത കേരളീയ അരയമഹാ ജനയോഗം 1919 ൽ തിരുവിതാംകൂറിൽ രൂപംകൊണ്ടു. ചാവർകോട്ട് ശങ്കരനിൽ നിന്ന് വൈദ്യവും പറവൂർ കേശവനാശാനിൽ നിന്ന് സംസ്കൃതവും പഠിച്ച വേലുക്കുട്ടി അരയൻ സുജനനന്ദിനിയുടെ മാതൃകയിൽ ചെറിയഴീക്കലിൽ സ്ഥാപിച്ച വിജ്ഞാനസന്ദായനിവായനശാലയും തിരുവിതാംകൂർ നാവികസംഘം തുടങ്ങിയവ സംസ്കൃതപാരമ്പര്യത്തിന്റെയും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെയും സ്വാധീനം എന്ന പരാവർത്തനങ്ങളോടൊപ്പം തന്നെ പാരമ്പര്യവും ആധുനികതയും തമ്മിലുള്ള അഭിമുഖീകരണത്തിന്റെ ഇടങ്ങളെക്കൂടി തുറക്കുന്നു.

[25] Ajay Shekhar: Sahodaran Ayyappan

ആധുനികതയിൽ സ്വയം വീണ്ടെടുക്കുന്ന തലത്തിലുള്ള ശ്രീനാരായണഗുരുവിന്റെ പ്രവർത്തനങ്ങൾ തദ്ദേശീയതയെക്കുറിച്ചുള്ള പുതിയ ചോദ്യങ്ങളിലേക്ക് കൊണ്ടുപോകുന്നു. കൊളോണിയൽ ആധുനികതയുമായി കാര്യമായി ബന്ധമില്ലാത്ത തീരസമുദായങ്ങളിലൊന്ന് ഹിന്ദുസമുദായരൂപീകരണ പ്രക്രിയയിൽ ഒരു പ്രധാന കണ്ണിയായിത്തീർന്നതിന്റെ സൂചന കൂടിയാണിത്. വർഗ്ഗതാത്പര്യങ്ങളോടും മതരാഷ്ട്രീയത്തോടും കൂറുപുലർത്തി ഒരർദ്ധസ്വഭാവത്തിൽ നിലനില്ക്കുന്ന സമൂഹങ്ങളാണ് തീരസമുദായങ്ങൾ. കൊളോണിയൽ ജ്ഞാനമേഖലയുടെ പിന്തുടർച്ചയിലുള്ള വിശകലനങ്ങൾ ഈ ഇടങ്ങളിൽ ചോദ്യമായിത്തന്നെ നില്ക്കുന്നു.

കേരളത്തിന്റെ പശ്ചാത്തലത്തിൽ വിവിധ സാമൂഹിക വിഭാഗങ്ങൾക്കിടയിൽ ആധുനികതയുടെ സങ്കല്പനവും സ്വീകരണവും വ്യത്യാസമാണ്. ആധുനികത ഒരു പാശ്ചാത്യപദ്ധതിയായി മാത്രം കാണാനാവില്ലെന്നും പകരം പ്രാദേശികവും ബാഹ്യവുമായ സാർവത്രിക ആശയങ്ങൾ തമ്മിലുള്ള ഇടപെടലുകളിലൂടെ ഉണ്ടാകുന്നു എന്നും ഈഴവരുടെ സാമൂഹ്യചലനാത്മകതയെക്കുറിച്ചുള്ള പഠനത്തിൽ കാരലിൻ ഒസെല്ല, ഫിലിപ്പൊ ഒസെല്ല വിശദീകരിക്കുന്നു. കോളോണിയലിസത്തിനും ദേശീയതയ്ക്കും അപ്പുറമുള്ള പ്രാദേശിക കോസ്മോപൊളിറ്റനിസവും കേരളാധുനികതയുടെ സൈദ്ധാന്തിക ചട്ടക്കൂടുകൾക്ക് പുറത്തേക്ക് കടന്നുകൊണ്ട് ഒന്നിലധികം പ്രാദേശികതകളും ആധുനികതകളും പഠനവിധേയമാകുന്ന സമീപനം രീതികളും മേല്പറഞ്ഞതിനോട് ചേർത്തുവായിക്കാവുന്നതാണ്.

സമുദായത്തിലേക്കുള്ള പരിണാമത്തിന്റെ കേന്ദ്രആശയമായി സാംസ്കാരികവും ചരിത്രപരവുമായ തുടർച്ച എന്നർത്ഥത്തിൽ പാരമ്പര്യത്തെപരിശോധിക്കുമ്പോൾ മക്തി തങ്ങൾ, പൊയ്കയിൽ അപ്പച്ചൻ, വേലുക്കുട്ടി അരയൻ, എന്നിവരെയും സ്വദേശി സംസ്കാരത്തിന്റെയും സ്ഥാപനങ്ങളുടെയും വക്താക്കളായി നോക്കേണ്ടതുണ്ട്. സാമ്പ്രദായികമാർക്സിസ്റ്റ് ചരിത്രം വൈദ്യരത്നം പി. എസ്. വാര്യർ എന്ന പേരിൽ തുടങ്ങി അതിൽത്തന്നെ നിർത്തുന്ന, തുടർന്നുള്ളവരാകട്ടെ അധീശത്വസ്വഭാവമുള്ള മതരാഷ്ട്രീയപ്രവർത്തനത്തിന്റെയും സംഘാടനത്തിന്റെയും ഫലമായി സൃഷ്ടിക്കപ്പെട്ട അപകടം എന്ന മട്ടിലാണ് കൈകാര്യം ചെയ്തുപോന്നിരുന്നത്. സമുദായങ്ങളുടെ മത - രാഷ്ട്രീയ - പ്രദേശ ഐഡന്റിറ്റികളെ മുൻനിർത്തിയുള്ള ശ്രദ്ധേയമായ ചില പോപ്പുലർ സമീപനരീതി

കളും കാണാം. ഇതിനെത്തുടർന്ന് അക്കാദമിക് മണ്ഡലത്തിൽ എഴുപതുകളോടെ പ്രചാരം നേടിയ ഒരു പ്രയോഗമാണ് സാമുദായികത. വർഗ്ഗീയവും ധ്രുവീകരണശേഷിയുമുള്ള സമുദായ ഭിന്നതയെ സൂചിപ്പിക്കുന്നു ഇത്. കൊളോണിയൽ കാലത്തെ 'പൊതുമണ്ഡല'വുമായി ബന്ധപ്പെട്ട് ഉണ്ടായ ദൃശ്യതയും ചലനവും വിവിധസമൂഹങ്ങളുടെ പുരോഗമനം എന്ന വിശദീകരണങ്ങളെ റദ്ദ് ചെയ്തുകൊണ്ടു തന്നെ സമകാലികസംവാദങ്ങൾ പൊതുമണ്ഡലത്തിലുള്ള മതത്തിന്റെ അഭിമുഖീകരണങ്ങൾ അപകടകരമായി കാണുന്നു. മതേതര ലിബറൽ പരിപ്രേക്ഷ്യങ്ങൾ മാത്രമല്ല പോസ്റ്റ് കൊളോണിയൽ സിദ്ധാന്തങ്ങളും മതപരമായ ഏകീകരണങ്ങളെ ചോദ്യംചെയ്യുന്നു.

"ഇന്ത്യയെ ജാതികൾ തമ്മിലുള്ള ബന്ധത്തെ ദൃഢപ്പെടുത്താനും സമൂഹവിഭാഗങ്ങൾക്ക് കുറേക്കൂടി വലിയ പരിവേഷം നല്കാനും വേണ്ടി കഴിഞ്ഞ നൂറ്റാണ്ടിൽ സ്വീകരിക്കപ്പെട്ട ഒരു ബദൽ രൂപമാണ് മതസമുദായങ്ങളുടെ ആശയം.ജാതിക്ക് പകരം മതസമുദായങ്ങളെ പ്രതിഷ്ഠിക്കുന്നതിലുള്ള എതിർപ്പ് ദേശീയ പ്രസ്ഥാനത്തിനുള്ളിലും അതിന് ശേഷവും വൻതോതിലുള്ള ആശയസംഘട്ടനത്തിന് കാരണമായിട്ടുണ്ട്. ഇതിന്റെ അർത്ഥം ജാതികളിലേക്ക് തിരിച്ചുപോകണമെന്നല്ല. മതസമുദായമെന്ന ആശയം ഇന്ത്യൻ സംസ്കാരത്തിന്റെ അടിസ്ഥാനഘടകമല്ലെന്ന് മനസ്സിലാക്കുകയാണ് വേണ്ടത്".[26] കെ. എൻ. പണിക്കർ, കെ. എൻ. ഗണേഷ് എന്നീ മാർക്സിയൻ ചരിത്രകാരന്മാരുടെ വിശകലനങ്ങളും സമാനമാണ്. എം. ടി. അൻസാരി സമുദായങ്ങളെ തുറന്ന സംവർഗ്ഗങ്ങളായി വിമർശനപരമായി തിരിച്ചറിയുന്ന ക്രിയാത്മകമായ ഭാവിയിലേക്കുള്ള ഒന്നായിട്ടാണ് നിരീക്ഷിക്കുന്നത്.[27] സാമുദായികതയെ മൂലധനത്തിന്റെ വിമർശനമായി തിരിച്ചറിയുന്ന തുറന്ന സമീപനം ആവശ്യമാണെന്നുകൂടി വാദിക്കുന്നു. "ദേശീയവാദ മാർക്സിസ്റ്റ് പ്രതിനിധാനങ്ങൾ പൊതുവെ മതപരമായ പ്രശ്നമണ്ഡലത്തിലാണ് ക്രമീകരിക്കപ്പെട്ടിട്ടുള്ളതെന്ന് ഹിന്ദുമതത്തിനുള്ളിലെ അക്രമണത്തിന്റെയും അസമത്വത്തിന്റെയും വ്യതിചലനമായി വർഗ്ഗീയതയെ നിരീക്ഷിച്ച ദിലീപ് എം. മേനോൻ മറ്റൊരു പഠനത്തിൽ മലബാറിലെ ഹിന്ദു-മുസ്ലിം അക്രമത്തെ ഏതാനും വരേണ്യവർഗ്ഗങ്ങളുടെയും ദേശീയവാദി

[26] റോമിലാ ഥാപ്പർ: വർഗ്ഗീയതയും ചരിത്രപൈതൃകവും

[27] എം. ടി. അൻസാരി: മലബാർ ദേശീയതയുടെ ഇടപെടലുകൾ

കളും കൈകോർക്കുന്ന പദ്ധതിയാണെന്ന് അഭിപ്രായപ്പെടുന്നു. ചരിത്രരചനാ ഉപാദാനങ്ങളെ പുതുക്കിപണിതുകൊണ്ട് ജാതിയും കൊളോണിയൽ മോഡേണിറ്റിയും തമ്മിലുള്ള ചരിത്രപരമായ രീതിപദ്ധതികളെ കാര്യമായി സ്വാധീനിക്കുന്നുണ്ട് ഈ പഠനങ്ങളെല്ലാം തന്നെ. എഴുപതുകൾ മുതൽ ഉയർന്നുവന്ന ദളിത് സൈദ്ധാന്തികധാരകളെ വികസിപ്പിച്ച സാമൂഹികതയ്ക്ക് ആധാരമായ ജ്ഞാനാന്വേഷണങ്ങളുടെ സാഹചര്യം പല രീതിയിലും സമുദായവുമായി ബന്ധപ്പെട്ട ഈ ആധുനികതാവ്യാഖ്യാനങ്ങളെ വലിയൊരളവിൽ ആധാരമാക്കിയിട്ടുണ്ട്. മാർക്സിസ്റ്റ് മതനിരപേക്ഷധാർമ്മികതയിലും ജനാധിപത്യത്തിൽ നിന്നും ഉയർന്നുവരുന്ന ഒരു പുതിയ രാഷ്ട്രീയമായി കീഴാളനവോത്ഥാനത്തെ വിഭാവനം ചെയ്യുന്ന ഇടതുപക്ഷധാരയും ദേശീയതയുടെ അപരത്വം അനുഭവിക്കുന്ന മുസ്ലീംസമൂഹവുംകൂടി ഉൾച്ചേർന്ന പ്രതിനിധാനരാഷ്ട്രീയത്തെക്കുറിച്ച് ദലിത് ബഹുജൻ മൂവ്മെന്റുകളും സംസാരിക്കുമ്പോൾ ആധുനികകേരളത്തിന്റെ സാംസ്കാരികാവബോധത്തെ കുറേക്കൂടി ക്രിയാത്മകമാക്കാൻ സന്നദ്ധമാകുന്നു. ഫ്രഞ്ച് ചിന്തകനായ ഴാങ് ലൂക് നാൻസി[28] അപൂർണ്ണതയാണ് കമ്മ്യൂണിറ്റിയുടെ തത്വമായി കാണുന്നത്. ഭാഷാപരമായും സ്ഥലപരപരമായും താത്കാലികമായി തുറക്കുന്ന ഒന്ന്. അതിന്റെ പുനർനിർമ്മാണങ്ങൾ ഇങ്ങനെ നിരന്തരം സംവാദത്തിനായി തുറന്നിരിക്കുന്നു.

**സഹായകഗ്രന്ഥങ്ങൾ:**


1. Sam Varghese, Satheese Chandra Bose: Kerala Modernity - Idea, Space and Transition (Ed.)
2. Dileep M. Menon: Blindness of Insight.
3. Filippo Osella, Caralin Osella: Social Mobility in Kerala
4. Partha Chatterjee: Nation And It's Fragments Colonial And Post Colonial Histories
5. Sanal Mohan: Modernity of Slavery: Struggles Against Caste Inequality In Colonial Kerala
6. Sumit Guha: Beyond Caste
7. Benedict Anderson: Imagined Communities
8. Eric Hobswam: Invented Tradition


[28] Jean Luc Nancy: Singular Plural Existence, Co-Entology, Dirks; Caste of Mind Inden; Imagining India, M. Muralidharan; Hindu Community Formation

9. Jean Luc Nancy: The Unavoidable Community; Being Singular Plural

10. Salah punathil; Interrogating Communalism

11. Gyanendra Pandey; The Construction of Communalism in Colonial North India

12. Sumit Sarkar; Writing Social History

12. വള്ളിക്കാവ് മോഹൻദാസ്: അരയൻ

13. ഉരു, ആർട് ഹാർബർ: ഗുരു ചിന്തനം

14. കെ. എൻ. ഷാജി: നാരായണഗുരു ജീവിതം ദർശനം കൃതികൾ (എഡി.)

16. കെ. കെ. ബാബുരാജ്; മറ്റൊരു ജീവിതം സാദ്ധ്യമാണ്.

**ലേഖനങ്ങൾ**

1. ഉദയകുമാർ-ആത്മകഥകൾ ചരിത്രമെഴുതുമ്പോൾ

2. G. Arunima, Imagining Communities Differently: Print, Language, Public.

3. Dileep M. Menon, Religion and Colonial Modernity: Rethinking Belief and Identity; Becoming Hindhu and Muslim

4. Ranjith Thankappan: Debating Community, Print and Dalit in India

# മക്തി തങ്ങളുടെ ഗദ്യഭാഷയും കോളനിയധികാരവും

ഹിലാൽ അഹമ്മദ് സി. സി.

## സംഗ്രഹം:

മക്തി തങ്ങളുടെ മലയാള ലിപിയിലേക്കുള്ള ചുവടുമാറ്റം കേവലം സാങ്കേതികമല്ല എന്നും ഭാഷയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അവബോധത്തിന്റെ ഫലമായിരുന്നു എന്നും വാദിക്കുകയാണ് ഈ പഠനം. ഒപ്പം അത്തരമൊരു അവബോധത്തെ നിർവചിക്കാനും ആ അവബോധത്തെ സാധ്യമാക്കിയ അധികാരത്തെ ചൂണ്ടിക്കാട്ടാനും ശ്രമിക്കുന്നു.

**താക്കോൽ വാക്കുകൾ:** കോളോനിയധികാരം, കേരള മുസ്ലിംനവോത്ഥാനം

കേരളീയ മുസ്ലിം നവോത്ഥാനത്തിന്റെ ആദ്യപേരുകളിൽ ഒന്നാണ് സയ്യിദ് സനാഉല്ലാ മക്തിതങ്ങൾ. 1847ൽ വെളിയങ്കോട് ജനിച്ച ഇദ്ദേഹം മതവിദ്യാഭ്യാസവും ഭൗതികവിദ്യാഭ്യാസവും ആർജിച്ച ശേഷം ബ്രിട്ടീഷ് ഭരണത്തിനുകീഴിൽ എക്സൈസ് ഉദ്യോഗസ്ഥനായി ജോലിനോക്കി. പിന്നീട് ആ ഉദ്യോഗം രാജിവെക്കുകയും മുഴുവൻസമയ പ്രഭാഷകനായും മിഷണറിമാർക്കെതിരെ നിരന്തരം എഴുതിയും ജീവിച്ചു. മലയാളി ലിപിയിൽ പുസ്തകമിറക്കിയ ആദ്യമുസ്ലിം എഴുത്തുകാരനായാണ് സനാഉല്ലാ

മക്തിതങ്ങളെ പി.പവിത്രൻ സ്ഥാനപ്പെടുത്തുന്നത്.[29] മക്തിത ങ്ങൾക്ക് മുമ്പ് മുസ്ലിംകൾ ഗദ്യത്തിലും പദ്യത്തിലും രചനകൾ നടത്തിയിട്ടുണ്ട്. അവ അച്ചടിക്കപ്പെട്ടിട്ടുമുണ്ട്. എന്നാൽ അവ യെല്ലാം അറബിമലയാള ലിപിയിലായിരുന്നു എന്ന് മാത്രം. മക്തിതങ്ങളുടെ ഈ ലിപിമാറ്റം കേവലം സാങ്കേതികമല്ല എന്നും ഭാഷയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അവബോധത്തി ന്റെ ഫലമായിരുന്നു എന്നും വാദിക്കുകയാണ് ഈ പഠനം. ഒപ്പം അത്തരമൊരു അവബോധത്തെ നിർവചിക്കാനും ആ അവബോധ ത്തെ സാധ്യമാക്കിയ അധികാരത്തെ ചൂണ്ടിക്കാട്ടാനും ശ്രമിക്കുന്നു.

## മക്തിതങ്ങളുടെ ഭാഷയും അറബിമലയാളഗദ്യവും

മക്തിതങ്ങളുടെ കാലത്ത് തന്നെ അറബിമലയാളലിപിയിൽ പുറത്തിറങ്ങിയ ഗദ്യകൃതികളിലെ ഭാഷയുമായി മക്തിതങ്ങളുടെ ഗദ്യഭാഷയെ താരതമ്യപ്പെടുത്തിയാൽ അവ തമ്മിൽ കൃത്യമായ ചില വ്യത്യസ്തതകൾ നിരീക്ഷിക്കാൻ സാധിക്കും. 1884ൽ മക്തി തങ്ങളുടെ കഠോരകുഠാരം പുറത്തിറങ്ങുന്ന സമയമാവുമ്പോഴേക്ക് അറബിമലയാളത്തിൽ ഗദ്യസാഹിത്യം സജീവമായിട്ടുണ്ടായി രുന്നു. അറബിമലയാളത്തിലെ ഗദ്യസാഹിത്യകൃതികൾക്ക് പതിനേഴാം നൂറ്റാണ്ടിലെ വെള്ളാട്ടി മസ്അലയോളം പഴക്കമു ണ്ട്.[30] അറബിത്തമിഴിൽ നിന്ന് വിവർത്തനം ചെയ്യപ്പെട്ട ഈ കൃതിയുടെ വിവർത്തകൻ ഖാദി മുഹിയുദ്ദീനാണ്. അറബിമലയാ ളത്തിലെ മിക്ക ഗദ്യകൃതികളും ഇത്തരത്തിൽ പരിഭാഷകളാണ് എന്ന് കാണാം.[31] 1871ൽ മായിൻകുട്ടി എളയ എഴുതിയ വിശുദ്ധ ഖുർആൻ പരിഭാഷയും 1866ൽ ഭാഗികമായും 1883ൽ പൂർണ്ണമായും പ്രസിദ്ധീകരിക്കപ്പെട്ട ചാർദർവേശ് എന്ന പേർഷ്യൻ നോവലി

[29]പവിത്രൻ, പി., മക്തി തങ്ങൾ മാതൃഭാഷയുടെ പോരാളി, മാതൃഭൂമി, 05-01-2013

[30]ഹിക്മത്തുല്ല, വി. മാപ്പിളസാഹിത്യവും മലയാളഭാവനയും, ബുക്പ്ലസ്, ചെമ്മാട്, 2017. പേജ് 101. ബാലകൃഷ്ണൻ വള്ളിക്കുന്ന്, മാപ്പിളഭാഷ അറ ബിമലയാളത്തിൽ നിന്ന് ശ്രേഷ്ഠമലയാളത്തിലേക്ക് എന്ന പുസ്തകത്തിൽ അച്ച ടിച്ച വർഷമായി 1896 നല്കുന്നു. ഗ്രന്ഥരചയിതാവിന്റെ ജീവിതകാലം മു ൻനിർത്തിയാണ് വി. ഹിക്മത്തുല്ല രചനാകാലം പതിനേഴാം നൂറ്റാണ്ടാണെന്ന് കണക്കാക്കുന്നത്.

[31]മൻസൂറലി, ടി., അറബി - മലയാളം ചരിത്രവും സാഹിത്യവും, മൻസൂറലി ടി. (എഡി.) അറബിമലയാളസാഹിത്യപഠനങ്ങൾ, വചനം ബുക്സ്, കോഴിക്കോ ട്, 2017.

ന്റെ വിവർത്തനവും[32] ശുജായി മൊയ്തു മുസ്ലിയാരുടെ ഫൈളുൽ ഫയ്യാൾ(1887) ഫത്തഹുൽ ഫത്താഹ് (1909) തുടങ്ങിയ രചനകളും മക്തിതങ്ങളുടെ അതേകാലത്തുതന്നെ അറബിമലയാളത്തിൽ പ്രസിദ്ധീകൃതമായ കൃതികളിൽ പ്രമുഖമാണ്.

ഇത്തരം അറബിമലയാള ഗദ്യകൃതികളുടെ ഭാഷ എത്തരത്തിലാണ് മക്തിതങ്ങളുടെ ഗദ്യഭാഷയിൽനിന്ന് വ്യതിരിക്തമാവുന്നത് എന്ന് മനസ്സിലാക്കാനായി ചില ഉദാഹരണങ്ങൾ പരിശോധിക്കാം. 1871ൽ മായിൻകുട്ടി എളയ രചിച്ച ഖുർആൻ പരിഭാഷയിൽ നിന്ന് ബാലകൃഷ്ണൻ വള്ളിക്കുന്ന് ഉദ്ധരിക്കുന്ന ഒരു ഭാഗം കാണാം: അള്ളയെന്ന തിരുനാമപ്പേരുകൊണ്ട് ഈ ശറഫാക്കപ്പെട്ട ഖുർആനിനെ ഓതുവാൻ തുടങ്ങുന്നു. യെങ്ങനത്തെ അള്ളാഹു? ദുനിയാവിന് അവനിക്ക് ബയിപ്പെട്ടോര്ക്കും ബശിപ്പെടാത്തോര്ക്കും ആമ്മായി കിര്ഫചെയ്യുന്നവന്. പിന്നെ യെങ്ങനത്തോന്? ദുന്യാവിന്ന് അവനിക്ക് ബശിപ്പെട്ടതായെ നല്ലജ്ജനങ്ങള്ക്ക് ആഖിറത്തിന്നും ഖാസ്സായും കിര്ഫ ചെയ്യുന്നവന്.[33]

മറ്റൊരു ഉദാഹരണമായി ശുജായി മൊയ്തു മുസ്ലിയാരുടെ 1887ൽ പ്രസിദ്ധീകൃതമായ ഫൈളുൽ ഫയ്യാള് എന്ന കൃതിയുടെ മലയാളഭാഷ്യം രചിച്ച ഡോ.പി.സക്കീർ ഹുസൈൻ കൃതിക്ക് അനുബന്ധമായി നല്കിയിട്ടുള്ള ശുജായിയുടെ ഗദ്യമാതൃകയിൽ നിന്നുള്ള ഭാഗങ്ങൾ പരിഗണിക്കാം:

വബില്ലാഹി തൗഫീഖ് ഒളിവിന്ന് സംഭവിച്ച ഇശ്ഖാഷകലര്ന്ന് കമര്ന്ന് നിറഞ്ഞു ബവിഞ്ഞു തിങ്ങി ബിങ്ങി പൊങ്ങിയതില് പുലര്ന്ന ഒരുബീര്പ്പിനാല് നാല് ചിന്നമായി. അത്കളാല് അര്ശ്, കുര്സ്, ഖലം, ലൗഹ് ഇതുകളെ പടച്ച്. പിന്നെ അട്ടപ്പമെന്ന് അർത്ഥമുള്ള ഖുർബിന്റെ നിലപാടിൽ പന്തീരായിരം കാലം താമസം കശിഞ്ഞു.[34]

[32]ഹിക്മത്തുല്ല, വി., മാപ്പിളസാഹിത്യവും മലയാളഭാവനയും, ബുക്പ്ലസ്, ചെമ്മാട്, 2017. പേജ് 104.

[33]വള്ളിക്കുന്ന്, ബാലകൃഷ്ണൻ. മാപ്പിളഭാഷ അറബിമലയാളത്തിൽ നിന്ന് ശ്രേഷ്ഠമലയാളത്തിലേക്ക്. വചനം ബുക്സ്, കോഴിക്കോട്, 2018. പേജ് 120

[34]സക്കീർ ഹുസൈൻ, പി ഫൈളുല് ഫൈയ്യാള്, ഇസ്ലാമിക് പബ്ലിഷിങ്ങ് ബ്യൂറോ, കോഴിക്കോട്, 2017. പേജ് 221. ശുജായി മൊയ്തുമുസ്ലിയാരുടെ കൃതിയുടെ മലയാളഭാഷ്യമാണ് കൃതി.

ഈ ഗദ്യമാതൃകകളെ മക്തി തങ്ങളുടെ ഗദ്യമാതൃകയുമായി താരതമ്യം ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ ഭാഷ ഈ ഗദ്യത്തിൽ നിന്ന് ചില കാര്യങ്ങളെ വ്യതിരിക്തമാണ് എന്ന് കാണാൻ സാധിക്കും. താരതമ്യത്തിനായി അദ്ദേഹത്തിന്റെ കഠോരകുഠാരത്തിൽ നിന്നുള്ള ഒരു ഭാഗം ഉദ്ധരിക്കാം:

യേശുവിനു അച്ഛൻ ഇല്ല എന്നുതന്നെ സ്ഥാപിക്കുന്നുവെങ്കിലും ദൈവപുത്രൻ എന്നു വരുത്തുവാൻ അത്യന്തം പണിതന്നെ. എങ്ങിനെ എന്നാൽ ആദ്യജാതനായ ആദാമിനും ജഗന്മാതാവായ ഹവ്വ എന്ന സ്ത്രീക്കും അച്ഛനും അമ്മയും ഇല്ല. എന്നുതന്നെ അല്ല ടർക്കി രാജ്യത്തിലെ സൂര്യമാർഗ്ഗിയായ അലാൻകുവ എന്ന രാജപുത്രി ഭർത്താവില്ലാതെ മൂന്ന് പുത്രരെ പ്രസവിച്ചു. അവർ സൂര്യപുത്രർ എന്ന് വിളിക്കപ്പെട്ടിരുന്നു. ശങ്കരാചാര്യർക്കും അച്ഛൻ ഇല്ല. ഇങ്ങനെ അച്ഛനില്ലാത്ത അനേക പേരുകളുണ്ട്. അച്ഛൻ ഇല്ലാത്തതിനാൽ ദൈവപുത്രൻ ആകുവാൻ അവകാശപ്പെടുന്നു എങ്കിൽ ഇവർക്കും ആശയവകാശം വിധിക്കയില്ലയോ?[35]

ഈ മൂന്ന് ഗദ്യമാതൃകകളും തമ്മിലുള്ള വ്യത്യാസങ്ങൾ കേവലം ലിപിമാറ്റത്തിലധികമാണ് എന്ന് ഒറ്റനോട്ടത്തിൽ സ്പഷ്ടമാണ്. എന്നാൽ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ ഭാഷാപരമായ ചില സവിശേഷ വ്യത്യാസങ്ങൾ എടുത്തുകാണിക്കേണ്ടതുണ്ട്. ആദ്യ രണ്ട് മാതൃകകളും കാണുന്ന ബകാരം കൊണ്ട് തുടങ്ങുന്ന പദങ്ങൾ മക്തിതങ്ങളുടെ ഗദ്യത്തിൽ കാണാനില്ല. മായിൻകുട്ടി എളയയുടെ പരിഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന 'ബയിപ്പെട്ടവര്ക്കും ബശിപ്പെടാത്തവര്ക്കും' തുടങ്ങിയ പദങ്ങളും ശുജായി മൊയ്തു മുസ്ലിയാരുടെ കൃതിയിൽ കാണുന്ന ബിങ്ങി, ബീര്പ്പിനാല് തുടങ്ങിയ പ്രയോഗങ്ങളിലും കാണുന്ന ബ-വ വിനിമയം മുഹിയുദ്ദീൻ മാലയോളം പഴക്കമുള്ളവയാണ്. പദാദ്യത്തിലെ വകാരം ബകാരമായി മാറുന്ന പ്രവണതക്ക് അറബി മലയാളത്തിലെ കണ്ടുകിട്ടിയ ആദ്യകൃതിയോളം പഴക്കമുണ്ട് എന്ന് സാരം. മൃദുക്കൾ പദാദിയിൽ വരികയില്ലെന്ന ദ്രാവിഡ നിയമത്തിൽ നിന്ന് വ്യത്യസ്തമായി കന്നടയിലും വടക്കൻ മലയാളത്തിലും ദ്രാവിഡ പദങ്ങളുടെ ആദ്യത്തിലെ വകാരം പലപ്പോഴും ബകാരമാകുന്നതാണ് ഇത്തരം പദങ്ങൾ പ്രത്യക്ഷപ്പെടാൻ കാരണമെന്ന് ഡോ. പി.

[35] മക്തി തങ്ങൾ, സനാഉല്ല. മക്തി തങ്ങളുടെ സമ്പൂർണ്ണ കൃതികൾ, വചനം ബുക്സ്, കോഴിക്കോട്, 2006. പേജ് 44(കഠോരകുഠാരം എന്ന കൃതിയിൽ നിന്ന്)

എ. അബൂബക്കർ നിരീക്ഷിക്കുന്നു.[36] മാപ്പിള ഭാഷയുടെ സ്വത്വം നിർണയിക്കുന്നതിൽ ദ്രാവിഡഭാഷകളുടെ പൊതുവായ സവി ശേഷതകൾ എന്നപോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ് തമിഴിൽ നിന്നും തെക്കൻകേരളഭാഷയിൽ നിന്നും മലബാർ ഭാഷയെ വ്യത്യസ്തമാക്കുന്ന പ്രത്യേകതകളും എന്ന് ചൂണ്ടിക്കാ ണിക്കാൻ വേണ്ടിയാണ് അദ്ദേഹം ഈ വ-ബ വിനിമയത്തെ ചൂണ്ടിക്കാണിക്കുന്നത്. അഥവാ മക്തിതങ്ങളുടെ ഗദ്യത്തിൽ ഇത്ത രമൊരു വിനിമയം ഇല്ല എന്നത് വിരൽചൂണ്ടുന്നത് മലബാറിലെ മാപ്പിളഭാഷയിൽ നിന്നു തന്നെയുള്ള അദ്ദേഹത്തിന്റെ ഭാഷയുടെ വ്യതിരിക്തതയെയാണ്.

ഈ ഗദ്യഭാഗങ്ങൾ പരിശോധിച്ചാൽ മനസ്സിലാകുന്ന മറ്റൊരു വസ്തുത, ഇസ്ലാം മതവുമായി ബന്ധപ്പെട്ട സാങ്കേതിക പദാവലികൾ ഉപയോഗിക്കുമ്പോൾ ആദ്യത്തെ രണ്ട് ഗ്രന്ഥകാരന്മാരും ഏതെ ങ്കിലും തരത്തിലുള്ള വിശദീകരണങ്ങൾ നൽകുന്നില്ല എന്നതാണ്. എന്നാൽ മക്തിതങ്ങളാവട്ടെ ഇസ്ലാമുമായി ബന്ധപ്പെട്ട ഏതെ ങ്കിലും സാങ്കേതിക പദം ഉപയോഗിക്കുകയാണെങ്കിൽ അതിന് കൃത്യമായ വിശദീകരണം നൽകുന്നത് കാണാം. തമിഴ് രാജ്യം മുതൽ മലയാള രാജ്യനിവാസികളായ മുസ്ലീം ജനവും വിദ്യാഭ്യാസ വും എന്ന അദ്ദേഹത്തിന്റെ ലേഖനത്തിൽ ഫർള്കിഫായ, ഫർള് ഐന് തുടങ്ങിയ ഇസ്ലാമിക കർമ്മശാസ്ത്രവുമായി ബന്ധപ്പെട്ട സാങ്കേതിക പദങ്ങളെ പ്രയോഗിച്ചയുടനെ അദ്ദേഹം അവയെ വിശദീകരിക്കുന്നുണ്ട്. ശുജായി മൊയ്തു മുസ്ലിയാർ,'വബില്ലാഹി തൗ ഫീഖ്''എന്ന് പ്രയോഗിക്കുന്നു എന്നല്ലാതെ അതെന്താണ് എന്ന് വിശദീകരിക്കുന്നില്ല. മായിൻകുട്ടി എളയയും 'ആഖിറം' തുടങ്ങിയ പ്രയോഗങ്ങൾ വിശദീകരിക്കുന്നില്ല. എന്നാൽ സാധാരണ പ്ര യോഗിക്കപ്പെടുന്ന പദങ്ങൾക്കപ്പുറമെ ഗ്രഹിക്കുവാൻ ബുദ്ധിമുട്ടുള്ള ഏതെങ്കിലും സംസ്കൃതപദങ്ങൾക്ക് മക്തിതങ്ങൾ വിശദീകരണം നൽകുന്നതായി കാണാൻ സാധിക്കില്ല. അദ്ദേഹത്തിന്റെ ആദ്യ പുസ്തകത്തിന്റെ പേരായ കഠോരകുഠാരം തന്നെ ഇതിനുദാഹരണം. അഥവാ അദ്ദേഹം മലയാളഭാഷയെ സംസാരഭാഷയോടോ മലബാറിലെ വാമൊഴിവഴക്കത്തോടോ അറബിമലയാളത്തിലെ

[36] അബൂബക്കർ, പി.എ. ഭാഷയുടെ മാനകീകരണം: മാപ്പിളസാഹിത്യത്തിൽ, മുഹമ്മദ് അബ്ദുൽ സത്താർ കെ. കെ. (എഡി.), മാപ്പിള കീഴാളപഠനങ്ങൾ, മുഹ മ്മദ് അബ്ദുൽകരീം, സെന്റർ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച്, കൊണ്ടോട്ടി & വചനം ബുക്സ്, കോഴിക്കോട്, 2014. പേജ് 341.

അക്കാലത്തെ ഗദ്യഭാഷയോടോ ചേർത്തുവെച്ചല്ല വിഭാവനം ചെയ്തത്. പകരം തെക്കൻ മലബാറിൽ രൂപപ്പെട്ടുകൊണ്ടിരുന്ന ഭാഷാഗദ്യത്തോടാണ്. മിഷനറിഗദ്യത്തിന്റെയും തിരുവിതാംകൂർ പാഠപുസ്തക കമ്മിറ്റിയുടെയും പ്രവർത്തനഫലമായി രൂപപ്പെട്ടു കൊണ്ടിരുന്ന, സംസ്കൃതത്തോട് ചായ്വുള്ള ഒരു ഗദ്യമാതൃകയാണ് ഇത്. പദസമ്പാദനത്തിന് സംസ്കൃതത്തെ ആശ്രയിക്കാനാണല്ലോ സാഹിത്യസാഹ്യത്തിൽ ഗദ്യസാഹിത്യകാരന്മാരെ എ.ആർ.രാജരാജവർമ്മ ഉപദേശിക്കുന്നത്.[37] അത്തരമൊരു സംസ്കൃതാശ്രയത്വം മക്തിതങ്ങളിൽ കാണാം.

അറബിമലയാള ഗദ്യത്തിൽ നിന്ന് അപ്പോൾ രണ്ടുതരത്തിൽ മക്തിതങ്ങളുടെ ഭാഷ വ്യതിരിക്തമാകുന്നു എന്നു പറയാം. ഒന്ന്, അത് എഴുതാനുപയോഗിക്കുന്ന ലിപിയിൽ. രണ്ട് ഗദ്യത്തിന്റെ ശൈലിയിൽ. ഈ രണ്ട് തിരഞ്ഞെടുപ്പിലും കോളനി അധിനിവേശത്തിന്റെ ഫലമായി ഭാഷയിലുണ്ടായ മാറ്റങ്ങളുടെ സ്വാധീനം കാണാതിരിക്കാൻ കഴിയില്ല. ആഞ്ചലോ ഫ്രാൻസിസ് മുതൽ മലയാളഭാഷയുടെ ആദ്യകാല വൈയാകരണൻമാരെല്ലാം മിഷനറിമാരോ കൊളോണിയൽ ഉദ്യോഗസ്ഥരോ ആയിരുന്നു എന്ന് കാണാം. ഈ വ്യാകരണ പുസ്തകങ്ങളുടെയും ബെഞ്ചമിൻ ബെയിലി, ഹെർമ്മൻ ഗുണ്ടർട്ട് തുടങ്ങിയ മിഷനറി പ്രവർത്തകരുടെ ലിപി പരിഷ്കരണത്തിനുള്ള ശ്രമങ്ങളുടെയും ഉല്പന്നമാണ് മക്തി തങ്ങൾ തിരഞ്ഞെടുത്ത ഈ ഗദ്യഭാഷ. അദ്ദേഹത്തിന്റെ മക്തി മനഃക്ലേശം എന്ന പുസ്തകത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നത് കാണാം: ആവക ലേഖനങ്ങൾ മലയാളത്തിൽ വ്യുല്പത്തി അശേഷം ഇല്ലാത്ത ബഹുജനത്തെ മഹാ അപകടത്തിലാക്കുന്നു. ഭാഷാവ്യവസ്ഥ-ഉച്ചാരണഭേദം- അബദ്ധസുബദ്ധ - അർത്ഥം - കാലം - ലിംഗം - വിഭക്തി - സന്ധിസമ്പ്രദായം മുതലായതൊന്നുമറിയാതെ പുസ്തകം എഴുതുന്നതും പ്രസിദ്ധപ്പെടുത്തുന്നതും സങ്കടം തന്നെ.[38]

എന്തുകൊണ്ട് അദ്ദേഹം തന്റെ ഗദ്യഭാഷയ്ക്ക് ഇത്തരമൊരു ശൈലി സ്വീകരിച്ചു എന്നതിന് ചരിത്രപരമായി രണ്ട് ഉത്തരങ്ങൾ നൽകാം. ഒന്ന് പൊന്നാനിയിൽ ജനിച്ചെങ്കിലും തന്റെ കർമ്മമ

[37] രാജരാജവർമ്മ, എ ആർ. സാഹിത്യസാഹ്യം, സായാഹ്ന ഫൗണ്ടേഷൻ, തിരുവനന്തപുരം, 2013. പേജ് 04

[38] മക്തി തങ്ങൾ, സനാഉല്ല. മക്തി തങ്ങളുടെ സമ്പൂർണ്ണ കൃതികൾ, വചനം ബുക്സ്, കോഴിക്കോട്, 2006. പേജ് 700.

ണ്ഡലമായി അദ്ദേഹം തിരഞ്ഞെടുത്തത് തെക്കൻകേരളത്തിലെ കൊച്ചിയാണ്. കൊച്ചിയിലെ പത്രമാസികകളിലെ ഗദ്യശൈലി യാവാം അദ്ദേഹം പിന്തുടർന്നത്. മറ്റൊന്ന് അദ്ദേഹം പ്രധാനമായും എതിരിട്ടത് ക്രിസ്തീയ മതപുരോഹിതന്മാരെയാണ്. നാട്ടുക്രിസ്ത്യാനികളും മിഷണറിമാരും വായിച്ച് മനസ്സിലാക്കാൻ ഇടയുള്ള ഒരു ഭാഷയിൽ വേണം തന്റെ ഗദ്യരചന എന്ന് അദ്ദേഹം കരുതിയിരിക്കാം. എന്നാൽ അദ്ദേഹത്തിന്റെ ഭാഷയെക്കുറിച്ചുള്ള സങ്കല്പങ്ങളെ പരിശോധിക്കുമ്പോൾ ഇങ്ങനെ 'ഉപയോഗമൂല്യത്തെ' മാത്രം മുൻനിർത്തി രൂപപ്പെട്ടതായിരുന്നില്ല അദ്ദേഹത്തിന്റെ ഈ തിരഞ്ഞെടുപ്പ് എന്ന് അനുമാനിക്കാൻ കഴിയും.

## മക്തി തങ്ങളുടെ ഭാഷാസങ്കല്പങ്ങൾ

ഭാഷയെക്കുറിച്ച് മക്തിതങ്ങൾക്കുള്ള സങ്കല്പങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ പലയിടത്തായി പ്രത്യക്ഷപ്പെടുന്നത് കാണാൻ സാധിക്കും. മേലുദ്ധരിച്ച മറ്റു ഗദ്യഗ്രന്ഥകാരന്മാരുടെ ഭാഷയെ കേവലം ഉപേക്ഷിക്കുക മാത്രമല്ല അവയെ വിമർശിക്കുന്നുമുണ്ട് അദ്ദേഹം. അദ്ദേഹത്തിന്റെ മക്തി മനഃക്ലേശം എന്ന ഗ്രന്ഥത്തിൽ അറബിമലയാളത്തിലെ ഈ ഗദ്യഗ്രന്ഥകാരന്മാരുടെ ഭാഷയിലുള്ള തെറ്റായ പ്രയോഗങ്ങളെ അദ്ദേഹം എണ്ണിയെണ്ണി സൂചിപ്പിക്കുന്നുണ്ട്.[39] ഇവിടെ സവിശേഷമായി ശ്രദ്ധിക്കേണ്ട ഒരുകാര്യം, കേരളീയ മുസ്ലീങ്ങൾ അവരുടെ നിത്യജീവിതത്തിൽ സ്ഥിരമായി ഉപയോഗിക്കുന്ന രണ്ടു പദങ്ങളോടുള്ള അദ്ദേഹത്തിന്റെ സമീപനമാണ്. ഒന്ന് മുസ്ലിയാർ എന്നുള്ള പദം. ഈ പദത്തിന് മൊയ്ല്യാര് എന്നും മുസ്ലിയാർ എന്നും രണ്ടുതരം ഉപയോഗമുള്ളതിനെ അദ്ദേഹം ഒരു പ്രശ്നമായാണ് കാണുന്നത്. മറ്റൊന്ന് ബാങ്ക് എന്ന പദം. ഏതു ഭാഷയിലുള്ള പദമാണിതെന്ന് അദ്ദേഹം ചോദിക്കുന്നു. അഥവാ മാപ്പിള മലയാളത്തെ സ്വന്തമായി പദങ്ങൾ ഉല്പാദിപ്പിക്കാൻ കഴിവുള്ള ഒരു ഭാഷാവഴക്കമായി അദ്ദേഹം സങ്കൽപ്പിച്ചിരുന്നില്ല. മലയാളം, അറബി എന്നിങ്ങനെ സ്വതന്ത്രമായി നില്ക്കാൻ കഴിയുന്ന ഭാഷകൾ എന്ന് അംഗീകാരം സിദ്ധിച്ച ഭാഷകളിൽനിന്ന് പദങ്ങൾ കടമെടുക്കുന്ന ഒരു അപരിഷ്കൃത ഭാഷാവഴക്കമായാണ് അദ്ദേഹം മാപ്പിളഭാഷയെ കാണുന്നത്. ഈ ഒരുധാരണക്കും കൊളോണിയൽ വേരുകൾ ചൂണ്ടിക്കാണിക്കാൻ കഴിയും. ദക്ഷിണേന്ത്യൻ

[39] മക്തി തങ്ങൾ, സനാഉല്ല. മക്തി തങ്ങളുടെ സമ്പൂർണ്ണ കൃതികൾ, വചനം ബുക്സ്, കോഴിക്കോട്, 2006. പേജ് 701

ഭാഷകളെ മുൻനിർത്തി, അവരുടെ വളർച്ചയിൽ കൊളോണിയൽ ഭാഷാപഠിതാക്കൾക്കുള്ള സ്വാധീനത്തെ പഠിച്ച തോമസ് ട്രോട്ട്മാൻ അവർക്ക് ഇത്തരം ഭാഷകളോടുള്ള സമീപനമെന്താണ് എന്ന് വ്യക്തമാക്കുന്നുണ്ട്.

Though mixture is an aspect of every natural language, for a natural language to enter into the historical-linguistic tree, it must first give up its borrowed clothes and get naked. Much as ancient genealogists learned to sculpt the relations of kinship to form beautiful, treelike branching structures by throwing away all relations of descent and marriage except those that pass exclusively through males, modern linguists could map languages onto such structures only after the languages had been thinned down, carved out, and abstracted from all that time, proximity, and communication do to make neighboring natural languages, such as the languages of India, resemble one another. It will be well to keep in mind the highly artificial nature of both these effects, and to remember that they flow from the word list and its theory. While in the eighteenth century there was considerable vacillation between mixture and genealogy as the explanation of similarity among languages, the inexorable tendency, or at any rate the tendency that won out, was the latter, epitomized in the slogan of the Young Grammarians of the mid-nineteenth century: there is no such thing as a mixed language (Es gibt kein Mischgesprach). The audacity of this statement is breathtaking, for in truth there is no such thing as a pure language, a language that is not mixed, if we are speaking of natural, actually existing languages spoken by human beings rather than artificial languages abstracted from them for purposes of comparative study.[40]

അഥവാ അറബിമലയാളത്തെ ഒരു ഭാഷയായി പരിഗണിക്കാത്ത, ഒരു 'യഥാർത്ഥ'ഭാഷയിൽ അർത്ഥം കിട്ടുന്നതുവരെ ബാങ്ക് എന്ന നിത്യോപയോഗ പദത്തെ അംഗീകരിക്കാൻ കഴിയാത്ത

[40]Trautmann, R, Thomas. Languages and Nations: The Dravidian Proof in Colonial Madras, University of California Press, California, 2006 p. 37-38

മക്തിതങ്ങളുടെ ഭാഷാസങ്കല്പം ട്രോട്ട്മാൻ സൂചിപ്പിക്കുന്ന ഈ കൊളോണിയൽ ഭാഷാ പഠിതാക്കളുടെ സമീപനം തന്നെയാണ്.

മക്തി തങ്ങളെ സംബന്ധിച്ചിടത്തോളം പ്രസക്തമാകുന്ന മറ്റൊരു കൊളോണിയൽ ആലോചനകൂടി ട്രോട്ട്മാൻ കൊളോണിയൽ ഭാഷാപഠിതാക്കളുടേതായി സൂചിപ്പിക്കുന്നുണ്ട്. ഭാഷയെ ദേശീയതയുമായി കൂട്ടിക്കെട്ടാനുള്ള പ്രവണതയാണത്. ഇൻഡോ-യൂറോപ്യൻ ഭാഷാകുടുംബത്തെക്കുറിച്ച് ആദ്യമായി പറഞ്ഞ സർ വില്യം ജോൺസ് ആ കുടുംബത്തിലെ ഭാഷകളെക്കുറിച്ച് കൂടുതൽ ആഴത്തിൽ പഠിക്കാനല്ല, പകരം ആ ഭാഷകൾ തമ്മിലുള്ള സാജാത്യ വൈജാത്യങ്ങൾ താരതമ്യം ചെയ്ത് പഠിക്കുന്നതിലൂടെ ആ ഭാഷ സംസാരിക്കുന്ന ദേശീയതകൾ തമ്മിലുള്ള കൊടുക്കൽ വാങ്ങലുകളുടെ ചരിത്രം പഠിക്കാൻ വേണ്ടിയാണ് ഇത്തരത്തിലൊരു ഭാഷാപഠനം തന്നെ നടത്തുന്നത് എന്ന് ട്രോട്ട്മാൻ പറയുന്നു. അദ്ദേഹം തുടരുന്നു:

We see at work here the common presumption of his age: that languages and nations are inextricably connected, so much so that relations among languages index the relations among nations, and historical relations among nations can be inferred from relations among languages. Even when, in later years, comparative philology acquired a body of works all its own, the connectedness of language with issues of nation and race remained so deeply presumed that it was not available for discussion and debate. It was not until more than a century after Jones that Europeans declared, as a surprising new discovery, that the connection between languages and nations is contingent, not necessary.[41]

ഐക്യകേരളപ്രസ്ഥാനം രൂപപ്പെടുന്നതിന് വളരേ മുമ്പുതന്നെ മക്തി തങ്ങൾ, മതം കൊണ്ട് പലതായി ഭേദിച്ചിരിക്കുന്നെങ്കിലും ജനനഭൂമി കേരളമാകയാൽ കേരളീയരത്രയും വന്ദേമാതരത്തിൽ നിന്നുത്ഭവിക്കുന്ന കേരളീയ പ്രയോഗത്തിൽ ഉൾപ്പെടുന്നു എന്ന്

[41]Trautmann, R, Thomas. Languages and Nations: The Dravidian Proof in Colonial Madras, University of California Press, California, 2006 p. 15

പറയുന്നുണ്ട്.[42] ഇതിനു തൊട്ടുടനെ അദ്ദേഹം ദേശാഭിമാനികളുടെ പ്രധാന കർത്തവ്യമായി രാജഭാഷയും രാജ്യഭാഷയും ക്രമമായി അഭ്യസിക്കുന്നതിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നു. ഈ രാജ്യ ഭാഷ എന്നതുകൊണ്ട് മക്തി തങ്ങൾ ഉദ്ദേശിക്കുന്നത് കേരളീയ മുസ്ലിംകളുടെ ഭാഷാവഴക്കമല്ല എന്നത് വ്യക്തമാണ്. കേരളീയ മുസ്ലിംകൾക്ക് അന്യമായ, പൊതുമണ്ഡലത്തിൽ രൂപപ്പെട്ടുവരുന്ന ഒരു മലയാള ഭാഷയെ മാതൃഭാഷയായും വിശ്വാസസംഗതികളെ ധരിപ്പിക്കുന്ന ഗുരുവായും മരണം വരെയും മരണാനന്തരം താനും ദൈവത്തോട് അപേക്ഷിപ്പാൻ തുണയായും ഇരിക്കുന്ന അവസ്ഥ ക്ക് ആദ്യം പഠിച്ചുണരേണ്ടതായും അദ്ദേഹം കാണുന്നു.[43](15)

ചുരുക്കത്തിൽ മക്തി തങ്ങളുടെ ഗദ്യഭാഷയുടെ ലിപിയും ശൈലിയും മാത്രമല്ല അദ്ദേഹത്തിന്റെ ഭാഷയോടുള്ള സമീപനവും ഭാഷയെക്കുറിച്ചുള്ള സങ്കല്പവും കൊളോണിയൽ ധാരണകളിൽ നിന്ന് രൂപപ്പെടുന്നതാണ് എന്ന് വ്യക്തമായി മനസ്സിലാക്കാം.

## ഗ്രന്ഥസൂചി

### മലയാളം

1. അബൂബക്കർ, പി. എ. ഭാഷയുടെ മാനകീകരണം: മാപ്പിള സാഹിത്യത്തിൽ, മുഹമ്മദ് അബ്ദുൾ സത്താർ കെ. കെ. (എഡി.), മാപ്പിള കീഴാളപഠനങ്ങൾ, മുഹമ്മദ് അബ്ദുല്കരീം സെന്റർ ഫോർ ഹിസ്റ്റോറിക്കൽ റിസര്ച്ച് കൊണ്ടോട്ടി & വചനം ബുക്സ്, കോഴി ക്കോട്, 2014.

2. മക്തി തങ്ങൾ, സനാഉല്ല. മക്തി തങ്ങളുടെ സമ്പൂർണ്ണ കൃതികൾ, വചനം ബുക്സ്, കോഴിക്കോട്, 2006.

3. മൻസൂറലി ടി, അറബി-മലയാളം ചരിത്രവും സാഹിത്യവും, മൻസൂറലി ടി എഡി. അറബിമലയാള സാഹിത്യപഠനങ്ങൾ, വചനം ബുക്സ്, കോഴിക്കോട്, 2017.

4. രാജരാജവർമ്മ, എ ആർ. സാഹിത്യസാഹ്യം, സായാഹ്ന ഫൗണ്ടേഷൻ, തിരുവനന്തപുരം, 2013.

---

[42] മക്തി തങ്ങൾ, സനാഉല്ല. മക്തി തങ്ങളുടെ സമ്പൂർണ്ണ കൃതികൾ, വചനം ബുക്സ്, കോഴിക്കോട്, 2006. പേജ് 510.

[43] മക്തി തങ്ങൾ, സനാഉല്ല. മക്തി തങ്ങളുടെ സമ്പൂർണ്ണ കൃതികൾ, വചനം ബുക്സ്, കോഴിക്കോട്, 2006. പേജ് 702.

5. വള്ളിക്കുന്ന്, ബാലകൃഷ്ണൻ. മാപ്പിളഭാഷ അറബിമലയാളത്തിൽ നിന്ന് ശ്രേഷ്ഠമലയാളത്തിലേക്ക്. വചനം ബുക്സ്, കോഴിക്കോട്, 2018.
6. സക്കീർ ഹുസൈൻ, പി ഫൈളുല് ഫൈയ്യാള്, ഇസ്ലാമിക് പബ്ലിഷിങ്ങ് ബ്യൂറോ, കോഴിക്കോട്, 2017
7. ഹിക്മത്തുല്ല, വി. മാപ്പിളസാഹിത്യവും മലയാളഭാവനയും, ബുക്പ്ലസ്, ചെമ്മാട്, 2017

**ഇംഗ്ലീഷ്**

1. Trautmann, R, Thomas. Languages and Nations: The Dravidian Proof in Colonial Madras, University of California Press, California, 2006

**പത്രമാസികകൾ**

1. പവിത്രൻ, പി. മക്തി തങ്ങൾ മാതൃഭാഷയുടെ പോരാളി, മാതൃഭൂമി, 05-01-2013.

# Hurtful Past and Haunting Memories: Rummaging through Sasanka Perara's Warzone Tourism in Sri Lanka: Tales from Darker Place in Paradise

**Dr. Anuja Raj**

## Abstract

Sri Lanka is a nation country which has always been deprived of much international attention during the war chaos that drove the island for about three decades. The long history of the nation was studied upon to understand the reasons behind this unsettled dispute and still the dispute has not set in. The article gives a glimpse of Sasanka Perara's book WarZone Tourism in Sri Lanka which speaks volumes on the newly awakened travel and tourism in the history of Literature. Here there is an exponential seek into the memories, dilemmas and the hurtful past that occurred during the travel that the book takes us into. The study, in a way unravels a new area of research which is bound to expand with a considerable amount of time to be spent on these articulations of memory.

**Keyword:** Memory, warzone, tourism

Sri Lanka is an island country situated at the Northern tip of Indian mainland which has close connections with India from time immemorial through trades and travel. The island was shattered inwardly by the warfare that was fought from 1983 to 2009 between the Sinhala majority government and the militant group of the minority Tamils in the island, the LTTE. The three

decade old war came to end in 2009 with the brutal killing of the LTTE leader Velupilla Prabhakaran and the controversial killing of many tamils. The Rajapaksha regime still faces many allegations with regard to these brutal and inhuman killings, many of which escaped the interest of many outside nations.

My paper is an attempt to understand the horrific after effects of the Sri Lankan war that took place during the period and to understand the memory that it created in the minds of the Sinhala tourists who revisited these places through Sasanka Perara's Warzone Tourism in Sri Lanka: Tales from Darker Place in Paradise. The book is an ethnographic travel account through the perspectives of the Sinhala tourists to the war affected Northern provinces of Sri Lanka.

Warzone Tourism in Sri Lanka: Tales from Darker Places of Paradise by Sasanka Perara can be seen as a primary ethnography on travelling through the memory archives of a population that was haunted by the realities of a Civil War. The book is a sneak peek into the horrible remnants that are created by a foregone nightmarish warfare which created voids that remain unfilled even after many years. The book explores the contemporary socio political and cultural area of Northern Sri Lanka during the ceasefire and after the end of the war. The term warzone tourism encompasses the ethnographic tourist destinations that was once wavered by a three decade old war. The question of what travel and tourism means in a war encompassed society topples over the idea of tourism and travel as mere modes of rejoice. The halcyon impression that a tourist destination provides is altered completely by the horrific stature of warzone tourism that include witnessing monuments and war sites that act as remnants of a not so happy past.

The critical thought carried throughout the book gives an insight into the understanding of the travel writing as a form and mode of exhilarating the spirit. The focus moves from a utopian fantastic world that has been inculcated by the modes of travelling for over two centuries and more. The connection with the past and present becomes a reality where the otherwise fantasy world gets shifted from focus, only to induce a means of including travel and tourism with the war demolished sites that curtails mood of exhilaration and bring attention to the

reality that lingers around. The tales form a connection from the past which is not a tale of a harmonic past, but is one that ousts the present harmony.

The legacies of the Sri Lankan Civil War is brought from the etches of memory by the tourists who travel through these grave zones. The travel to these internal warzones happen in two distinct phases- the first one happens from 2002-2005, when the ceasefire agreement between the Sri Lankan government and the LTTE was in force. The second phase happens after the end of the war in 2010 when the major roads to the Northern provinces were open for the civilians without any restrictions. The book develops into a travel narrative and a preliminary ethnography of travel here. The nature and politics of the gaze that fell upon the war affected areas get analysed throughout the book. Perara in his book articulates the life and modes of living of the people who were destroyed by the war- who was once seen marginally, and who must have been met by the tourists, had there been peace prevailing in the island. The photography and representations of these warzones were deciphered as modes of constructing meaning to the silences which was constructed consciously and how these trails left back acquired the incessant attention of the travellers. These images created a pictorial contextualization of images that were recorded, tales that were heard and retold, and the kind of emergent narrative that sprouted from the background of a war affected island.

Sasanka Perara's book not only focus on the turbulent past of Sri Lanka which was haunted by three decade old Civil war but also is an intricate analysis on the search for the past and why people try to reconnect with their past.

Memory is a very complicated domain. The fragment of memory that is created in the mind of a populace who was blown in the winds by the most critical time in their life gets more connections here. This connection with the past, through the present is a reconfirmation of a distorted harmony through a very visceral, emotional and an embodied present.

The paper co-mingles and analyses tourism through its newer version of warzone tourism. Warzone tourism was dominant even in the earlier period where writing about the visit to places of sacred wars and lost civilizations had taken place. It was the kind of travel where a detached past was imagined and the constructive sites discovered to understand the way of living prevalent there. A long lost memory of war can take the form of a myth or a legend. The creation and recreation of such sites of memory pose themselves as a place around which myths and legends about the war and its aftermath revolves. The tourists in Perara's book carry a past with them- the past of a distorted reality. This distorted reality gains its importance only through emanating certain emotions and connections which was internalized in their memory, to understand the sense of their worlds in the present moment. The book tries to rewrite history in terms of the destructed, abused, and marginalized through exploring different sites of archives that predominantly speaks volumes about a life that was tampered underfoot in the name of territory and religion. The national Trust for Historic Preservation,2014 defines heritage tourism as "travelling to experience the places, artifacts and activities that authentically represent the stories and people of the past". Today, there is a wide range of study which includes the preservation of these sites of memory, which are the museums of war. These sites act as a trigger initiator that helps in bringing forth the many repressed tragic memories confronted during the time of the war.

On the psychological aspect, the tourists who tend to revisit these places may have been twice removed by reality. They might have been voluntary empathizers of a tragic event which has not yet been lived by them. This confrontation of a distanced reality may fulfill their thirst of understanding the reality behind their once alive counterparts, bringing them far more closer to the absurdity of the event that initiated all these. The war zone tourism undertaken to the southern parts of the island mainly had different emotions that raged from the return to the native place after a long exile that can be termed as the homecoming. The other end of emotion was the kind of heroic spirit that one had on knowing that the family had once heroically fought to withstand the army. Another set of emotional outburst was the kind of anger, desperation and rage

that one felt when he realized that everything he had called his family was not alive now.

The term "warzone" is used in the title to indicate the places where war was once active and affected the populace and landscape alike. The areas are hereafter identified as museums of distorted, fractured and haunted memories that underline them. The advent of travel in its modern form from a religious pilgrimage to one that was associated with ecstasy and relief is being border lined here.

John Urry in his work The Tourist Gaze (2002) observes that all tourists "embody a quest from authenticity and this quest is a modern version of the universal human concern which is sacred" (9).

The transformation of former battle zones to tourist elite places can be seen as a transition from the destructive, not so alluring places to one where recreation and respect can be earned. These are the places where memory still lingers. The multiple narratives that emerge from these places are seen as "poignant narratives of war history that shaped battle site tours" (Figal 91). A place of inhabitation which was destructed by the war gains importance only when there is a necessity for empathizing with the destructed. This integration of empathy can only be a resultant of the action of any of the five senses. Here comes into play the need for understanding, valuing and embodying the meanings of the silenced words and voices. As Perera notes:

a specific site of warzone curiosity or a ruin is not only what it is supposed to represent but also what it has excluded through under emphasis, exclusion or expulsion of people, narratives and memories. In this sense, tourist places or landscapes particularly in former warzones, cannot be simple domains of innocence without contradictions.(WTS 9)

Here warzone tourism explores the different identities and submerged voices which get a window to the world. The tourists here are people who strive and seek for the hidden voices of one of the most critical warzones in the world. The warzone tourism here becomes a kind of adventure where

"travelling through former warzones still contain obvious sign of battle, cooking one's food along the road and sometimes sleeping in the open and being told stories of war and heroism by soldiers and combatants"(WTS 10).

The book is significant in the academia for highlighting the events that took place during the times of ceasefire till the end, giving more face to face conversations with the people who once resided there.

## Works Cited

1. Perara, Sasanka.Warzone Tourism in Sri Lanka: Tales from Darker Place in Paradise, New Delhi: Sage, 2016.
2. Urry, John. The Tourist Gaze, Sage Publications. 2002

# Bonds and Linkages: Exploring the Life and Times of the Kumbharan

**Aravindh. P & Dr. S. Harikumar**

## Abstract

The Kumbharan are a community of potters who have been part of Kerala society for more than three centuries now. Over the years, the community has faced severe marginalization due to the prevalence of the caste system and intra-community links and restrictions. The poverty faced by the community and their plight in the modern world have not been documented properly. The present study seeks to understand how modern education and exposure to the outside world have brought in an inter-generational shift in attitudes and capabilities, triggering an escape from poverty and an attainment of upward social mobility.

**Keywords:** Marginalization, potter community, artisans, life course approach

Pottery has been one of the first industrial activities undertaken by human civilizations globally, with the activity discovered to pre-date agriculture in many regions. Archaeological evidence from Asia and Europe have

corroborated this fact, with the earth being moulded not into pottery but also terracotta sculptures and artefacts (Wu et al., 2012; Craig, et al., 2013; Keally, et. al., 2004; Vandiver, et al., 1989; (Kenoyer, 1991). Evidence for both wheel-made and handmade pottery has been found from multiple locations in Kerala, with Megalithic Age burial urns a prominent discovery at sites like Marayur and Porkulam (Thapar, 1952).

Pottery in present – day India continues to be a traditional activity carried out by certain artisan castes known as the Kumbharan, Kummara, Kumbaro, Prajapati,etc. in various regions of the country (Singh, 1998). Across India, the community has been observed to be socially backward and riddled in poverty (Jaitly, 1997; Parthasarathy, 1999; Perryman, 2000;Natrajan, 2011;).The rise of a hypercompetitive, globalized world order and subsequent Government policies that have done little to safeguard the livelihoods of such communities. Like most artisan communities they are left staring at a bleak future for their hereditary craft (Subrahmanian, 2006; Jena, 2010; Scrase, 2010).

The Kumbharan community of potters are one of the major communities in Kerala who are involved in the traditional occupation of pottery. Various accounts and documented works about the Kumbharan community describes their state of livelihood and social status as being low (Jinan, 2004; Jaitly, 1997). Sociological and anthropological accounts about the community by the likes of Thurston (1909), Iyer (1912), Menon (2002) and Singh,et al. (2002) have also depicted how the marginalization of the Kumbharan community is linked not only to their pitiable economic condition, but also to a social background that comes with a multitude of rituals, separate communal livelihood, rigid caste rules and a differentiated cultural background to the rest of Kerala society.

## Objectives and Methodology

The main objective of the present paper is to examine how inter-generational shifts in perception and exposure to the outside world among the Kumbharans have impacted the life courses of the community members. The study has been carried out under a qualitative framework, incorporating data

collected from detailed personal interviews and focus group discussions among the Kumbharan community members in various potter villages of Kerala. Potters from ten different villages located across Wayanad, Kozhikode, Malappuram, Palakkad, and Thrissur districts were chosen for the study.

The qualitative data collection was conducted over a period of over three months from January to March 2018. Initial interviews conducted at Padukad, Pathramangalam and Aruv□code were unstructured in nature, and potters were asked to narrate their life experiences directly. Subsequently, however, structured interviews were conducted in all the locations to get an idea of how each generation perceived the world based on their life experiences. Individuals including school going children, college graduates, middle-aged potters, and the elderly were subjected to the present study.

## The Kumbharan in Kerala Society

The word Kumbharan originates from the Sanskrit root 'Kumbhakar' which translates into potter. In Kerala, the community members are also known as the Kusavan. This term is an amalgamation of Ku meaning earth, and avan, a common personal termination in Malayalam (Thurston, 1909).The members of the community in Kerala trace their ancestors to present – day Andhra Pradesh and Telangana by way of their native language, which fundamentally has elements of Telugu in it.

The migration of the community members from Andhra to Kerala is considered to have been in search of raw material to carry out pottery production. They are noted to have undertaken a migration pattern running in the South-Western direction crossing the banks of the Kaveri in Tamil Nadu before entering Kerala through the gap in the Western Ghats at Palakkad. This view has been echoed by the likes of Iyer (1912) who states that the Kumbharan have mostly migrated to Kerala from the Tamil speaking regions of Madras and Tiruchirappalli.

The traditional potter in Kerala, belonging to the Kumbharan caste is considered among the sudra and is thus a polluting caste. The Kumbharans consider themselves to have been

descended from Brahmin father and sudramother, and thus to be above the other sudra castes in the society. They attribute their perceived caste superiority as the Vedas prescribe that sacrificial pots are to be crafter by the Brahmins themselves. The community members interviewed spoke with much pride about their superiority to other sudra as well as untouchable castes.

There exists another group of temple potters in Central Kerala and South Malabar, known as the Andura Nairs who were temple potters and ranked alongside menial temple servants in the classification of the Nair sub castes, like the Vattekkad Nair (oil mongers) and Odatt Nair (tile makers). The pottery produced by the Andura Nair was of superior quality compared to the products of the Kumbharan which were largely meant for consumption by commoners. The difference in quality was attributed to the use of their wares exclusively for temple rituals. The Andura Nair owing to their superior position in the caste hierarchy was considered among the Savarṇa castes. While the Andura Nair lived within the traditional Kerala village, the Kumbharan's place was outside its precincts, and they sold their wares outside the village perimeter (Schneider and Gough, 1961). However, the Andura Nair was a very minor sub-caste among the Nairs due to their small population, and in terms of overall number of practicing potters, they were far outstripped by the Kumbharans.

## Charting the Life of an Elder

The life stories of senior members of the Kumbharan community reflects the strong intra-community linkages, a prevalence to stick to age old customs and a reluctance to embrace modern trends in the labour market. The traditional lifestyle of the Kumbharan is almost completely centred on the earth. Until around a few decades ago when modern education started making inroads into the community, the population was illiterate, and the sole education received by an individual in his childhood was the technique used to craft articles on the wheel. Every male child born into the community was expected to take up the hereditary occupation of pottery in line with the rules

of the caste system which locked an individual into his/her traditional occupation.

